# മലങ്കരസഭ

ജൂൺ 2020 _വില ₹20

മാസിക



**പള്ളികൾ
തുറക്കുന്നത്
ക്രിസ്തുവിലേക്കുള്ള
ദൂരം നടന്നു
തീർക്കാനാകണം!!**




വര: ക്രിസ്റ്റി ശെമ്മാശ്ശൻ
പഴയ സെമിനാരി വിദ്യാർത്ഥി

മലങ്കരസഭ
മാസിക

മലങ്കര സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം . 2020 ജൂൺ . ലക്കം 6 . പുസ്തകം 74 . വില ₹ 20

പുതിയ കാലം മുന്നോട്ടു വെയ്ക്കുന്ന
സാധ്യതകളെയും തടസ്സങ്ങളെയും ചൊല്ലിയുള്ള
സംവാദങ്ങളുടെ പെരുമഴക്കാലം കൂടെയാണീ നാളുകൾ.
ദേവാലയബദ്ധമായ മതജീവിതത്തിന്റെ
പുനരാകലിനെ പ്രതിയുള്ള വിചാരങ്ങളാണ്
നമ്മുടെ ചിന്താപരിസരങ്ങളിലേറെയുമുയരുന്നത്.

പുതിയ കാലത്തിലേക്കുള്ള പ്രവേശനം
പുതിയ ദേശത്തിലേക്കുള്ള പ്രയാണം പോലെയാണ്.
അനാസൂത്രിതമായ സാഹസികത ആവശ്യപ്പെടുന്ന ഒന്നാണത്.
ശ്ലീഹന്മാരുടെ ഓർമ്മകൾ വെളിച്ചമാകുന്നതിവിടെയാണ്.
ക്രിസ്തുശിഷ്യന്മാരെ നോക്കുക,
വ്യത്യസ്ത ദേശങ്ങളിലേക്കാണ് യാത്ര.
പുതിയ വഴികൾ. പുതിയ ഭാഷകൾ.
നാഗരികതകൾ. സംസ്ക്കാരങ്ങൾ. സമീപനങ്ങൾ.
അടിച്ചമർത്തലുകൾ. അധിക്ഷേപങ്ങൾ. വധശ്രമങ്ങൾ.
അങ്ങനെയെന്തെല്ലാം!
മാത്രമല്ല, അവർ പറയാൻ ശ്രമിച്ചതൊക്കെയും ഇതുവരെ കേട്ടുകേൾവിയില്ലാത്തതും.
മരിച്ചവൻ മൂന്നാം നാൾ ജീവിച്ചെഴുന്നേറ്റു: ശത്രുവിനെ സ്നേഹിക്കുക;
സകലവും പൊതുവക എന്നെണ്ണുക.
അങ്ങനെയെന്തെല്ലാം!
ശരിക്കും, എത്രമേൽ അവിശ്വസനീയമായ സംഗതികൾ!
**എന്നിട്ടും അവർ പറഞ്ഞുകൊണ്ടിരുന്നു.**
**പറയുക മാത്രമല്ല, പറഞ്ഞതിൻ പ്രകാരം ജീവിക്കുകയും ചെയ്തു.**

ഒരുപക്ഷേ,
മാർത്തോമ്മാ ശ്ലീഹാ ഭാരതമെത്താൻ താണ്ടിയതിലുമധികം ദൂരം
നമ്മുടെ വാക്കിനും പ്രവൃത്തിക്കുമിടയിൽ വന്നതുകൊണ്ടാവുമോ
ആരാധനാലയങ്ങൾ തുറക്കാൻ എന്താണിത്ര ധൃതി എന്നൊക്കെ ചോദ്യമുയരുന്നത്?
പള്ളികൾ തുറക്കുന്നത് ക്രിസ്തുവിലേക്കുള്ള ദൂരം നടന്ന് തീർക്കുന്നതിനാകണം.
അപ്പൊസ്തലപ്രവൃത്തികളുടെ ആദിതാളം വീണ്ടെടുക്കുന്നതിനാകണം.

നിശ്ചയമായും,
തന്നെ അനുഗമിക്കുന്നവരുടെ നിലപാട് ക്രിസ്തുവിന്റേതാകുമ്പോഴാണ്
ഏത് മരണമുഖവും ഉയിർത്തെഴുന്നേല്പിന്റെ കവാടമാകുന്നത്!
ഏത് പ്രതിസന്ധിയും പുതിയ അവസരമാകുന്നത്.

സഖേർ

**മലങ്കരസഭ മാസിക**
കാതോലിക്കേറ്റ് അരമന,
ദേവലോകം,
കോട്ടയം-04
ഫോൺ: 0481- 2573234

**പ്രസിഡന്റ്**
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
**ചീഫ് എഡിറ്റർ**
ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം
**സബ് എഡിറ്റർ**
ഫാ. അലക്സ് തോമസ് നാഴൂരിമറ്റത്തിൽ

**അംഗങ്ങൾ**
ഫാ.ഡോ.റ്റി.ജെ. ജോഷ്വാ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
അഡ്വ.ബിജു ഉമ്മൻ
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

മൊബൈൽ: 9744648617, 9947804477, ഇ.മെയിൽ: malankarasabha1946@gmail.com, sabhamasika@yahoo.com,

07 **പിതാവിങ്കലേക്കുള്ള സഞ്ചാരപഥം**
ഫാ. കെ.പി. മർക്കോസ് കളപ്പുരയിൽ

10 **വിശ്വാസികളുടെ സഭാത്യാഗം...**
ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്

16 **നമുക്കും വേണം മാറ്റം**
ഡോ. പോൾ മണലിൽ

18 **കുടുംബം സന്തോഷത്തിന്റെ സാഫല്യം**
ഡോ. സി.ജെ. റോയി

20 **കിരീടവും ചെങ്കോലും**
ഡോ. പ്രതീഷ് സി. മാമ്മൻ

23 **ശ്ലീഹാ നോമ്പ് റൂഹാഗമന കാലം**
ഫാ. കുറിയാക്കോസ് ജോർജ് ജിജോ, തിരുവനന്തപുരം

24 **മനുഷ്യാ നീ മണ്ണാകുന്നു**
ഫാ. എബി സി. ഫിലിപ്പ്

26 **കുട്ടികളും പിന്നെ നമ്മളും**
മെർലിൻ മാത്യു പുത്തൻകാവ്

29 **മാറ്റങ്ങളുടെ കാലം**
ഹന്ന വി.ആർ.

30 **ഭാരതീയനായ ആദ്യ കാതോലിക്കാ**
ഫാ. സൈമൺ ജേക്കബ് മാത്യു, അയിരൂർ

32 **കാത്തിരിപ്പ്**
ബിനു ഏബ്രഹാം കാരാണിക്കുളം

**മലങ്കരസഭ**
മാസിക
2020 ജൂൺ . ലക്കം 6 . പുസ്തകം 74



**മുഖചിത്രം,കല**
അമേക, കൊച്ചി

**സർക്കുലേഷൻ മാനേജർ**
കെ.എ. ജോൺ
9744648617
**അക്കൗണ്ടന്റ്**
ബിജു വർക്കി
9947804477
**ഗ്രാഫിക് ഡിസൈൻ**
ജിന്റോ കുറിച്ചി
9947124980

**Bank**
**S.B.I Devalokam, Account Name & Number- Malankara Sabha (57017053203)**
**IFSC Code - SBI N 0070820**

Read online:
**www.malankarasabhaonline.com**



# മഹാപുരോഹിത സന്ദേശം

ദൈവത്തിന്റെ പരിശുദ്ധ സഭയെ ലോകത്തിൽ നട്ടു വളർത്തിയ പരിശുദ്ധ ശ്ലീഹന്മാരുടെ ജീവിതത്തെ പ്രത്യേകം ധ്യാനിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്യുന്ന പുണ്യദിനങ്ങളാകുന്ന ശ്ലീഹാ നോമ്പിലേക്ക് നാം പ്രവേശിക്കുന്ന സമയമാണല്ലോ ഇത്. വി. മർക്കോസ് 3:13-15 വരെയുള്ള ഭാഗത്ത് യേശുതമ്പുരാൻ തന്റെ ശിഷ്യർക്കുള്ള നിയോഗങ്ങളെ മനോഹരമായി വെളിപ്പെടുത്തുന്നുണ്ട്. "അവൻ തനിക്ക് ബോധിച്ചവരെ അരികെ വിളിച്ചു" (V.13) എന്നതാണ് ക്രിസ്തീയ ശിഷ്യത്വത്തിന്റെ അടിസ്ഥാനപ്രമാണം. ദൈവം തന്റെ കൃപയിലാണ് നമ്മെ വിളിച്ചതെന്നും അവന്റെ ഹൃദയസ്നേഹത്തിന്റെ ആഴമാണ് നമ്മെ ശിഷ്യത്വത്തിന്റെ പാതയിൽ നിലനിർത്തുന്നത് എന്നുമുള്ള ബോധ്യമാണ് ഓരോ വിശ്വാസിക്കും ഈ നോമ്പിൽ പ്രധാനമായും ഉണ്ടാകേണ്ടത്. "അവനോട് കൂടെയായിരിക്കുക" (V.14) എന്നതാണ് ശിഷ്യന്റെ പ്രധാന കടമ എന്നത് മറന്നുപോകുന്ന ഒരു ശിഷ്യസമൂഹമാണ് ഇന്നിന്റെ പ്രധാന അപചയം എന്ന് പറയാതെ വയ്യ. അവന്റെ സഹനങ്ങളുടെ കാസായിലും ദൈവരാജ്യശുശ്രൂഷയിലും അവനോടൊപ്പം ഉണർന്നും ജാഗരിച്ചും അധ്വാനിച്ചും പങ്കുകാരാവുക എന്നതിലാണ് ശിഷ്യത്വത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് എന്ന തിരിച്ചറിവും ഈ നാളുകളിൽ നമ്മെ ബലപ്പെടുത്തേണ്ടതുണ്ട്. സുവിശേഷത്തെ രുചിച്ചറിയുകയും ജീവിതംകൊണ്ടും വചനംകൊണ്ടും അതിലെ ആത്മീയ സത്യങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നതാണ് ക്രിസ്തീയ ശിഷ്യത്വത്തിന്റെ ശ്രേഷ്ഠമായ ഉത്തരവാദിത്വം (V.14). നമ്മുടെ സെദ്റ പ്രാർത്ഥനയിൽ രേഖപ്പെടുത്തിയിരിക്കുന്നപ്രകാരം സുവിശേഷം പ്രഘോഷിച്ച ശ്ലീഹന്മാർ "ലോകത്തിന്റെ വലതുഭാഗത്ത് വിശ്വാസ വലവീശി അനവധി ആത്മാക്കളെ പിടിച്ച് നിറയ്ക്കുകയും ശോഭിത ദീപങ്ങളാകുന്ന ഇവർ ഭൂമിയിൽ നിന്ന് ഇരുണ്ട രാത്രിയെ നീക്കം ചെയ്യുകയും ചെയ്തു". നമ്മുടെ പിതാവായ വി. മാർത്തോമ്മാ ശ്ലീഹായും ഭാരതത്തിൽ നിർവ്വഹിച്ച ശ്ലൈഹിക ശുശ്രൂഷയുടെ ധന്യതയിലാണ് അന്ധകാരം നിറഞ്ഞ ഈ ഭൂമിയിലെ മക്കളും സുവിശേഷവെളിച്ചത്തിലേക്ക് ആനയിക്കപ്പെട്ടതെന്ന് നാം വിസ്മരിച്ചുപോകരുത്. ഈ അന്ധകാരത്തിന്റെ അവിശ്വാസമാകുന്ന ദുഷ്ട ശക്തികളെ പുറത്താക്കുന്ന ശുശ്രൂഷയും (V.15) ശിഷ്യത്വത്തിന്റെ ആഴത്തെ വെളിപ്പെടുത്തുന്നതാണ്. ആയതിനാൽ "അവിശ്വാസത്തിന്റെ അഴുക്കിനെ നീക്കിക്കളയുന്ന ആത്മീയ ലവണവും ഭൂലോകത്തിന്റെ സഹായത്തിന് മശിഹാതമ്പുരാന്റെ മുറിവുകളെ സ്വന്തം ദേഹത്തിൽ വഹിക്കുന്നവരുമായ ശ്ലീഹന്മാരുടെ" പരിശുദ്ധ നോമ്പാചരണം ഈ മഹാമാരിയുടെ കാലത്ത് നമുക്ക് ആശ്വാസവും ബലവും പകർന്ന് നൽകുകയും നമ്മെ യഥാർത്ഥ ക്രിസ്തീയ ശിഷ്യത്വത്തിന്റെ പാതയിൽ ഉറപ്പിച്ച് നിർത്തുകയും ചെയ്യട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**






സന്ദേഹത്താൽ സാക്ഷാൽ കർത്താവാം ദൈവത്തെ
തെളിവായറിവിൻ ജ്ഞാനം നേടിയ തോമാശ്ലീഹാ
സുവിശേഷിപ്പാൻ പലനാടുകളിൽ ചുറ്റിനടന്നാൻ
ഒടുവിൽ ദക്ഷിണ ഭാരതമതിലൊരു ഖലനാൽ ഹതനായ്

# പിതാവിങ്കലേക്കുള്ള സഞ്ചാരപഥം

**ഫാ. കെ.പി. മർക്കോസ് കളപ്പുരയിൽ**
മലബാർ ഭദ്രാസനം

ചരിത്രത്താളുകളിൽ മിക്കപ്പോഴും അന്വേഷണങ്ങൾക്കും തൽഫലമായ പ്രവർത്തനങ്ങൾക്കുമാണ് പ്രാമുഖ്യം കൂടുതൽ ലഭ്യമാകുന്നത്. അതുകൊണ്ടുതന്നെ ഭാരതത്തിന്റെ അപ്പോസ്തോലനായ വി. തോമാശ്ലീഹായുടെ കർമ്മമണ്ഡലം വിശകലനം ചെയ്യാൻ ഉചിതമായ വേദഭാഗമാണ് വി. യോഹ. 14:5. തന്റെ ഗുരു പരിചയപ്പെടുത്തിയ സ്രഷ്ടാവായ പിതാവാം ദൈവത്തിലേക്കുള്ള വഴി അന്വേഷിക്കുന്നവനായ തോമാശ്ലീഹാ. "കർത്താവേ നീ എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി എങ്ങനെ അറിയും".



സുവിശേഷത്തെ ഭൂമിയുടെ അറ്റത്തോളം എത്തിക്കുവാനുള്ള ഗുരുവിന്റെ ആജ്ഞയെ അക്ഷരംപ്രതി ശിരസ്സാവഹിച്ച മറ്റൊരു ശ്ലീഹാ ഉണ്ടെന്ന് തോന്നുന്നില്ല. ഗലീലായിലും യരുശലേമിലും ഭാരതത്തിലും പേർഷ്യയിലും മാറ്റമില്ലാതെ തുടർന്ന ഈ ദൗത്യത്തിന്റെ വേറിട്ട ശൈലി എ.ഡി. 52 മുതൽ 72 വരെയുള്ള രണ്ട് ദശാബ്ദക്കാലത്തെ ക്രിസ്തു മാർഗ്ഗത്തിന്റെ ചരിത്രമായി രേഖപ്പെടുത്താൻ ശ്ലീഹായ്ക്കു കഴിഞ്ഞത് അവൻ പിതാവിലേക്കുള്ള മാർഗ്ഗം പുത്രനോട് അന്വേഷിക്കുകയും, ആ മാർഗ്ഗത്തെ വിശ്വാസ സമൂഹത്തിന് പകർന്ന് നൽകുകയും അതിലൂടെ അനേകരെ കൈപിടിച്ച് നടത്തുകയും ചെയ്ത യഥാർത്ഥ ക്രിസ്തു ശിഷ്യനായതുകൊണ്ടാണ്. ക്രിസ്തുവിനോട് ചോദിച്ച് ജീവിതത്തിൽ ആർജിച്ചെടുത്ത "വഴി" ശ്ലീഹാ അനേകർക്ക് പകർന്നു നൽകിയത് വേറിട്ട ഭാഷയിലും മാർഗ്ഗത്തിലും ക്രമത്തിലുമാണ്. ഈ വ്യതിരിക്തതകൾ അനേകർക്ക് ദൈവാനുഭവത്തെ പകർന്നു നൽകി എന്നതിന് ചരിത്രം സാക്ഷ്യം നൽകുന്നു.

## സ്നേഹത്തിന്റെ ഭാഷ

വിശുദ്ധ തോമാശ്ലീഹായുടെ ഭാഷ സ്നേഹത്തിന്റെ ഭാഷയാണ്. അത് തന്റെ ഗുരുവിലൂടെ ലഭിച്ച സുവിശേഷത്തിന്റെ ഭാഷയാണ്. ജ്ഞാനത്തിന്റെ ഇരിപ്പിടം ശിരസ്സാണെങ്കിൽ സ്നേഹത്തിന്റെ ഇരിപ്പിടം ഹൃദയമാണെന്നാണ് വിവക്ഷിക്കുന്നത്. ഗുരുവിന്റെ ഹൃദയത്തിൽ, അവന്റെ വിലാവിൽ കൈ നീട്ടി സ്പർശിച്ചു കൊണ്ടാണ് തന്റെ ദൗത്യത്തെ ശ്ലീഹാ ഹൃദയത്തോട് ചേർക്കുന്നത്. (വി. യോഹ. 20:27-28). അതുകൊണ്ടാവാം വൈജ്ഞാനിക ഭാഷയെക്കാൾ തന്റെ ഗുരുവിനെപ്പോലെ സ്നേഹത്തിന്റെ ഭാഷയിൽ മനുഷ്യനോട് സുവിശേഷം സംവദിക്കുവാൻ ശ്ലീഹായ്ക്ക് കഴിഞ്ഞത്. അരാമ്യ, എബ്രായ ഭാഷയിൽ സംസാരിച്ചിരുന്നവൻ ഭാഷാജ്ഞാനം കൊണ്ടല്ല ഭാരതത്തിൽ സുവിശേഷത്തിന്റെ വാഹകനായത്. മറിച്ച്, സകല ജീവജാലങ്ങൾക്കും മനസിലാകുന്ന സ്നേഹത്തിന്റെ ഭാഷ കൊണ്ടാണ്.

ഗുരുവിന്റെ ചങ്കിൽത്തൊട്ട് സ്നേഹം സ്വായത്തമാക്കിയവൻ തന്നെ ചങ്ക് പിളർന്നു കൊണ്ടാണ് ആ സ്നേഹത്തെ പ്രതിഫലിപ്പിച്ചത്. ജീവൻ വെടിഞ്ഞതിനു ശേഷമാണ് ഗുരുവിന്റെ വിലാവ് കുത്തിത്തുറക്കപ്പെട്ടതെങ്കിൽ ജീവനോടെ തന്നെ തന്റെ വിലാവ് കുത്തിത്തുറക്കുന്ന കഠിനതയെ സ്വീകരിച്ചു കൊണ്ടാണ് തോമാശ്ലീഹാ ക്രിസ്തുമാർഗ്ഗത്തെ പിൻപറ്റിയത്. കഷ്ടതയെ സ്വീകരിച്ചു കൊണ്ട് സ്നേഹത്തെ നൽകിയ ക്രിസ്തുവിനെ സ്വീകരിച്ചവന് ആ സ്നേഹത്തിന്റെ ഭാഷയല്ലാതെ മറ്റെന്താണ് സംവേദന മാധ്യമമായി ഉപയോഗിക്കാനാവുക? അപ്പോസ്തോലത്വത്തിന്റെ പൂർത്തീകരണം തോമാശ്ലീഹായ്ക്ക് നൽകുന്നതിനുവേണ്ടി മാത്രം ഒരിക്കൽക്കൂടി പ്രത്യക്ഷനായി തന്റെ ചങ്കിൽ തൊടുവാൻ പ്രിയശിഷ്യനെ കാണിക്കുന്ന ഒരു പിതൃസ്നേഹത്തിന്റെ സ്വീകർത്താവിന് ആ സ്നേഹത്തിന്റെ ഭാഷയല്ലാതെ മറ്റെന്താണ് പകർന്നു നൽകാനുണ്ടാവുക?

## കാരുണ്യത്തിന്റെ മാർഗ്ഗം

ദൈവശാസ്ത്രജ്ഞരാകുന്നതിനേക്കാൾ ദൈവാനുഭവമുള്ളവരാകുന്നതിനുള്ള പ്രവർത്തന ശൈലിയായിരുന്നു തോമാശ്ലീഹായുടേത്. ഇന്ന് പലപ്പോഴും അന്യം നിന്നുപോകുന്ന കാരുണ്യത്തിന്റെ മാർഗ്ഗമാണ് അത്. അറിവിനപ്പുറമായി അനുഭവത്തിലൂടെ പിതാവിലേക്ക് യാത്ര ചെയ്തെത്താനുള്ള മാർഗ്ഗമാണ് ശ്ലീഹാ അനുവർത്തിച്ചതും ആ ശൈലിയാണ് അനേകരെ ആകർഷിച്ചതും. ദൈവാനുഭവത്തിലേക്ക് നയിക്കാൻ ഈ കാരുണ്യത്തിന്റെ മാർഗ്ഗമാണ് സാധ്യമാവുന്നതെന്നുള്ള തിരിച്ചറിവാണ് പ. പരുമല തിരുമേനിയും മദർ തെരേസയും പോലുള്ളവർ സ്വജീവിതത്തിലൂടെ ഊട്ടിയുറപ്പിച്ചത്.

ധനവാൻ സ്വർഗരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം (വി. മർക്കോസ് 10:25) എന്നാണ് ക്രിസ്തുവചനം. ധനവാന് അവന്റെ ധനം കൊണ്ട് സ്വർഗരാജ്യത്തിന്റെ അവകാശത്തിലേക്ക് നടന്നടുക്കാൻ പ്രയാസമാണെന്നാണ് വ്യംഗ്യാർത്ഥം. എന്നാൽ, തോമാ ശ്ലീഹായുടെ കാരുണ്യത്തിന്റെ മാർഗ്ഗം, ധനവാനെ അവന്റെ ധനം കൊണ്ടും ദരിദ്രനെ കരുണ കൊണ്ടും സ്വർഗരാജ്യത്തിൽ എത്തിക്കുവാൻ പര്യാപ്തമായിരുന്നു. എ.ഡി. 144-നും, 222 നും മദ്ധ്യേ എഡേസായിൽ ജീവിച്ച "ബർദൈസോൻ" രചിച്ച 'Acta Thoma' എന്ന ഗ്രന്ഥത്തിൽ, മാർത്തോമ്മാ ശ്ലീഹായുടെ ഗോണ്ടഫോറസ് രാജാവുമായുള്ള ബന്ധവും കൊട്ടാരം പണിയുടെ ചരിത്രവും പ്രതിപാദിച്ചിട്ടുണ്ട്. ധനവാന് ദൈവരാജ്യ അവകാശത്തിന് തടസമാകുമായിരുന്ന ധനം സ്നേഹത്തിന്റെ ഭാഷയിലൂടെ കാരുണ്യത്തിന്റെ മാർഗ്ഗത്തിൽ ശ്ലീഹായാൽ വിനിയോഗിക്കപ്പെട്ടപ്പോൾ അത് ധനവാനും ദരിദ്രനും സ്വർഗരാജ്യ അവകാശം കൈവശമാക്കുന്നതിന് ഉപോൽബലമായിത്തീർന്നു. അതാണ് ശ്ലീഹായുടെ കാരുണ്യമാർഗ്ഗത്തിന്റെ പ്രത്യേകതയും സ്വീകാര്യതയും. മഹാവ്യാധികളും മഹായാതനകളും നമ്മെ നിശബ്ദരാക്കുന്ന കാലഘട്ടത്തിൽ സുലഭമായ ധനവ്യയ ശൈലിക്കപ്പുറം ഇനി കാരുണ്യത്തിന്റെ മാർഗ്ഗത്തിലേക്ക് മാർത്തോമൻ മക്കൾ ഏറെ നടന്നടുക്കേണ്ടതുണ്ട്.

## ദാസ-നേതൃത്വം

(Servant Leadership)

പിതാവിലേക്ക് എത്തുന്നതിനുള്ള വഴി അന്വേഷിച്ച മാർത്തോമ്മാ ശ്ലീഹായ്ക്ക് ആ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ സ്വീകരിക്കേണ്ട ജീവിതക്രമം തന്റെ ഗുരുവിൽ നിന്ന് ലഭിച്ചിരുന്നു. ലാളിത്യത്തിന്റെ ജീവിതക്രമമായിരുന്നു

അത്. സ്വയം ശൂന്യവൽക്കരിക്കപ്പെട്ട് ശൂന്യതയിൽ ജനിച്ച് ശൂന്യമായിത്തന്നെ ജീവിച്ച ക്രിസ്തുവാണ് ലാളിത്യത്തിന്റെ ഉദാത്ത മാതൃക നൽകിയത്. വി. മത്തായി 20:28–ൽ ക്രിസ്തു തന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നത് “മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്” എന്നാണല്ലോ. സ്വയം ദാസരൂപമെടുത്ത് ഒരു ജനതയെ പ്രകാശത്തിലേക്ക് നയിക്കുന്ന ക്രിസ്തുവിന്റെ നേതൃത്വഭാവം, Servant Leadership. അതാണ് തോമാശ്ലീഹാ തന്റെ ജീവിതക്രമത്തിലും അനുവർത്തിച്ചത്. ശുശ്രൂഷകനായി തന്നെത്തന്നെ നിലനിർത്തുക എന്നതാണ് ഒരു സുവിശേഷകന്റെ ജീവിതക്രമം. ആ ക്രമമാണ് ശ്ലീഹായുടെ ജീവിതത്തിലും ഊർജം നൽകിയത്. യഹൂദ്യായിലും ഗലീലയിലും ശമര്യയിലും ചുറ്റിനടന്ന്” സഞ്ചാരകനായി ജീവിതം സമർപ്പിച്ച ഗുരുവിനെപ്പോലെ ഭൂമിയുടെ അറ്റത്തോളമെന്ന് വിവക്ഷിക്കാവുന്ന വിധത്തിൽ ചുറ്റി നടന്ന ശ്ലീഹാ, ദൈവജനത്തിന് സ്വർഗത്തിൽ ഇരിപ്പിടവും ആരാധനയ്ക്കായി ഏഴരപ്പള്ളികളും സ്ഥാപിച്ചുവെങ്കിലും സ്വന്ത സമ്പാദ്യമായി നേടിയത് മൈലാപ്പൂർ ചിന്നമലയിൽ സമർപ്പിക്കപ്പെട്ട സ്വജീവിതം മാത്രമായിരുന്നു. തന്റെ ഗുരു മൂന്ന് മണിക്കൂർ കുരിശിൽ കിടന്നുവെങ്കിൽ പ്രിയ ശിഷ്യൻ മൂന്ന് ദിവസം ആ വേദനകൾ അനുഭവിച്ചാണ് ലോകത്തിന് സാക്ഷ്യം നൽകിയത്. ധനവാനിൽ നിന്ന് വാങ്ങി ദരിദ്രർക്കിടയിലേക്കിറങ്ങി ദൈവരാജ്യത്തിന്റെ സമ്പന്നതയിലും ഇഹലോക ജീവിതത്തിന്റെ ലാളിത്യ ക്രമത്തിലും സഞ്ചരിച്ച ശ്ലീഹാ സുവിശഷകന്റെ ജീവിതക്രമം നസ്രാണി മാർഗ്ഗത്തിന് പകർന്നു നൽകി. പട്ടിണിയുടേയും പ്രതിസന്ധികളുടേയും ജീവിത സാഹചര്യത്തിനുള്ളിൽ നിന്നു കൊണ്ട് 25000–ൽ അധികം മനുഷ്യരെ ദൈവാനുഭവത്തിലേക്കെത്തിച്ച സ്ലീബാദാസ സമൂഹ സ്ഥാപകൻ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി ഈ ദാസ നേതൃത്വത്തിന്റെ ദൃഢത വെളിപ്പെടുത്തിയ വന്ദ്യ പിതാവാണ്. ഒരു യഥാർത്ഥ സുവിശേഷകന്റെ ജീവിത ക്രമം ഇങ്ങനെയാണ് ലോകത്തിന് നറുവെളിച്ചം നൽകേണ്ടത്.

വി. തോമാശ്ലീഹായുടെ ഓർമ്മ ദിവസത്തെ പ്രഭാത നമസ്ക്കാരത്തിന്റെ സെദറാ പ്രാർത്ഥനയിൽ ശ്ലീഹായെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. “സഹായങ്ങളാലും വിവിധ സ്വാസ്ഥ്യവരത്താലും മഹത്തര ദാനങ്ങളാലും വിസ്മയനീയ പ്രവർത്തനങ്ങളാലും സൃഷ്ടിയെ ശോഭനമാക്കുന്ന പ്രകാശ സൂര്യനെപ്പോലെ താൻ സകലരേയും പ്രശോഭിപ്പിച്ചു.” തന്നിൽ ഏൽപ്പിക്കപ്പെട്ട മനുഷ്യരെ ഇപ്രകാരം പ്രശോഭിപ്പിക്കുവാൻ ശ്ലീഹായ്ക്ക് സാധിച്ചത് തന്റെ ഗുരുവിനോട് അന്വേഷിച്ചറിഞ്ഞ സ്രഷ്ടാവായ പിതാവിലേക്കുള്ള വഴിയും അതിലൂടെയുള്ള യാത്രയുമാണ്. സ്നേഹത്തിന്റെ ഭാഷയും കാരുണ്യത്തിന്റെ മാർഗ്ഗവും ദാസ-നേതൃത്വവും ആ വഴിയിലൂടെയുള്ള യാത്രയുടെ അവിഭാജ്യ ഘടകങ്ങളായിരുന്നു. ഭൂമിയുടെ അറ്റത്തോളം സാക്ഷികൾ ആകുന്നതിനുള്ള സാക്ഷ്യത്തിന്റെ ദൗത്യം നിർവഹിച്ചത് ഈ ഘടകങ്ങളിലൂടെയാണ്. വിമോചനത്തിന്റെ പുതിയ ചക്രവാളങ്ങളിലേക്ക് മനുഷ്യ വംശത്തെ നയിക്കാൻ പിതാവാം ദൈവത്തിങ്കലേക്കുള്ള വഴിയിലൂടെ ക്രിസ്തുവിനെ അനുധാവനം ചെയ്യാൻ “തോമാമാർഗ്ഗം” ശാക്തീകരിക്കട്ടെ.

## പ. സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന

സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവമേ! ബലഹീനരും പാപികളുമായ ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോടുത്തരമരുളണമെ. അവിടുത്തെ ഏകജാതന്റെ തിരുരക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടതും വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതുമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കു വേണ്ടി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. സത്യവിശ്വാസമാകുന്ന പാറമേൽ പണിയപ്പെട്ടിരിക്കുന്നതും പാതാള ഗോപുരങ്ങൾക്ക് ജയിക്കാൻ കഴിയാത്തതുമായ ഈ സഭയെ ഇന്നേയോളം കാത്തുപരിപാലിച്ചതിനായി നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ദൈവമേ, നിന്റെ സഭയിൽ നിന്ന് തർക്കങ്ങളെയും കലഹങ്ങളെയും വ്യവഹാരങ്ങളെയും ഭിന്നതകളെയും നീക്കിക്കളയണമെ. പൈശാചിക തന്ത്രങ്ങളും ദുഷ്പ്രേരണകളും കപടതയും പ്രവേശിക്കാതെ വി. സ്ലീബായാൽ ഇതിന്റെ വാതിൽപ്പടികളിൽ മുദ്രയിടണമെ. അധികാരികളുടെ പീഡനത്തിൽ നിന്നും സഭയെ നീ കാത്തുകൊള്ളണമെ. ആത്മീയ ജീർണ്ണതയും അച്ചടക്കരാഹിത്യവും സ്വാർത്ഥമോഹങ്ങളും സഭയുടെ എല്ലാ കോണുകളിൽ നിന്നും അകറ്റേണമെ. നിന്റെ ഏകപുത്രന്റെ മനുഷ്യാവതാരത്തേയും കുരിശുമരണത്തെയും പ്രതി നീതിയും സമാധാനവും സഭയിൽ വാഴുമാറാകണമെ. ഞങ്ങളുടെ പാപങ്ങൾ നിമിത്തം സഭയെ നീ ശിക്ഷിക്കരുതെ. അസത്യങ്ങളിൽ നിന്നും അപവാദ പ്രചരണങ്ങളിൽ നിന്നും വേദവിപരീതങ്ങളിൽ നിന്നും നിന്റെ സഭയെ നീ വീണ്ടുകൊള്ളണമെ. സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെ നീ ഇതിൽ എഴുന്നേൽപ്പിക്കണമെ. സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവായെയും എല്ലാ മേൽപട്ടക്കാരെയും വൈദികരെയും ശെമ്മാശന്മാരെയും സന്യസ്തരെയും നീ അനുഗ്രഹിക്കണമെ. സഭാമക്കളെ പരിപാകതയാൽ നിറയ്ക്കണമെ. കുടുംബങ്ങളിൽ ശാന്തി പകരണമെ. ഞങ്ങൾക്ക് ദോഷകരവും നാശകരവുമായി വരുന്ന സകലതിനെയും നിന്റെ കൃപയാൽ ഗുണകരവും പ്രയോജനകരവുമാക്കിത്തീർക്കണമെ. ഞങ്ങളുടെ വാങ്ങിപ്പോയവരെ നീ ആശ്വസിപ്പിക്കണമെ. ദൈവമാതാവായ വി. കന്യകമറിയാമിന്റെയും വി. മാർത്തോമ്മാ ശ്ലീഹായുടെയും മലങ്കരയുടെ പരിശുദ്ധന്മാരായ മാർ ഗ്രീഗോറിയോസിന്റെയും യൽദോ മാർ ബസേലിയോസിന്റെയും മാർ ദിവന്നാസിയോസിന്റെയും സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ ഞങ്ങളെ അനുഗ്രഹിക്കണമെ. എല്ലാ പള്ളികളിൽ നിന്നും ദയറാകളിൽ നിന്നും ഭവനങ്ങളിൽ നിന്നും നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമെ. ആമ്മീൻ.

# വിശ്വാസികളുടെ സഭാത്യാഗം: ചില പ്രത്യക്ഷ കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും

■ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിശ്വാസവും ആരാധനയും ആദ്ധ്യാത്മീകതയും വളരെ പുരാതനവും അതീവ മനോഹാരിതയുള്ളവയും വിശ്വാസികളുടെ രക്ഷയ്ക്കുതകുന്നവയുമാണ്. ലോകത്തിലുള്ള വ്യവസ്ഥാപിത ക്രൈസ്തവരുടെയിടയിൽ വിശ്വാസത്തിന്റെയും ആരാധനയുടെയും കാര്യത്തിൽ എപ്പോഴും ഒന്നാം സ്ഥാനം സുറിയാനി സഭയ്ക്കാണെന്ന് നിസംശയം പറയാവുന്നതാണ്. എന്നാൽ സഭയുടെ അതിസമ്പന്നമായ ആദ്ധ്യാത്മിക സംസ്കാരവും ആരാധനയും അതുല്യവും ശ്രേഷ്ഠതയുള്ളവയും ആണെങ്കിലും വർത്തമാന കാലഘട്ടത്തിൽ സഭാമക്കളിൽ ചിലരെങ്കിലും വിശ്വാസത്യാഗം നടത്തി സഭ വിട്ടുപോകുന്നുവെന്നത് യാഥാർത്ഥ്യമാണ്. വിശ്വാസത്യാഗത്തിന് വിവിധ കാരണങ്ങൾ പലയിടങ്ങളിൽ നിന്നും പറഞ്ഞുകേൾക്കാമെങ്കിലും യഥാർത്ഥ കാരണങ്ങൾ മനസിലാക്കി പരിഹാര നിർദ്ദേശങ്ങൾ ഉണ്ടാകണമെന്ന് സഭാ മാനേജിംഗ് കമ്മിറ്റിയിൽ നിർദ്ദേശം ഉണ്ടാകുകയും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അത് ഗൗരവ്വപൂർവ്വം പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. പരിശുദ്ധ സുന്നഹദോസിലുണ്ടായ ചർച്ചകളുടെ സംഗ്രഹം വിശ്വാസികളുടെ അറിവിനും വിചിന്തനത്തിനും വേണ്ടി ചുവടെ ചേർക്കുന്നു.

### I. കുടുംബവ്യവസ്ഥിതിയിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങളുടെ സ്വാധീനം

പൗരസ്ത്യസഭയുടെ പാരമ്പര്യപ്രകാരവും മലങ്കര ഓർത്തഡോക്സ് സഭയുടെ രീതി അനുസരിച്ചും സഭയുടെ പ്രധാന യൂണിറ്റുകൾ കുടുംബങ്ങളാണ്. സഭയുടെ ഓരോ ഇടവകയിലും വ്യക്തികളുടെ എണ്ണത്തിന് പ്രാധാന്യം ഉണ്ടെങ്കിലും ഊന്നൽ എപ്പോഴും ഇടവകയുടെ കുടുംബങ്ങൾക്കാണ് നൽകുന്നത്. ഇടവകയുടെ വളർച്ചയും വലുപ്പവുമൊക്കെ മനസിലാക്കുന്നത് ആ ഇടവകയുടെ കുടുംബങ്ങളുടെ എണ്ണത്തിന്റേയും പങ്കാളിത്തത്തിന്റേയും അടിസ്ഥാനത്തിലാണ്. വർത്തമാനകാലത്തിൽ കുടുംബങ്ങളുടെ വ്യവസ്ഥിതിയിൽ സംഭവിച്ചിരിക്കുന്ന ചില മാറ്റങ്ങൾ ശ്രദ്ധേയമാണ്.

1. കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബ വ്യവസ്ഥിതിയിലേക്കും അണുകുടുംബവ്യവസ്ഥിതിയിൽ നിന്ന് വ്യക്തമല്ലാത്തതും വികലമായതുമായ കുടുംബജീവിതശൈലികളിലേക്കും ഉണ്ടായിരിക്കുന്ന മാറ്റം ശ്രദ്ധിക്കേണ്ടതാണ്.

2. പഴയ തലമുറകളിൽ നിലനിന്നിരുന്ന പരിപാവനമായ കുടുംബസങ്കൽപങ്ങൾ, ആദ്ധ്യാത്മിക ജീവിത നിലവാരങ്ങൾ, ജീവിതമാതൃകകൾ തുടങ്ങി പലതും അന്യംനിന്നുപോകുന്ന ഒരു കാലഘട്ടമാണ് ഇപ്പോൾ. പഴയകാല കുടുംബങ്ങളിൽ തലമുറകളിലേക്ക് സഭയുടെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളുമൊക്കെ പ്രായോഗികമായി ആചരിച്ചുകൊണ്ട് പകർന്നുകൊടുക്കുന്ന മാതാപിതാക്കൾ ഉണ്ടായിരുന്നു. പ്രത്യേകിച്ച് കുടുംബങ്ങളിലെ അമ്മമാരുടെ സ്വാധീനം മക്കളുടെ സഭാവിശ്വാസ വളർച്ചയിൽ വളരെ വലുതായിരുന്നു. അങ്ങനെയുള്ള മാതൃകകളുടെ അഭാവം ഇന്നിന്റെ പ്രധാന വിഷയമാണ്.

3. കുടുംബങ്ങളിൽ ശരിയായ രീതിയിൽ ആചരിക്കേണ്ട കുടുംബാരാധന, നോമ്പ്-ഉപവാസ അനുഷ്ഠാനങ്ങൾ, കുടുംബമായുള്ള പള്ളി ആരാധനകളിലെ പങ്കാളിത്തം തുടങ്ങി പഴയ കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ ഉണ്ടായിരുന്ന പല നന്മകളും അപ്രത്യക്ഷമാകുന്നുണ്ടെന്ന വസ്തുത ഗൗരവമുള്ളതാണ്. ഏഴു യാമങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന കാനോനിക നമസ്കാരങ്ങൾ ഒരുനേരം പോലും നടത്താത്ത കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.

4. വിവാഹമോചനം, വേർപിരിഞ്ഞ ജീവിതം, ഒരു കുടുംബത്തിൽത്തന്നെ അംഗങ്ങളുടെ ഇടയിലുണ്ടാകുന്ന പരസ്പരവിരുദ്ധ വിശ്വാസജീവിത ശൈലികൾ, ഹർഷോന്മാദ സംവിധാനങ്ങളോടുള്ള അഭിനിവേശം തുടങ്ങി പലതും ഇന്ന് സാധാരണയാണ്. മാതാപിതാക്കൾ തമ്മിലുള്ള ക്രിയാത്മക സംവേദനങ്ങൾ, മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ആശയവിനിമയം, വല്യപ്പന്മാരുടേയും വല്യമ്മമാരുടേയും കുഞ്ഞുമക്കളുടേയും ഇടയിലുള്ള സ്നേഹവാത്സല്യങ്ങൾ തുടങ്ങി പല നന്മകളും യാന്ത്രികമായി മാറിയിട്ടുണ്ട്.

5. സഭയുടെ കുടുംബങ്ങളിൽ ശനിയാഴ്ച ഉച്ച കഴിഞ്ഞാൽ ഞായറാഴ്ച വൈകിട്ടുവരെ വിശുദ്ധ വേദപുസ്തക പഠനം, സഭയുടെ വിശ്വാസ സത്യങ്ങൾ മനസിലാക്കാനുള്ള പഠനങ്ങൾ, തിരുവചനധ്യാനം തുടങ്ങിയ ശൈലികൾ മൂലം തലമുറകളുടെ മനസുകളിൽ സഭാസ്നേഹവും സത്യവിശ്വാസത്തോടുള്ള ആകർഷണവും വർദ്ധിക്കുമായിരുന്നു. ഇന്ന് സണ്ടേസ്കൂൾ ക്ലാസുകൾ നടക്കുന്നുണ്ടെങ്കിലും ഇക്കാര്യങ്ങളൊക്കെ ഏകദേശം അപ്രത്യക്ഷമായിരിക്കുന്ന സമയമാണ്.

### II. സഭാവ്യവസ്ഥിതിയിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ

കുടുംബജീവിത മൂല്യങ്ങളിൽ ഉണ്ടായിരിക്കുന്ന ഗുണകരമല്ലാത്ത മാറ്റങ്ങൾ സഭാവ്യവസ്ഥിതിയേയും വളരെ തീവ്രമായ നിലയിൽ സ്വാധീനിച്ചിട്ടുണ്ട്. സത്യവിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ടും ദൈവഭക്തിയിൽ നിറഞ്ഞുനിന്നുകൊണ്ടും ദൈവാരാധന നടത്തി വന്നിരുന്ന ദേവാലയങ്ങളിൽ സത്യവിശ്വാസ സംരക്ഷണവും ദൈവഭക്തിയിൽ നിറഞ്ഞുനിന്നുള്ള ആരാധനയും എപ്രകാരം ഉണ്ട് എന്നും വിവേചിക്കുന്നതു നല്ലതാണ്.

1. സഭയുടെ ജീവൻ നിലനിൽക്കുന്നത് ദേവാലയങ്ങളിൽ നടക്കുന്ന അതിന്റെ ആരാധനയിലാണ്. വിശുദ്ധ വേദപുസ്തക പാരായണം, ദൈവവചനത്തോടുള്ള പ്രതിബദ്ധതാജീവിതം, വിശുദ്ധ കുർബ്ബാന കേന്ദ്രീകൃതമായ കൂദാശകൾ പോലെയുള്ള സത്യവിശ്വാസ ആചാരങ്ങളുടെ അനുഷ്ഠാനം എന്നിവയിലുള്ള വർത്തമാനകാല പങ്കാളിത്തം ജീവിതാനുഭവമാകുന്നുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. വിശുദ്ധ ആരാധനയെന്നത് ആദ്ധ്യാത്മിക അനുഭവം സ്ഥിരമായി നിലനിർത്തുന്ന ആഘോഷമാണ്. എന്നാൽ ഇപ്പോൾ പലയിടങ്ങളിലും അതു കേവലം മനഃസാക്ഷിയെ തൃപ്തിപ്പെടുത്തുന്ന ഹർഷോന്മാദ ചടങ്ങുകളായി മാറ്റുന്ന രീതിയാകുമ്പോൾ യഥാർത്ഥ ആത്മീയാനുഭവം നഷ്ടമാവുകയും അസംതൃപ്തി ഉണ്ടാകുന്നവർ സംതൃപ്തിക്കുവേണ്ടി വിശ്വാസത്യാഗം നടത്തുകയും ചെയ്യുന്നില്ലേ എന്നതു നാം പരിശോധിക്കണം.

2. ദൈവാരാധനയെക്കാൾ കൂടുതൽ "വചനശുശ്രൂഷ"കൾക്ക് പ്രാധാന്യം കൊടുക്കുന്ന കാലഘട്ടമാണിത്. ദൈവവചന കേൾവിയിലുണ്ടാകുന്ന "ഹർഷോന്മാദം" അനേകരെ നൂതന സഭാസംഘടനകളിലേക്ക് ആകർഷിക്കുന്നു. അതിനെ അനുകരിക്കുവാൻ ശ്രമിക്കുന്ന സഭയിലെ സുവിശേഷ പ്രസംഗങ്ങൾ മിക്കതും കഥാപ്രസംഗങ്ങളെപ്പോലെ ആകുന്നു എന്നതാണ് യാഥാർത്ഥ്യം. വിശ്വാസികളെ അനുതാപത്തിലേക്കു തിരിച്ചു വിടുവാൻ ഇന്നത്തെ മിക്ക വചനപ്രഘോഷകർക്കും സാധിക്കുന്നില്ല. അതിന്റെ പരിണിതഫലമോ വിശ്വാസികൾ പലരും സത്യവിശ്വാസവും തെറ്റായതും തമ്മിൽ തിരിച്ചറിവില്ലാതെ ഇഷ്ടമുള്ളിടത്തേക്ക് ചേക്കേറുന്നു.

3. സഭയിലെ പൗരോഹിത്യത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന വെല്ലുവിളികളും അപചയങ്ങളും വിശ്വാസികളുടെ ധാർമ്മികതയെ ചോദ്യം ചെയ്യുന്നുണ്ട്. ആദ്ധ്യാത്മികസാധനകളും തിരുവചനധ്യാനവും സത്യവിശ്വാസബോധനവും ദൈവഭക്തിയിൽ നിറഞ്ഞുനിന്നുകൊണ്ടുള്ള ആരാധനയും വഴി വിശ്വാസികളെ ദൈവസംസർഗത്തിലേക്ക് നയിക്കേണ്ട ആത്മീയ ചാലകശക്തികളാകുന്നു പുരോഹിതർ എന്ന സത്യം അവരിൽ തന്നെ നല്ലൊരു പങ്കും മറന്നു പോയോ എന്നത് ചിന്തനീയമാണ്. ക്രിസ്തുവിന്റെ ഭാവം അല്പംപോലുമില്ലാത്ത ആഢംബരജീവിതം, പണത്തോടുള്ള ആർത്തി, അഹങ്കാരമനോഭാവം, പ്രാർത്ഥനയില്ലായ്മ, യജമാനത്വഭാവം, സ്വയം പുണ്യവാനാണെന്ന പരീശത്വമനോഭാവം, കപടമായ അഭിനയപാടവം, ഫാൻസ് ഗ്രൂപ്പുകൾ ഉണ്ടാക്കുവാനുള്ള ത്വര ഇങ്ങനെ പലതും ഇന്ന് ചിലരുടെയെങ്കിലും ഭാവങ്ങളാണ്. ഏതെങ്കിലും തരത്തിൽ അവരവരുടെ കാര്യസാധ്യത്തിനുവേണ്ടി വിശ്വാസികളെ ചൂഷണം ചെയ്യുന്ന പുരോഹിതരും അപൂർവ്വമായെങ്കിലും ഉണ്ട്. ഭക്തിപ്രകടനങ്ങളെ ആദായസൂത്രമാക്കുന്നവരും ഇല്ലാതില്ല. ഇതിൽ വീർപ്പുമുട്ടുന്ന അംഗങ്ങൾ വിശ്വാസം ത്യജിക്കുവാൻ കാരണമാകുന്നില്ലേ?

4. ഇടവകകളിലെ സാക്ഷ്യരഹിതമായ പ്രവർത്തനശൈലികൾ വിശ്വാസികളുടെ ധാർമ്മികരോഷം വർദ്ധിപ്പിക്കുവാനും അവർ സഭ വിട്ടുപോകാനും കാരണമാകുന്നുണ്ട്. ഇടവകകളിൽ ഉണ്ടാകുന്ന ആർഭാടവും ധൂർത്തും നിറഞ്ഞ ആഘോഷങ്ങൾ, പെരുന്നാളുകൾ പലപ്പോഴും വിശ്വാസികളെ ദൈവത്തിൽ നിന്ന് അകറ്റുന്നവയല്ലേ? ഒരു പെരുന്നാൾ മാത്രമുണ്ടായിരുന്ന ഇടവകകളിൽ ഇപ്പോൾ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന നാലും അഞ്ചും പെരുന്നാളുകളാണുള്ളത്. പള്ളികളുടെ ജൂബിലികൾ, കിലോമീറ്ററുകൾ നീണ്ടു നിൽക്കുന്ന ആഢംബര റാലികൾ, വൈദികസ്ഥാനികളുടെ വ്യക്തിപരമായ ആഘോഷങ്ങൾ, സമ്മേളനങ്ങൾ ഇങ്ങനെ പലതും കൂടി വന്നപ്പോൾ കാണാതെ പോയ ആടിനെ കണ്ടെത്താനോ കഷ്ടപ്പെടുന്ന ദാസരെ അന്വേഷിക്കാനോ സമയം കിട്ടുന്നില്ല. ചില ഇടവകകളിലെങ്കിലും സ്ഥിരമായുണ്ടാകുന്ന കലഹങ്ങളും ഭിന്നതകളും ആരാധനയ്ക്കുവേണ്ടി പള്ളിയിൽ വരുന്ന ബഹുഭൂരിപക്ഷത്തിനും വേദന ഉളവാക്കുന്നവയാണ്. ഭരണക്കാർ എന്ന ചെറുവിഭാഗത്തിന്റെ ഉചിതമല്ലാത്ത പ്രവർത്തനശൈലികൾ പല ഇടവകകളിലും ഭൂരിപക്ഷം വരുന്ന വിശ്വാസികൾക്കും ബുദ്ധിമുട്ടുളവാക്കുന്നവയാണ്. സ്ഥിരമായി പള്ളിക്കമ്മിറ്റികളിലും പള്ളിവക സ്ഥാപനങ്ങളുടെ ഭരണസമിതികളിലും കയറിപ്പറ്റുന്ന ചില നേതാക്കളുടെ സാന്നിദ്ധ്യം മൂലം സഭയോടു തന്നെ വെറുപ്പു കാട്ടുന്ന വിശ്വാസികളുണ്ട്. പള്ളിയോഗങ്ങൾ ഹൈജാക്ക് ചെയ്യുന്ന ചെറുകൂട്ടങ്ങൾ പള്ളികളോട് ചേർന്ന് രൂപപ്പെട്ടിട്ടുണ്ട്. ഇടവകകളിൽ അംഗത്വം ലഭിക്കണമെങ്കിൽ ഭീമമായ തുക അടച്ചെങ്കിലേ സാധിക്കുകയുള്ളൂ എന്ന ചില ഇടവക ഭരണസമിതികളുടെ നിർബന്ധങ്ങൾ മൂലം ധാരാളം ആളുകൾ മറ്റു സഭകളിലേക്കു പോകുന്നില്ലേ എന്നതും ചോദ്യചിഹ്നമാണ്.

5. പള്ളിക്കമ്മിറ്റികളുടേയും പള്ളിയോഗങ്ങളുടേയും പ്രധാന അജണ്ട നിർമ്മാണപ്രവർത്തനങ്ങളും കണക്കവതരണങ്ങളും വിശ്വാസികൾക്കു സാമ്പത്തിക പിരിമുറുക്കം ഉണ്ടാക്കുന്നവയും മാത്രമായാൽ സഭയ്ക്കു വിശ്വാസികളെ നഷ്ടപ്പെടും. ഇടവകകളിൽ വിശ്വാസികൾക്കു ഗുണകരമാകുന്ന പദ്ധതികളുടെ കുറവും അവരുടെ ആത്മീയ ദാഹം ശമിപ്പിക്കുവാനുള്ള വിമുഖതയും ഉണ്ടാകുമ്പോൾ അവർക്ക് താൽക്കാലികമായെങ്കിലും സംതൃപ്തി നൽകുന്ന മേച്ചിൽപുറങ്ങളിലേക്ക് അവർ ചേക്കേറുന്നതു സാധാരണയാണ്.

6. സഭയുടെ ആദ്ധ്യാത്മികസംഘടനകളുടെ വർത്തമാനകാല പ്രവർത്തനങ്ങൾ വിശ്വാസികൾക്കു മുഴുവൻ ആകർഷണീയമാകുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ക്യാമ്പുകളിലേക്കും സമ്മേളനങ്ങളിലേക്കും ആഘോഷങ്ങളിലേക്കും ചാരിറ്റി പ്രവർത്തനങ്ങളിലേക്കും മാത്രം കൂടുതൽ ശ്രദ്ധ കൊടുക്കുമ്പോൾ ആരാധന, പഠനം, സേവനം എന്നീ അടിസ്ഥാന തത്വങ്ങളിൽ നിന്നു മാറിപ്പോകുന്നതായി വരുന്നു. പള്ളിഭരണത്തിലെന്നപോലെ ആദ്ധ്യാത്മിക സംഘടനങ്ങളുടേയും നേതൃസ്ഥാനങ്ങളിലേക്കു കയറിപ്പറ്റുവാൻ തിരക്കുകൂട്ടുന്ന ചില ആളുകൾ മൂലം പക്വതയുള്ളവരൊക്കെ അപ്രത്യക്ഷരാകുന്നു. സണ്ടേസ്കൂൾ പ്രസ്ഥാനം ഭംഗിയായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിലും സഭയുടെ വിശ്വാസത്തിൽ നിന്ന് വ്യത്യസ്തമായ കാര്യങ്ങൾ പഠിപ്പിക്കുന്ന ചില അദ്ധ്യാപകരെങ്കിലും ഉണ്ടെന്നത് യാഥാർത്ഥ്യമാണ്. ചിലയിടങ്ങളിലെങ്കിലും യുവജനപ്രസ്ഥാനം സഭയെക്കാൾ കൂടുതൽ രാഷ്ട്രീയലക്ഷ്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നില്ലേ?

7. വീടുവിട്ടു ദൂരദേശത്തിലേക്കു പഠനത്തിനായും ജോലികൾക്കും പോകുന്ന പലരും അവർ എത്തുന്ന സ്ഥലങ്ങളിൽ ആരാധിക്കുവാൻ സ്ഥലമില്ലാതെയോ സത്യവിശ്വാസത്തിൽ നയിക്കുവാൻ തക്ക ആളുകളില്ലാതെയോ മറ്റു പല വിശ്വാസക്കാരുടേയും പിന്നലെ കൂടി സഭാത്യാഗം നടത്തുന്നത് സാധാരണയാണ്. ആരാധിക്കാൻ സ്ഥലം ഉണ്ടായാലും നയിക്കാൻ ശരിയായ ആളുണ്ടായാലും ചില കൂട്ടുകെട്ടുകളിൽപ്പെട്ടും മറ്റുള്ളവരുടെ സ്വാധീനവലയത്തിൽപ്പെട്ടും സഭാത്യാഗം നടത്തുന്ന ആളുകളും ഉണ്ടെന്നത് മറ്റൊരു യാഥാർത്ഥ്യമാണ്. സണ്ടേസ്കൂൾ പഠനം നടത്തിയവരും, അദ്ധ്യാപകരായി പ്രവർത്തിച്ചവരുമായ ചില ആളുകൾപോലും പുറംനാടുകളിൽ ചെന്ന് മറ്റു ചില കൂട്ടായ്മകളുടെ നേതാക്കളായി മാറുന്ന അനുഭവവും ഉണ്ട്.

8. മലങ്കരസഭയിലെ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങളും വ്യവഹാരങ്ങളും ചില വിശ്വാസികളുടെയെങ്കിലും മനംമടുപ്പിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. മലങ്കരസഭ ഏതു തത്വം നിലനിർത്തുന്നതിനുവേണ്ടി ടി വ്യവഹാരങ്ങളിൽ ഉൾപ്പെടേണ്ടി വന്നിരിക്കുന്നു എന്നു മനസിലാക്കാതെയോ അല്ലെങ്കിൽ മനസിലാക്കാൻ ശ്രമിക്കാതെയോ മറ്റുള്ള ചില "ആളുപിടുത്ത സഭകളുടെ" വലയിൽപ്പെട്ടു സഭ വിട്ടുപോകുന്ന സംഭവങ്ങൾ സഭയിൽ ഉണ്ടാകുന്നുണ്ട്.

9. സഭയുടെ സ്ഥാപനങ്ങളിൽ പരിമിതമായ നിയമന സാധ്യതകളെയുള്ളൂ എങ്കിലും ഉള്ളതിൽ നീതിരഹിത സമീപനങ്ങളും പണത്തിനായുള്ള വിലപേശലും പാവങ്ങളെ പരിഗണിക്കുന്നില്ല എന്ന ചിന്തയും വ്യാപകമാണ്. അർഹ

രായ സാധാരണ വിശ്വാസികൾക്ക് ലഭിക്കാത്ത പരിഗണന കൊച്ചമ്മമാർക്കും സഭാസ്ഥാനികളുടേയും മറ്റ് സ്വാധീനശക്തിയുള്ളവരുടേയും ബന്ധുക്കൾക്കും അടുപ്പക്കാർക്കും ലഭിക്കുന്നു എന്നത് വ്യാപകമായ പരാതിയായി നിലനിൽക്കുന്നു. ഇതു സഭയോടുള്ള വിശ്വാസികളുടെ നീരസത്തിനു കാരണമാണ്. തന്നെയുമല്ല, അങ്ങനെയുള്ളവർ മറ്റു പലയിടങ്ങളിലും നിയമനങ്ങൾ തേടുമ്പോൾ അവർക്ക് സഭാത്യാഗത്തിന്റെ വ്യവസ്ഥയിൽ അതു ലഭിക്കുകയും അവർ സഭ വിട്ടുപോകുകയും ചെയ്യുന്നു.

## III. മറ്റു ചില കാരണങ്ങൾ

1. സഭാവിശ്വാസപഠനങ്ങൾക്കു ഒരു പ്രാധാന്യവും നൽകാതെ സെക്കുലർ പഠനങ്ങൾക്ക് സണ്ടേസ്കൂൾപോലും നഷ്ടപ്പെടുത്തി പരിധിവിട്ട ഊന്നൽ നൽകുമ്പോൾ യുക്തിബോധവും ലൗകിക ചിന്തകളും ദൈവഭയമില്ലായ്മയുമൊക്കെ വ്യക്തികളിൽ ഉണ്ടാകും. അങ്ങനെയുള്ളവർ സഭയിൽ നിൽക്കുകയില്ല. അവരുടെ കുടുംബജീവിതവും തകരാറിലാകും.

2. റീത്തുപ്രസ്ഥാനം പോലെയുള്ള ചില സഭകളുടെ തന്ത്രങ്ങളിൽപ്പെട്ടു സഭാത്യാഗം നടത്തുന്ന രീതി 1930-ൽ തുടങ്ങിയതാണ്. പഴയതുപോലെയുള്ള ഒഴുക്ക് ഇപ്പോൾ ഇല്ലായെങ്കിലും ഇപ്പോഴും അതു തുടരുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്.

3. നവീകരണം എന്ന ഓമനപ്പേരിൽ രൂപംകൊണ്ട പ്രൊട്ടസ്റ്റാന്റിസത്തിന്റെ ബാക്കിപത്രങ്ങളായ പെന്തക്കോസ്തു-സെക്ടേറിയൻ വിഭാഗങ്ങളും അവയുടെ അടുത്ത പരിണാമങ്ങളായ ആൾദൈവങ്ങളുടേയും കുട്ടിദൈവങ്ങളുടേയും "അഭിവൃദ്ധി സുവിശേഷങ്ങളും" "സുവിശേഷക്കച്ചവടങ്ങളും" വിവേകമില്ലാത്ത സഭാമക്കളെ വികാരങ്ങൾക്കടിമകളാക്കി കൊണ്ടുപോകുന്ന പ്രവണത വർദ്ധിച്ചിരിക്കുന്നു. ആൾദൈവങ്ങളുടെ ബിസിനസ് സാമ്രാജ്യവും "ഗുണ്ടാവിളയാട്ടങ്ങളും" മാസ്മരിക വിദ്യകളും കുറച്ചുപേർക്കെങ്കിലും ആകർഷണീയത ഉണ്ടാക്കിയിട്ടുണ്ട്. യേശുവിന്റെ പേരു പറഞ്ഞാൽ മതി എങ്ങനെയും ജീവിക്കാം എന്ന തത്വശാസ്ത്രം ഇന്ന് അനേകർക്ക് ആകർഷണമാണ്. ദൈവവചനത്തെ വികൃതമാക്കി നടത്തുന്ന ആത്മീയവ്യാപാരങ്ങളിൽ അടിമകളായി വീണുപോകുന്ന സഭാമക്കളെ വീണ്ടെടുക്കുവാൻ ഫലപ്രദമായ മാർഗം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

4. ആധുനികസാങ്കേതിക വിദ്യകളുടെ സ്വാധീനം വളരെ വലുതായിരിക്കുന്ന കാലഘട്ടമാണിപ്പോൾ. അതിന്റെ ഉപയോഗംകൊണ്ടു ചില ഗുണങ്ങൾ ഉണ്ടെന്നു വിചാരിക്കാമെങ്കിലും ഇന്ന് അതു സാത്താന്റെ പ്രധാന ആയുധമായിരിക്കുകയാണ്. സഭയ്ക്കെതിരേയും മെത്രാപ്പോലീത്തന്മാർ-വൈദികർ-കന്യാസ്ത്രീകൾ-നേതൃസ്ഥാനികൾ എന്നിവർക്കെതിരേയും സ്ഥിരമായി ഒളിയമ്പുകൾ എറിയുന്ന ആളുകൾ സഭയ്ക്കകത്തും പുറത്തും ധാരാളമായുണ്ട്. അവർ അതിന് ഇന്ന് ഉപയോഗിക്കുന്നതു പ്രധാനമായും സാമൂഹികമാധ്യമങ്ങളാണ്. വ്യാജപ്രചാരണങ്ങളും വ്യക്തിഹത്യകളും വഴി സാധാരണ വിശ്വാസികളുടെ ധാർമികതയെ തകർക്കുന്ന സാത്താന്യ ശക്തികളായി അവർ മാറുകയാണ്. അവരുടെ കെണികളിൽ വീഴുന്ന ജനം ആശ്വാസം തേടിപ്പോകുന്നതു ഏതെങ്കിലും സാത്താന്യ നൂതന വിഭാഗങ്ങളിലേക്കാണ്. സാമൂഹ്യമാധ്യമങ്ങളുടെ ദുരുപയോഗം വൈദിക ശ്രേണിയിലെ എല്ലാ തലങ്ങളിലും അസാധാരണമായി വർദ്ധിച്ചിട്ടുണ്ടെന്നതും അപായ സൂചന നൽകുന്നു.

5. രാഷ്ട്രീയവൽക്കരിക്കപ്പെട്ട ആളുകൾക്ക് സഭയോടുള്ള കൂറുകുറയുന്നു എന്നത് ഇന്നിന്റെ പ്രത്യേകതയാണ്. സഭയുടെ വളർച്ചയ്ക്കുവേണ്ടി രാഷ്ട്രീയ സ്ഥാനമാനങ്ങൾ ഉപയോഗിച്ചിട്ടുള്ള പൂർവ്വികരുടെ സഭയാണിത്. ഇന്ന് സംശുദ്ധി രാഷ്ട്രീയം എങ്ങുമില്ല. പണസമ്പാദനവും സ്ഥാനമാനങ്ങളും മാത്രം ലക്ഷ്യമിട്ടുകൊണ്ടു സഭയെ ചൂഷണം ചെയ്തു രാഷ്ട്രീയലാഭം കൊയ്യാനിറങ്ങിയിരിക്കുന്ന വിദഗ്ദരുടെ കാലമാണിത്. അങ്ങനെയുള്ളവരുടെ മാസ്മരികതയിൽപ്പെട്ടു വിശ്വാസം ത്യജിക്കുന്ന വിശ്വാസികൾ സഭയിൽ ഉണ്ട്. രാഷ്ട്രീയ സ്ഥാനമാനങ്ങൾ ലഭിക്കുന്നതിനുവേണ്ടി സഭയുടെ അധികാരശ്രേണിയിൽ കയറിപ്പറ്റുകയും സഭയ്ക്കു ദൈവീകമായി മുന്നോട്ടുപോകുവാനായി ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ചെയ്യുന്നവരെ വിവേചിച്ചറിഞ്ഞു സഭയെ വിശുദ്ധമാക്കി നിലനിർത്തുവാൻ ഉതകുന്ന സംവിധാനങ്ങൾ ഉണ്ടാകണം.

### പരിഹാരമാർഗ്ഗങ്ങൾ

മുകളിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങൾക്കും പെട്ടെന്നു പരിഹാരം ഉണ്ടാകുക അസാധ്യമാണ്. ചില വിഷയങ്ങളുടെ പരിഹാരങ്ങൾ അവയിൽ തന്നെയുള്ളതാണ്. എല്ലാവർക്കും സ്വയാവബോധവും പരസ്പരം ബോധവൽക്കരണവും ആവശ്യമാണ്. എന്നാൽ ക്ഷമയോടെയുള്ള കാത്തിരുപ്പും കൂട്ടായ ശ്രമവും പ്രവർത്തനവും ദൈവകൃപയും ഉണ്ടെങ്കിൽ എന്തിനും പരിഹാരം ഉണ്ടാകും എന്നതാണ് നമ്മുടെ നിശ്ചയം. നമുക്കു കൂട്ടായി ചെയ്യാൻ സാധിക്കുന്ന ചില കാര്യങ്ങൾ ഇവിടെ ചേർക്കുന്നു.

1. പരിശുദ്ധ സഭയുടെ ആദ്യ യൂണിറ്റ് കുടുംബമാണെന്നും കുടുംബ സഭ (വീട്ടിലെ സഭ) എന്ന വിശുദ്ധ വേദപുസ്തക ചിന്ത ഏവരിലും ഉണ്ടാകണമെന്നുമുള്ള ബോധവൽക്കരണം സഭയുടെ എല്ലാ തലങ്ങളിൽ നിന്നും ഉണ്ടാകണം. നഷ്ടമായിക്കൊണ്ടിരിക്കുന്ന കുടുംബ പ്രാർത്ഥന കുറഞ്ഞപക്ഷം രണ്ടു നേരമെങ്കിലും വീടുകളിൽ ഉണ്ടാവുകയും അതു കുടുംബാരാധനക്രമം ഉപയോഗിച്ചുതന്നെ നിർവ്വഹിക്കുകയും വേണം. കുടുംബാരാധനക്രമം, വിശുദ്ധ കുർബ്ബാനക്രമം, വിശുദ്ധ വേദപുസ്തകം തുടങ്ങിയ പ്രാർത്ഥനാ പുസ്തകങ്ങൾ എല്ലാ വീടുകളിലും ഉണ്ടെന്നും അവർ അവ ഉപയോഗിക്കുന്നുവെന്നും ഉറപ്പുവരുത്തണം. ചെറുപ്പം മുതൽ കുട്ടികളുടെ സെക്കുലർ വിദ്യാഭ്യാസത്തിനു അമിത പ്രാധാന്യം നൽകുന്ന മാതാപിതാക്കൾ പ്രാർത്ഥനകളും സഭയുടെ വിശ്വാസാചാരങ്ങളും കുഞ്ഞുങ്ങളിലേക്കു പകർന്നു കൊടുക്കുവാൻ പറ്റിയ പദ്ധതികൾ കൂടി രൂപപ്പെടുത്തണം. തല മുതിർന്ന അപ്പച്ചന്മാരുടേയും അമ്മച്ചിമാരുടേയും സാമീപ്യവും ഗുണദോഷങ്ങളും സ്നേഹസ്പർശവും കരുതലും തലമുറകൾക്ക് അനുഗ്രഹമായി മാറും എന്ന ദൈവികചിന്ത ഏവരിലും പുനഃസ്ഥാപിക്കണം. നേരായ രീതിയിൽ കുടുംബ പ്രാർത്ഥനകൾ നടത്തുകയും നോമ്പ്, ഉപവാസം തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്ന കുടുംബങ്ങളിൽ കുടുംബശിഥിലീകരണം ഉണ്ടാവുകയില്ല. മറ്റു സഭകളിൽ നിന്നോ സമുദായങ്ങളിൽ നിന്നോ വിവാഹം വഴി കുടുംബാംഗങ്ങളായി മാറിയവർ വന്നു ചേർന്ന കുടുംബത്തിലെ വിശ്വാസാചാരങ്ങളിലും പ്രാർത്ഥനാ ശൈലികളിലും ഉറച്ചുനിൽക്കുവാനുള്ള ബോധവൽക്കരണം നിർബ്ബന്ധമായും ഉണ്ടാകണം. കുടുംബമായി നടത്തേണ്ടുന്ന പ്രാർത്ഥനകൾക്ക് തടസമുണ്ടാകുന്ന രീതിയിൽ ദേവാലയങ്ങളും മറ്റു സംവിധാനങ്ങളും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. കുടുംബസ്ഥരായ വൈദികർ ദേവാലയങ്ങളിലെ യാമപ്രാർത്ഥനകൾക്കു പുറമെ സ്വന്തം കുടുംബവുമായി ചേർന്ന് കുടുംബപ്രാർത്ഥന നിർബന്ധമായും നടത്തിയിരിക്കണം.

2. പരിശുദ്ധ സഭയുടെ ആദ്ധ്യാത്മിക സംസ്കാരവും സാധനകളും വിശ്വാസാചാരങ്ങളുമൊക്കെ വിശ്വാസികളെ സ്വാധീനിക്കണമെങ്കിൽ അതിനുതക്ക ജീവിതശൈലിയിലേക്കു മേൽപ്പട്ടക്കാർ ഉൾപ്പെടെയുള്ള വൈദികഗണം മാറ്റപ്പെടണം. നല്ല കുടുംബങ്ങളിൽ നിന്ന് മാതൃകാജീവിത ശൈലിയുള്ള വൈദികരും അങ്ങനെയുള്ളവരിൽ നിന്ന് മാത്രം മേൽപ്പട്ടക്കാരും രൂപപ്പെട്ടു വരണം. പ്രീ-സെമിനാരി എന്ന പേരിൽ കുറെ നാളുകളായി രൂപപ്പെട്ടിരിക്കുന്ന സംവിധാനം സമയബന്ധിതമായി നിർത്തൽ ചെയ്യണം. വൈദികപഠനത്തിനുവേണ്ടി മുന്നോട്ടു വരുന്ന കുട്ടികളുടെ എല്ലാ തലത്തിലുമുള്ള പശ്ചാത്തലങ്ങളും വിശേഷങ്ങളും ലക്ഷ്യങ്ങളുമൊക്കെ വ്യക്തമായ രീതിയിൽ പഠനവിധേയമാക്കി മാത്രം വൈദിക സെമിനാരികളിൽ തെരഞ്ഞെടുക്കണം. തെരഞ്ഞെടുപ്പു കഴിഞ്ഞവരെ ആവശ്യമെങ്കിൽ ഒരു വർഷക്കാലം പ്രീ-സെമിനാരി വിദ്യാഭ്യാസം എന്ന രീതിയിൽ നിർത്തുന്നതു നല്ലതാണോ എന്നു ചിന്തിക്കണം.

3. വൈദിക പരിശീലനത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ ക്രമാനുഗതമായി വിലയിരുത്തണം. വൈദിക പരിശീലനം പൂർത്തിയായ ശേഷം പട്ടം ഏൽക്കുന്ന വൈദികൻ വെറുമൊരു അനുഷ്ഠാനകൻ മാത്രമാകാതെ വിശ്വാസികളിൽ ഋണാത്മകമായ ആത്മീയ ചലനങ്ങൾ സൃഷ്ടിക്കുവാൻ പ്രാപ്തനായിരിക്കണം. ആരാധനാമദ്ധ്യേ പടിഞ്ഞാറോട്ടു തിരിയുന്ന കാർമ്മികന്റെ മുഖം ദൈവതേജസുള്ളതാണെന്ന് ദൈവജനം തിരിച്ചറിയണം. അതിനുതക്ക ജീവിതശൈലി മാത്രമേ പുരോഹിതന്മാരിൽ ഉണ്ടാകാൻ പാടുള്ളൂ. അതിനു വിഘാതമായിരിക്കുന്ന ഏതു കാര്യത്തിൽ നിന്നും പുരോഹിതൻ നിർബന്ധമായും ഒഴിഞ്ഞ് നിൽക്കണം. ഇപ്രകാരമുള്ള വൈദികരെ ഒരുക്കിയെടുക്കുവാൻ വൈദിക സെമിനാരി അദ്ധ്യാപകർ സമർപ്പണത്തോടെ ശ്രദ്ധിക്കണം. അക്കാഡമിക് കാര്യങ്ങളിൽ മികവു കാട്ടി എന്നതുകൊണ്ടു മാത്രം ഒരു വൈദിക വിദ്യാർത്ഥി പുരോഹിതനാകുവാൻ പാടില്ല എന്നത് നിർബ്ബന്ധമാക്കണം.

4. പുരോഹിതൻ ഇടയൻ കൂടിയാണ്. ആടും ഇടയനും തമ്മിലുള്ള ബന്ധം എങ്ങനെയെന്ന് കർത്താവു കാണിച്ചു തരുന്നുണ്ട്. വിശ്വാസികളുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങളെ വിവേചിച്ചറിഞ്ഞ് അതു പ്രാർത്ഥനാപൂർവ്വം നിവർത്തിക്കുവാൻ ശ്രമിക്കുന്ന ഇടയൻ ഉണ്ടെങ്കിൽ ഒരു വിശ്വാസിയും സഭ വിട്ടു പോകില്ല. യൂണിയാറ്റു സഭകളിലെയും മറ്റു നൂതന സഭാസംഘടനകളുടേയും ആൾദൈവങ്ങളുടെയും ഏജന്റുമാർ സഭയിലെ ഭവനങ്ങൾ സന്ദർശിച്ച് വിശ്വാസികളുടെ ബലഹീനതകളെ ചൂഷണം ചെയ്യുന്നതിനെതിരെ വൈദികർ ജാഗ്രത പാലിക്കുകയും അങ്ങനെയുള്ളവരെ പ്രതിരോധിച്ചു നിർത്തി വിശ്വാസികളെ സഭയിൽ സംരക്ഷിച്ചു നിർത്തുവാനുള്ള പരിശ്രമങ്ങൾ ഉണ്ടാവുകയും വേണം. വൈദികരുടെ ഭവനസന്ദർശനം ഒരു ജോലി തീർക്കലിന്റെ ഭാഗമാണെന്നോ പണപ്പിരിവിനും മറ്റു ഭൗതിക നേട്ടങ്ങൾക്കും മാത്രമാണെന്നോ എന്ന ചിന്താഗതികൾക്കു മാറ്റമുണ്ടായി ക്രിസ്തു പകർന്നു നൽകിയ സ്നേഹത്തിന്റെയും കരുണയുടെയും നന്മയുടെയും പ്രസരണമായി അതു മാറണം. വിവാഹിതരായ വൈദികർ തങ്ങൾ ശുശ്രൂഷ അർപ്പിക്കുന്ന ഇടവകകളിൽ തങ്ങളുടെ സഹധർമ്മിണിമാരുടെ ശുശ്രൂഷാ സഹായങ്ങൾ എങ്ങനെ പ്രാവർത്തികമാക്കാം എന്നു പരിശോധിക്കണം.

5. മെത്രാസന തലത്തിൽ സീനിയർ ആയ ഒരു വൈദികന്റെ നേതൃത്വത്തിൽ ചെറുപ്പക്കാരായ വൈദികരുടെ ഒരു സംഘം ഉണ്ടാക്കി ഇടവകകൾ കേന്ദ്രീകൃതമാക്കിയുള്ള ആഭ്യന്തരമിഷൻ ശക്തമാക്കണം. ഇപ്പോൾ കടന്നുവരുന്ന ചില ശൈലികൾ മാറ്റി വിശ്വാസികളെ മുഴുവൻ സഭയിൽ ഉറപ്പിച്ചു നിർത്തുന്ന രീതിയിൽ ഭവനസന്ദർശനങ്ങളും വേദപഠനക്ലാസുകളും വിവരശേഖരണങ്ങളും നിർവ്വഹിക്കണം. കുറഞ്ഞതു മൂന്നു വർഷം കൊണ്ടു ഒരു മെത്രാസനത്തിലെ എല്ലാ ഇടവകകളിലും ആഭ്യന്തരമിഷൻ പൂർത്തീകരിച്ചിരിക്കണം.

6. മെത്രാസനതലത്തിൽ വൈദികർക്കു റിഫ്രഷർ കോഴ്സുകളും ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും നിർബ്ബന്ധമായും സംഘടിപ്പിക്കണം. അതുപോലെതന്നെ ഇടവക തലത്തിൽ സണ്ടേസ്കൂൾ പഠനം കുട്ടികൾക്കു നിർബ്ബന്ധമാക്കുകയും സണ്ടേസ്കൂൾ കഴിയുന്നവർ സഭയുടെ ദിവ്യബോധനം -സത്യജ്യോതി പഠന പദ്ധതികളിൽ ചേർന്ന് തുടർപഠനം നടത്തിക്കൊണ്ടേയിരിക്കണം. സഭയുടെ വിശ്വാസവും ആരാധനയും ശരിയായി മനസിലാക്കുന്ന ഒരു വിശ്വാസിയും സഭ വിട്ടു പോകില്ല. അതുപോലെതന്നെ സഭയുടെ ചരിത്രം, സഭ മുറുകെ പിടിക്കുന്ന തത്വങ്ങൾ എന്നിവ ശരിയായി മനസിലാക്കുന്ന വിശ്വാസികൾ സഭാക്കേസ് എന്ന കാരണം കൊണ്ടും സഭ വിട്ടുപോകില്ല.

7. സഭയുടെ ആരാധനയെന്നത് ഭൂമിയിൽ സ്വർഗം സൃഷ്ടിക്കുന്ന മനോഹാരിത നിറഞ്ഞതും അതിവിശുദ്ധവുമായ അനുഭവമാണ്. ഇത് അനുഭവമാക്കുന്നതിന് ശരിയായ ഒരുക്കം ആവശ്യമാണ്. വിശുദ്ധ കുർബ്ബാന അർപ്പിക്കുന്ന വൈദികൻ അതിനുമുമ്പ് ആചരിക്കേണ്ട മൗനവും യാമപ്രാർത്ഥനകളുടെ പൂർത്തീകരണവും ഒരുക്കവുമൊക്കെ വിശ്വാസികളിൽ സ്വാധീനം സൃഷ്ടിക്കുന്ന കാര്യങ്ങളാണ്. സത്യഅനുതാപവും വിശുദ്ധിയും ദൈവാരാധനയ്ക്കു നേതൃത്വം നൽകുന്നവർക്ക് ഉണ്ടാകണം. വിശുദ്ധ ആരാധന കലാപരിപാടിയും ഗാനമേളയുമാക്കി മാറ്റുന്ന പ്രവണതകൾ നിർബ്ബന്ധമായും അവസാനിപ്പിക്കണം. ആരാധനയുടെ വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ തക്കവണ്ണം പരിശുദ്ധ സുന്നഹദോസിന്റെ ശുപാർശയോടുകൂടി പരിശുദ്ധ കാതോലിക്കാബാവാ തിരുമനസുകൊണ്ട് സഭയിലെ വൈദികർക്ക് അയച്ച കൽപന (No. 81 dtd.06/04/2018) യഥാവിധി പാലിക്കണം. ആരാധന സഭാമക്കളുടെ പങ്കാളിത്തമുള്ളതാണെന്ന് ഉറപ്പുവരുത്തുവാൻ വൈദികർ ശ്രദ്ധിക്കണം. വിശുദ്ധ ആരാധനയുടെ മഹത്വവും മനോഹാരിതയും രുചിച്ചറിയുന്ന വിശ്വാസികൾ ഒരിക്കലും സഭ വിട്ടുപോകില്ല.

8. ഇടവക തലങ്ങളിൽ സമീപകാലത്ത് മുൻഗണന കൊടുത്തുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കും ഭൗതിക വളർച്ചയ്ക്കും ആഘോഷങ്ങൾക്കുമൊക്കെ നിർബ്ബന്ധമായും പരിധി നിർണ്ണയിക്കണം. പകരമായി ഇടവകയുടെ ആദ്ധ്യാത്മിക മുന്നേറ്റത്തിന് ഇടവക വികാരിയും മാനേജിംഗ് കമ്മിറ്റിയും ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരും ഒരുമിച്ചുകൂടി വാർഷികപദ്ധതികൾ രൂപപ്പെടുത്തി നടപ്പാക്കണം. ഏതു പദ്ധതിയുടെയും പ്രധാന ലക്ഷ്യം വിശ്വാസികൾ മുഴുവൻ ഞായറാഴ്ചയുള്ള പള്ളി ആരാധനയിൽ പങ്കെടുക്കുവാനും കുടുംബപ്രാർത്ഥനകൾ മുറതെറ്റാതെ നടത്തുവാനും സഭയെ സ്നേഹിക്കുവാനും ആയിരിക്കണം. ആദ്ധ്യാത്മികസംഘടനകളുടെ ഇടവക തലത്തിലെ പ്രവർത്തനങ്ങൾ സത്യവിശ്വാസ സംരക്ഷണവും ദൈവാരാധനയിലുള്ള സജീവ പങ്കാളിത്തത്തിന് ഊന്നൽ നൽകുന്നതും മാത്രമാകണം. സണ്ടേസ്കൂൾ വിദ്യാഭ്യാസം കൊണ്ടു കുഞ്ഞുങ്ങൾ സഭാവിശ്വാസത്തിൽ ഉറയ്ക്കുന്നുവോ എന്ന് വികാരിമാർ ഉറപ്പുവരുത്തണം. ഇപ്പോൾ പല ഇടവകകളിലേയും ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനങ്ങൾ

ക്ലബ്ബുകളുടെ ശൈലിയാണ്. അത് നിർബ്ബന്ധമായും അവ സാനിപ്പിക്കണം. സാമൂഹ്യ ആവശ്യങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ കൃത്യമായ സമയങ്ങളിൽ നടത്തി സഭയുടെ സാക്ഷ്യം വർദ്ധിപ്പിക്കുവാൻ ആത്മീയസംഘടനകൾ ശ്രദ്ധി ക്കണം. ദൈവോന്മുഖമായി ചിന്തിക്കുകയും പ്രവർത്തിക്കു കയും ചെയ്യുമ്പോൾ മാത്രമേ ഈ ലക്ഷ്യം കൈവരിക്കു വാൻ സാധ്യമാകയുള്ളൂ.

9. കേന്ദ്ര-മെത്രാസന തലങ്ങളിലുള്ള ആദ്ധ്യാത്മിക സംഘടനകൾ വാർഷിക കോൺഫറൻസുകൾക്കും മറ്റു ക്യാമ്പുകൾക്കുമായി ചെലവഴിക്കുന്ന സമയവും പണവും കുറച്ചുകൂടി ക്രിയാത്മകമായി വിനിയോഗിക്കണം. കേരള ത്തിനകത്തും പുറത്തും ധാരാളം കേന്ദ്രങ്ങളിൽ സഭാംഗ ങ്ങളായ നിരവധി വിദ്യാർത്ഥികളും യുവാക്കളും സഭയുടെ ആരാധനയോ ഇടയശുശ്രൂഷയോ ലഭിക്കാതെ അവർ മറ്റു നൂതന സഭകളുടെ പ്രവർത്തകർപോലും ആയി മാറുന്നത് വേദനാജനകമാണ്. കേരളത്തിനകത്തും പുറത്തും യുവജ ന-വിദ്യാർത്ഥി കേന്ദ്രങ്ങളും ചാപ്പലുകളും ഉണ്ടാവുകയും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ലഭിക്കേണ്ട ആത്മീയ ശുശ്രൂഷ ലഭ്യമാക്കുകയും ചെയ്യണം. ഒരു വിദ്യാർത്ഥിയോ യുവാവോ യുവതിയോ തന്റെ ഭവനം വിട്ടു മറ്റൊരു സ്ഥലത്തേക്ക് പഠനത്തിനോ ജോലിക്കോ ആയി പോകുമ്പോൾ ചെന്നെത്തുന്ന സ്ഥലത്ത് സഭയുടെ ദേവാ ലയങ്ങളോ സഭാകേന്ദ്രങ്ങളോ ഉണ്ടോ എന്നതു മാതാപി താക്കളും അതാതു ഇടവക വികാരിമാരും പരിശോധിച്ച് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരിക്കണം.

10. നൂതന സഭാവിഭാഗങ്ങൾ മലങ്കരസഭാ മക്കളെ അവ രിലേക്കാകർഷിക്കുവാൻ രൂപപ്പെടുത്തിയിരിക്കുന്ന ശൈലി കൾ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്. അവരുടെ പഠിപ്പിക്കലുകൾ വേദവിപരീതങ്ങളാകുന്നുവെങ്കിലും അവർ ഉപയോഗിക്കുന്ന ചില ശൈലികൾ അനുകരണീയമാക്കാ വുന്നതാണ്. ഇപ്പോഴും ആയിരവും അതിലധികവും ഭവന ങ്ങളുള്ള നമ്മുടെ ഇടവകകൾ ഒന്നും, നിർബ്ബന്ധത്തിന്റെ പേരിൽ മാത്രം രണ്ടും, വൈദികരുടെ സേവനത്തിലാണ് മുന്നോട്ടു പോകുന്നത്. അവർക്ക് എത്രമാത്രം വിശ്വാസികളുടെ ആത്മീകാവശ്യങ്ങൾ പൂർത്തീകരിക്കാനാകും എന്നത് പരിശോ ധിക്കേണ്ടതാണ്. ഇടവക ഒന്നാണെങ്കിലും ഇടവകയുടെ കീഴിൽ ചെറുകൂട്ടങ്ങളും ചെറുകൂട്ടങ്ങൾക്ക് ഇടയന്മാരും ഉണ്ടാകുന്നത് നല്ലതല്ലേ? അതുപോലെ തന്നെ പല സമയങ്ങളിലായി സഭ വിട്ടുപോയ പലരും സഭയിലേക്കു തിരിച്ചു വരുവാൻ ആഗ്ര ഹിക്കുന്നുണ്ട്. അവരെ തിരിച്ചുകൊണ്ടുവരുവാനുള്ള പദ്ധതി കൾ ചിന്തിക്കേണ്ടതല്ലേ? എന്തായാലും ദൈവജനത്തിലും പ്രത്യേകിച്ച് അവരിൽ കഷ്ടപ്പെടുന്ന ജനങ്ങളുടെ ആവലാ തിയിലും വൈഷമ്യങ്ങളിലും പങ്കുചേരുന്ന ഒരു പുതുക്കപ്പെട്ട ശുശ്രൂഷാശൈലി നമുക്കുണ്ടാകണം. അങ്ങനെയുണ്ടായില്ലെ ങ്കിൽ മറ്റുപല താൽക്കാലിക ആശ്വാസകേന്ദ്രങ്ങളിലേക്കും സഭാ മക്കൾ ചേക്കേറാനുള്ള സാധ്യത വർദ്ധിക്കും. പോകുന്നവർ ഒക്കെ പോകട്ടെ ബാക്കിയുള്ളതു മതി എന്ന ചിന്ത ഒരു രീതി യിലും ശരിയല്ല എന്നതിനാൽ ശുശ്രൂഷാശൈലിയിൽ ഗുണക രമായ മാറ്റങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

Beware of false prophets, which come to you in sheep's clothing, But inwardly they are ravening Wolves.

Matt. 7:15



**ഉപസംഹാരം**

ആദ്ധ്യാത്മിക ശിക്ഷണവും സാമൂഹ്യപ്രതിബദ്ധതയും സഭ യോടുള്ള സ്നേഹവും വിശ്വസ്തതയും ഏവർക്കും ആവശ്യ മാണ്. ഒരു ആത്മീയ മനുഷ്യനിൽ വസിക്കുന്നത് ക്രിസ്തുവാ ണ്. ആ ക്രിസ്തുവിനെ ദർശിക്കുവാൻ കഴിയുന്ന പുരോഹിത വൃന്ദവും അവരിലൂടെ ക്രിസ്തുവിനെ ദർശിക്കുന്ന വിശ്വാസി കളുടെ സമൂഹവും ഒന്നായി നിന്ന് ക്രിസ്തുവിന്റെ വീണ്ടും വരവിനായി നോക്കിപാർക്കുവാൻ ഇടയാകട്ടെ. വായനക്കാരുടെ അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

അറിയിക്കേണ്ട വിലാസം:
മാർ കുറിയാക്കോസ് ദയറ,
പൊത്തൻപുറം പി.ഒ.
പാമ്പാടി, കോട്ടയം



# നമുക്കും വേണം മാറ്റം

ഡോ. പോൾ മണലിൽ

ക്രിസ്തുവിനു മുമ്പ് ബി.സി. എന്നും ക്രിസ്തുവിനു ശേഷം എ.ഡി. എന്നും കാലത്തെ വിഭജിച്ചു വിശേഷിപ്പിച്ചിരുന്ന ലോകം ഇപ്പോൾ പുതിയൊരു കാലവിഭജനം കൂടി നടത്തി രംഗത്തു വന്നിരിക്കുകയാണല്ലോ. ലോകത്തെ നടുക്കിയ കൊറോണ വൈറസ് മഹാമാരിയെ മുൻനിർത്തി കൊറോണയ്ക്കു മുമ്പ് ബി.സി. എന്നും കൊറോണയ്ക്കു ശേഷം എ.സി. എന്നും നാമകരണം ചെയ്തു കാലത്തെ വിഭജിച്ചിരിക്കുകയാണിപ്പോൾ! ക്രിസ്തുവിനു ശേഷം രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടാണ് കൊറോണ വന്നിരിക്കുന്നതെങ്കിലും രണ്ടായിരം വർഷങ്ങൾക്ക് കൊണ്ട് നമ്മൾ ഇതിനകം ക്രിസ്തുവിനെത്തന്നെയാണ് നഷ്ടപ്പെടുത്തിയിരിക്കുന്നതു എന്നൊരു ആമുഖം കൂടി പറയാൻ ആഗ്രഹിക്കുന്നു! അതായതു നമ്മുടെ ക്രിസ്തീയ മതജീവിതവും വൈറസ് ബാധിതമായിരിക്കുന്നു. അതു തിരിച്ചറിയാനുള്ള അവസാനത്തെ അടയാളമാണ് കൊറോണ വൈറസ്, 'കോവിഡ് 19' എന്ന ഓമനപ്പേരിൽ അവതരിച്ചിരിക്കുന്നത്.

ലോകത്തെ ജനങ്ങൾക്കെല്ലാം ഈ കൊറോണയെ അതിജീവിക്കേണ്ടതുണ്ട്; അതൊരു ആവശ്യമാണ്. അതിനുള്ള പ്രതിരോധ നടപടികൾ കണ്ടുപിടിച്ചേക്കാം. എന്നാൽ ലോകത്തിലെ മതങ്ങൾക്കു കൊറോണയെ അതിജീവിക്കാൻ ലോകത്തുള്ള ഒരു ലബോറട്ടറിയിലും വാക്സിൻ കണ്ടുപിടിക്കാൻ കഴിയില്ല. ക്രൈസ്തവസഭകളും ഈയൊരു യാഥാർത്ഥ്യം തിരിച്ചറിയണം. മലങ്കരസഭ ഈ യാഥാർത്ഥ്യം മനസ്സിലാക്കി വിശ്വാസ ജീവിതത്തെ പുനർനിർമ്മിക്കേണ്ടിയിരിക്കുന്നു. കൊറോണയ്ക്കു ശേഷം അല്ലെങ്കിൽ ഇനി കൊറോണയോടൊപ്പം നമുക്ക് പഴയതുപോലെ സഭാ ജീവിതം മുമ്പോട്ട് കൊണ്ടുപോകാൻ കഴിയില്ല. അതിനൊരു സാഹചര്യം കൊറോണ വരുത്തിവച്ചിട്ടുണ്ട്. പള്ളിയും പട്ടക്കാരനും ഇല്ലാതെ വിശ്വാസികൾ വീടുകളിൽ ഇരുന്നു പ്രാർത്ഥിക്കുന്ന ഒരു രീതിയിലേക്കു കൊറോണ നമ്മേ കൊണ്ടുപോയിരിക്കുന്നു! കുറച്ചുപേർക്കു വിശ്വാസ ജീവിതത്തിൽ പ്രതിസന്ധിയും ഉണ്ടായിട്ടുണ്ട്-സഭയിലും പള്ളിയിലും പട്ടക്കാരനിലും പ്രതിബദ്ധത കുറഞ്ഞു. ദേവാലയങ്ങൾ ഇനിയും വിശ്വാസികൾക്കായി തുറന്നാലും ശാരീരിക അകലവും മാനസിക അകലവും കാത്തുസൂക്ഷിക്കാൻ താല്പര്യപ്പെടുന്ന ഒരു സമൂഹത്തെ അവിടെ കണ്ടെന്നു വരാം. ആരാധനയ്ക്കിടയിൽ 'സമാധാനം' പകരാൻ പോലും ഇക്കൂട്ടർ വൈമനസ്യം കാണിച്ചേക്കാം.

കൊറോണയുടെ വരവോടെ ദൈവവിശ്വാസം കുറയുമെന്നല്ല പറയുന്നത്. ഒരു പക്ഷെ ദൈവത്തിലുള്ള മനുഷ്യന്റെ വിശ്വാസം ഇപ്പോൾ ഉള്ളതിനെക്കാൾ ഇരട്ടിക്കാനാണ് സാഹചര്യങ്ങൾ വഴിയൊരുക്കുന്നത്. ദൈവത്തിനു മാത്രമേ ഇനി മനുഷ്യരാശിയെ രക്ഷിക്കാൻ കഴിയൂ. മനുഷ്യന്റെ രക്ഷ വെടിക്കോപ്പുകളുടെയോ ആണവായുധങ്ങളുടെയോ ആധിപത്യം കൊണ്ടൊന്നും ഇനി ഒരു രാജ്യത്തിനും ഉറപ്പാക്കാൻ കഴിയില്ല. സമ്പത്തും അധികാരവും കൊണ്ടും മനുഷ്യന്റെ ജീവിതം സംരക്ഷിക്കപ്പെടുകയില്ല. അതിനാൽ കൊറോണ കാലത്തിനു ശേഷം നമ്മുടെ സഭ ശ്രദ്ധിക്കേണ്ട ഒരു കാര്യം, വിശ്വാസികളുടെ ദൈവവിശ്വാസത്തെ സംരക്ഷിക്കണമെന്നുള്ളതാണ്. കൊറോണ കാലത്തു വിശ്വാസികളുടെ പങ്കാളിത്തം ഇല്ലാതെ നടത്തിയ ആരാധനകൾ പല പള്ളികളും ടെലികാസ്റ്റ് ചെയ്തു. ചില പള്ളികളിൽ നടന്ന ആരാധന ടെലിവിഷനിൽ ലൈവ് ആയി കാണിച്ചു. വലിയ സങ്കടം തോന്നി. സാധാരണ കാലത്തു നടക്കുന്ന പള്ളിപ്പെരുന്നാളുകളും ആരാധനകളും പ്രചരിപ്പിക്കുന്നതു പോലെയല്ല കൊറോണയുടെ കാലത്തു നടത്തുന്ന ടെലികാസ്റ്റ്. വിശ്വാസികളുടെ ആരാധനാ ജീവിതത്തെയോ ദൈവവിശ്വാസത്തെയോ ഇത്തരം പലവിധ ടെലിക്കാസ്റ്റുകൾ ഉത്തേജിപ്പിക്കുകയില്ലെന്നാണ് തോന്നുന്നത്. നമ്മുടെ സഭയുടെ ആരാധന വിശ്വാസികളെ മയക്കുന്ന ഒരു കറപ്പല്ല എന്നോർക്കുന്നത് നന്ന്.

ആരാധനയും ഓർമ്മപ്പെരുന്നാളും ടെലിക്കാസ്റ്റ് ചെയ്യുന്നതിനുമപ്പുറം യേശു ക്രിസ്തുവിനെ നമ്മുടെ പുരോഹിതന്മാർ ജീവിതത്തിലൂടെ ടെലിക്കാസ്റ്റ് ചെയ്യേണ്ടിയിരിക്കുന്നു; പുരോഹിതന്മാർ മാത്രമല്ല അത്മായരും. മറ്റു ക്രൈസ്തവ സഭകളെ പോലെ മലങ്കര സഭയും സ്ഥാപിതവത്കൃതമായി ത്തീരുന്നുവോ? അജപാലകരും അജഗണങ്ങളും തമ്മിലുള്ള

വിടവ് വർദ്ധിക്കുന്നു. ആത്മീയമായ സത്യം അന്വേഷിച്ച് നമ്മുടെ സഭയിൽ നിന്നും മറ്റ് കേന്ദ്രങ്ങളിലേക്ക് ഒഴുകിപ്പോകുന്നവരുടെ ഒരു കണക്കെടുത്താൽ വിശ്വാസികളുടെ മേൽ കാണിക്കുന്ന കരുതലിന്റെ പൊള്ളത്തരം തിരിച്ചറിയാം. ആര്, എങ്ങോട്ട് പോയാലും ഒരു കുലുക്കവുമില്ല. ഭരിക്കുന്ന എല്ലാ സംവിധാനങ്ങളും സമിതികളും യഥാർത്ഥ ക്രിസ്തുവിനെ സാധാരണ വിശ്വാസിക്കു കാണിച്ചുകൊടുക്കാൻ പരാജയപ്പെട്ടോയെന്ന് കൊറോണക്കാലത്തെ നമ്മുടെ ആത്മപരിശോധന കൊണ്ട് കഴിയണം. കൊറോണ വൈറസ് യഥാർത്ഥത്തിൽ ഒരു പ്രവാചകന്റെ വരവായി നമ്മൾ കണക്കിലെടുത്താൽ അതു നൽകുന്ന മുന്നറിയിപ്പ് നമ്മുടെ സഭാജീവിതത്തിനു ഒരു വെളിച്ചമായെന്ന് സമ്മതിക്കേണ്ടിവരും. ഇടവകതലം മുതൽ വിളയാടിക്കൊണ്ടിരിക്കുന്ന ധൂർത്ത്, പകയും വിദ്വേഷവും, വ്യാജപ്രചാരണങ്ങൾ, കള്ളസാക്ഷ്യങ്ങൾ, ആചാരാനുഷ്ഠാനങ്ങളിൽ ഉള്ള കാപട്യം, സന്മാർഗ്ഗ വിരുദ്ധവും സദാചാരവിരുദ്ധവുമായ രഹസ്യനടപടികൾ, ധനത്തിന്റെ ചൂഷണം, അഹന്തയും അനീതിയും ഇങ്ങനെ ആത്മ പരിശോധനയ്ക്കു ഒട്ടേറെ കാര്യങ്ങൾ എടുത്തു പറയാനുണ്ട്.

സഭയുടെ പ്രവർത്തന ശൈലിയിൽ വിപ്ലവകരമായ മാറ്റം ഉണ്ടായേ പറ്റൂ. തീർത്ഥാടനകേന്ദ്രങ്ങളിൽ നേർച്ചയിടാൻ പോകുന്ന ഭക്തരുടെ മനസ്സിൽ നിന്നു വ്യത്യസ്തമായ ഒരു മനസ്സ് വിശ്വാസികളിൽ രൂപപ്പെട്ടു കഴിഞ്ഞു. ഉള്ളിൽ നിറഞ്ഞ ആശങ്കയോടെ ജീവിക്കുന്ന ഒരു വിശ്വാസ സമൂഹമാണ് നാളെ ഉണ്ടാകാൻ പോകുന്നത്. അവരുടെ ആശങ്കകൾക്കു സഭ എങ്ങനെ ഉത്തരം നൽകും? അതിനാൽ വിശ്വാസികളെ അഭിസംബോധന ചെയ്യാൻ സഭ ഒരുങ്ങണം. അതിനു ബാലസമാജവും സൺഡേസ്ക്കൂളും മുതൽ ശക്തീകരണം തുടങ്ങണം. യഥാർത്ഥ ക്രിസ്തീയ ജീവിതം നയിച്ചുകൊണ്ട് ഉത്തമ പൗരന്മാരായി വളരാൻ വിദ്യാർത്ഥി യുവജനങ്ങൾക്കു സഭ ആത്മീയമായ പിന്തുണ മാത്രമല്ല ഭൗതികമായ പിന്തുണയും നൽകണം. നമ്മുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും യുവജനപ്രസ്ഥാനത്തിന്റെയും വനിതാ സമാജത്തിന്റെയും പ്രവർത്തനങ്ങൾ ഇനി പഴയതുപോലെ ഫലിക്കുകയില്ല. സഭയുടെ കീഴിലുള്ള ആധ്യാത്മിക സംഘടനകൾ പുരോഹിത സമൂഹത്തിനു അധ്യക്ഷപദവി അലങ്കരിക്കാനുള്ളവയല്ലെന്നു തിരിച്ചറിയണം. സദസ്സുകൾ ആളില്ലാക്കസേരകളായി മാറിയിട്ട് എത്രയോ കാലമായി. പള്ളിക്കമ്മറ്റികൾ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന നിർമ്മാണ കമ്മിറ്റികളായി അധഃപതിച്ചിട്ട് എത്രയോ കാലമായി. നമ്മുടെ സന്യാസ പ്രസ്ഥാനങ്ങൾ ദുർബ്ബലമായിരിക്കുന്നു. സന്യാസപ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്തി സഭയുടെ മതിലുകളെ പുനർനിർമ്മിക്കുന്നതിനെപ്പറ്റി ഇനിയെങ്കിലും ചിന്തിച്ചു തുടങ്ങണം. അരങ്ങിലും അണിയറയിലും കള്ള നാണയങ്ങളുണ്ട്. കൊറോണ വൈറസിന്റെ മുമ്പിൽ കാപട്യം കൊണ്ടും അധികാരം കൊണ്ടും പിടിച്ചു നില്ക്കാൻ കഴിയില്ല. വിശ്വാസികൾക്കു സഭ ഒരു 'കരുതൽ' പാക്കേജ് പ്രഖ്യാപിക്കണം.

കൊറോണ വൈറസ് നമ്മുടെ സഭയുടെ ഭാവിയെ ചോദ്യം ചെയ്യുന്നുണ്ടെങ്കിലും കൊറോണയ്ക്കു മുമ്പ് നമ്മൾ ചെയ്തതെല്ലാം തെറ്റാണെന്നോ അതിലെല്ലാം യാഥാർത്ഥ്യബോധം കുറവായിരുന്നെന്നോ അർത്ഥമില്ല. ഒരു 'പാരഡൈം ഷിഫ്റ്റ്' ഇനിയും ആവശ്യമായിരിക്കുന്നുവെന്നു കരുതിയാൽ മതി. കൊറോണയിൻ വരവ് കൊണ്ട് സഭാകേസ് വിഷയത്തിൽ സുപ്രീം കോടതി വിധി ഉപേക്ഷിക്കണമെന്നും പറയാൻ കഴിയില്ല. ഇക്കാര്യത്തിൽ നൂറുശതമാനം യോജിപ്പാണ് നമ്മുടെ സഭയുടെ മേലദ്ധ്യക്ഷനായ പരിശുദ്ധ കാതോലിക്കാ ബാവായോട് രേഖപ്പെടുത്താനുള്ളത്. അതുപോലെ സഭയുടെ സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർക്കു വ്യക്തിപരമായ രാഷ്ട്രീയ ആഭിമുഖ്യം ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ ആ സ്വാതന്ത്ര്യം ഉപയോഗിക്കാം. എന്നാൽ രാഷ്ട്രീയക്കാർക്കു മുദ്രാവാക്യം വിളിക്കുന്നതു മ്ലേച്ഛമായ കാര്യമാണ്. ദൈവരാജ്യം സ്ഥാപിക്കാൻ സഭ പ്രവർത്തിക്കേണ്ടതു സഭയുടെ പ്രമാണങ്ങൾ പ്രകാരമാണ്. അതിനു കഴിവില്ലാത്തവർ ദൈവവിളിയുമായി നടന്നു സഭയുടെ ഗാത്രത്തെ മലിനപ്പെടുത്തരുത്. ഇങ്ങനെ കൊറോണ നമ്മെ ഓർമ്മപ്പെടുത്തുന്ന അനേകം കാര്യങ്ങളുണ്ട്. ഇന്നലെ ഉണ്ടായ തെറ്റുകളും കുറവുകളും ആത്മപരിശോധനയിലൂടെ തിരുത്തുക എന്നതാണ് കൊറോണയ്ക്ക് ശേഷം എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന AC കൊണ്ട് ഉദ്ദേശിക്കുന്നതെന്നു തിരിച്ചറിയുക.



ഡോ. സി. ജെ. റോയി

'സ്റ്റോറി ഓഫ് ഫിലോസഫി' യും സ്റ്റോറി ഓഫ് സിവലിസേഷനും ഉൾപ്പോടെ പല വിശിഷ്ട കൃതികളുടെ കർത്താവായ വിൽഡുറന്റിനോട് (1885–1981) ഒരു പത്ര പ്രവർത്തകൻ ചോദിച്ചു:
"എന്താണ് സന്തോഷം?"
എല്ലാവരും ആഗ്രഹിക്കുന്നതും എളുപ്പത്തിൽ നേടാൻ കഴിയുന്നതുമായ ഒരു മാനസികാവസ്ഥയാണു സന്തോഷം. ഏറെ മഹാത്മാക്കളുടെ ജീവിതകഥകൾ അപഗ്രഥിച്ചു പഠിച്ചിട്ടുള്ള ഡുറന്റിന് അതിനു വ്യക്തവും പ്രയോജനകരവുമായ ഒരു നിർവചനം നൽകാൻ കഴിയുമെന്ന പ്രതീക്ഷയിലായിരുന്നു പത്ര പ്രവർത്തകന്റെ ചോദ്യം.
പെട്ടെന്നൊരു ഉത്തരം ഉണ്ടായില്ല ഈ ചോദ്യത്തിനു ഡുറന്റിൽ നിന്ന്. എത്രയോ കാലമായി അദ്ദേഹം അന്വേഷിച്ചു നടന്ന ഒന്നാണ് സന്തോഷം. ജോലിയിൽ, സൗഹൃദങ്ങളിൽ, യാത്രയിൽ, സമ്പത്തിൽ, സ്ഥാനമാനങ്ങളിൽ സന്തോഷത്തിന്റെ ചില ലഘുസ്പന്ദനങ്ങൾ അവയിൽ അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നു. പക്ഷേ, അവയ്ക്കപ്പുറത്തുള്ള എന്തോ ആണ് യഥാർത്ഥ സന്തോഷം. എന്താണ്?
സ്വപ്നങ്ങളും പ്രതീക്ഷകളും നിരാശകളും നന്മതിന്മകളുമൊക്കെ കെട്ടു പിണഞ്ഞു കിടന്ന ഒന്നായിരുന്നു ഡുറന്റിന്റെ ജീവിതം ഓർമ്മകളിലൂടെ പിന്നോട്ടു പോകുമ്പോൾ ആദ്യത്തെ സന്തോഷാനുഭവം അമ്മയിൽ നിന്ന്, അമ്മിഞ്ഞപ്പാലിന്റെ മാധുര്യം, കൈകളുടെ ലാളന, കണ്ണുകളിലെ വാത്സല്യം-പിന്നെ കളിക്കൂട്ടുകാർ. പരാജയങ്ങൾക്കിടയിലും കൈവരുന്ന ഹർഷോന്മാദം, ആദ്യപ്രണയത്തിന്റെ സുഗന്ധം, ഇഷ്ടകാമുകിയുടെ ചുംബനം...
അല്പം മുതിർന്നപ്പോൾ ചുറ്റിലുമുള്ള മനുഷ്യരുടെ ജീവിതം എങ്ങനെ മെച്ചപ്പെടുത്താമെന്ന അന്വേഷണത്തിലായി ഡുറന്റ്, ജനങ്ങൾ സ്വാർത്ഥതയും തൻപോരിമയും കൈവിടണം. സുഖവും സമാധാനവും കൈവരാൻ നിയമങ്ങളുണ്ടാകണം. പക്ഷേ, ആരും തന്റെ വാക്കുകൾ ശ്രദ്ധിച്ചില്ല. ശത്രുക്കൾ ഉണ്ടാവുകയും ചെയ്തു. നാടു നന്നാക്കുന്നതിനു മുൻപു സ്വയം നന്നാകൂ എന്ന് ആരോ ഉപദേശിക്കുകയും ചെയ്തു.

# കുടുംബം സന്തോഷത്തിന്റെ സാഫല്യം



പിന്നെ ഏകാന്തവാസം അറിവിന്റെ പുതുലോകങ്ങൾ അധീനമാക്കി. എഴുത്തിൽ മുഴുകി. സമ്പത്തും സ്ഥാനമാനങ്ങളും കൈവന്നു. സുദീർഘമായ ഉല്ലാസയാത്രകൾ. ഒന്നിലും ഉണ്ടായില്ല ആശിക്കുന്ന സന്തോഷം.

ഒടുവിൽ ഒരുനാൾ ഒരു യാത്രയ്ക്കിടയിൽ ഒരു കൊച്ചു റെയിൽവേ സ്റ്റേഷനിലെത്തി. സ്റ്റേഷനു പിന്നിൽ ഒരു ചെറിയ കാർ ഏറെ നേരമായി ആരെയോ കാത്തു കിടക്കുന്നതു കണ്ടു. കാറിനുള്ളിൽ ഉറക്കത്തിലാണ്ട ഒരു കൈക്കുഞ്ഞിനെ മാറോടു ചേർത്ത് ഒരു സ്ത്രീ ഉണ്ടായിരുന്നു. തീവണ്ടിയിൽ നിന്ന് ഇറങ്ങിയ ഒരു യുവാവ് തിടുക്കത്തിൽ കാറിനടുത്തെത്തി. ഉറങ്ങുന്ന കുഞ്ഞിനെ ഉണർത്താതെ ഉമ്മവച്ച് സ്ത്രീയെ ആലിംഗനം ചെയ്തു. പിന്നെ അവർ ഒരുമിച്ച് ഗ്രാമപാതയിലൂടെ അവരുടെ വീട്ടിലേക്കു കാറോടിച്ചു പോയി.

ഡുറന്റ് എഴുതുന്നു: ഇപ്പോൾ ഞാൻ അറിയുന്നു എന്താണു സന്തോഷമെന്ന്, ജീവിതത്തിന്റെ പരമലക്ഷ്യമായ കുടുംബ ജീവിതമാണ് അത്. ഒന്നു കൂടെ കൂടിച്ചേർക്കാനുണ്ട് അതിനോട്. യഥാർത്ഥവും ശാശ്വതവുമായ സ്നേഹം.

ഒരു ചിന്തകനെന്നോ എഴുത്തുകാരനെന്നോ പത്രപ്രവർത്തകനെന്നോ ഉള്ള നിലകളിലൊന്നുമല്ല തന്റെ ഈ പ്രസ്താവമെന്നും ജീവിതത്തെ അടുത്തു കണ്ട് അതിലെ മൂല്യങ്ങളെ വിലയിരുത്തുന്ന സന്തുഷ്ടനായ കുടുംബനാഥനായാണ് അതെന്നും പറയുന്നു ഡുറന്റ്.

എന്താണു സന്തോഷം എന്ന ചോദ്യത്തിനു ഡുറന്റ് നൽകുന്ന മറുപടിയാണിത്. ഏറെ പ്രചരിക്കുകയും ചർച്ച ചെയ്യപ്പെടുകയും സന്തോഷകരമായ ജീവിതത്തിനു പ്രചോദനമാവുകയും ചെയ്തു അത്. അല്പമാലോചിച്ചാൽ നമുക്കും ഏറെ പ്രസക്തമായ ഒന്ന്. കുടുംബവും കുടുംബ ജീവിതവും ഉള്ളവരെങ്കിലും അവയുടെ പ്രാധാന്യം ഓർമ്മിക്കാതിരിക്കുന്നു നമ്മലധികം പേരും.


മനുഷ്യബന്ധങ്ങളിൽ കുടുംബപരമായതിനെക്കാൾ മർമ്മപ്രാധാനവും ശക്തവുമായി മറ്റൊന്നില്ല. ജീവിതത്തെ ആകർഷകവും അർത്ഥപൂർണ്ണവുമാകുന്ന എന്തിനും അടിത്തറ കുടുംബമാണ്. കുടുംബമാണു സാമ്രാജ്യമെന്നു പ്രശസ്ത റോമൻ പ്രഭാഷകനും നയതന്ത്രജ്ഞനുമായിരുന്ന സിസറോ രണ്ടായിരത്തിലധികം വർഷം മുൻപു പറഞ്ഞത് അതുകൊണ്ടാണ്. സ്വന്തം ഭവനത്തിൽ സമാധാനമുള്ളവൻ ഏറ്റവും ഭാഗ്യവാൻ എന്നു തൊട്ടുപിന്നാലെ ഗോയ്ഥെയും.

**സന്തോഷകരമായ കുടുംബം-സമാധാനപരമായ കുടുംബം**

കൂടെയുള്ളത് എന്നാണു കുടുംബ ശബ്ദത്തിന് അർത്ഥം. അച്ഛനും അമ്മയും അവരുടെ മക്കളും ഒരുമിക്കുന്ന സാമൂഹ്യ ഏകകം. മുൻതലമുറകളിൽ പല കുടുംബങ്ങൾ ഒരുമിച്ചു പാർക്കുന്ന കുടുംബമാണ് ഉണ്ടായിരുന്നത്. സഹകരിച്ചും പരസ്പരം സഹായിച്ചുമുള്ള കൂട്ടുകുടുംബ ജീവിതം ആദർശപരമായിരുന്നെങ്കിലും വ്യക്തിസ്വാതന്ത്ര്യത്തെ അതു പരിമിതപ്പെടുത്തിയിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നു അണുകുടുംബ അന്തരീക്ഷത്തിലേക്കുള്ള മാറ്റം കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിനെ ബാധിച്ചു. കുട്ടികളെ ഒരുതരം അനാഥത്വത്തിൽ അതെത്തിച്ചു. ആരുടെയും ശ്രദ്ധയിൽപെടാതെ ജീവിത സൗകര്യങ്ങൾ ദുർവിനിയോഗം ചെയ്യാൻ അവർക്ക് അവസരം ലഭിച്ചു. നവമാധ്യമ സാധ്യതകൾ ഉചിതമായി ഉപയോഗപ്പെടുത്തുന്നതിനു പകരം പലരെയും അവയുടെ അടിമകളാക്കി. അവരെ തിരുത്തുവാനോ വേണ്ട തരത്തിൽ ശ്രദ്ധിക്കുവാനെങ്കിലുമോ സ്വന്തം തിരക്കുകൾക്കിടയിൽ മാതാപിതാക്കൾക്കു കഴിയുന്നില്ല.

കുടുംബത്തിന്റെ തുടക്കം വിവാഹത്തിൽ നിന്ന് ആണല്ലോ. വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നുവെന്നാണു നമ്മുടെ വിശ്വാസം. എങ്കിലും പ്രയോഗതലത്തിൽ ഭൂമിയുടെ താല്പര്യങ്ങളാണ് അതിനെ നിയന്ത്രിക്കുന്നത്. ഭാര്യാ ഭർത്താക്കന്മാർ ബാഹ്യമായി മാത്രമല്ല ആന്തരികമായും അനുരൂപകരാകണം, അതില്ലാതെ പോകുമ്പോഴാണ് ഒരു കൊച്ചു കാറ്റുവീശുമ്പോൾ നിലംപതിക്കുന്ന പാഴ്മരം പോലെയോ അശ്രദ്ധയിൽ താഴെ വീണുടയുന്ന കളിപ്പാവപോലെയോ ഭാര്യാഭർതൃബന്ധം ശിഥിലമാകുന്നത്. ആ ശൈഥില്യം കുടുംബജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കും നിഴൽപരത്തും. കൊച്ചുകൊച്ചു സ്നേഹപ്രകടനങ്ങളിലൂടെ, കരുതലുകളിലൂടെ കുടുംബാംഗങ്ങൾ അവരുടെ കുടുംബങ്ങളെ ഉറച്ചവേരുകളും ബലമുള്ളതായ് തടിയുമുള്ള ഒരു പൂമരത്തെയെന്നപോലെ വളർത്തിയെടുക്കണം. അത് അവരുടെയും അവരെ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെയും ഭദ്രമായ അടിത്തറയാകണം. ○


## ഓർമ്മ



പ. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ, (ജൂൺ 29)



പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ (ജൂൺ 30)



വിശുദ്ധ തോമാ ശ്ലീഹായുടെ ഓർമ്മ (ജൂലൈ 3)



ഏഴാം മാർത്തോമ്മായുടെ 211-ാം ഓർമ്മ (ജൂലൈ 5), കോലഞ്ചേരി പള്ളി



സഖറിയ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 23-ാം ഓർമ്മ (ജൂലൈ 7), പത്തനാപുരം മൗണ്ട് താബോർ ദയറാ



യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 247-ാം ഓർമ്മ (ജൂലൈ 10), മുളന്തുരുത്തി പള്ളി



'ഞാൻ വളരെ ബിസിയാണ്. ഒട്ടും സമയമില്ല'. 'ഞാൻ തിരക്കിലായത് കൊണ്ട് അവരെ നോക്കാൻ വേറെ ആളെ ഏർപ്പാടാക്കിയിട്ടുണ്ട്'. 'എല്ലായിടത്തും എന്റെ കണ്ണ് ചെല്ലണം. ഇതൊക്കെ കാര്യക്ഷമമായി നോക്കി നടത്താൻ ഞാൻ തന്നെ വേണം. ഇങ്ങനെയൊക്കെ ചെയ്യുന്നത് കൊണ്ടാണ് ഇതൊക്കെ സംഭാവനയായി നൽകാൻ കഴിയുന്നത്.' കൊറോണക്കാലത്തിന് മുമ്പുള്ള ഭാവം ചില വാക്കുകളിൽ ഒതുക്കിയാൽ മുൻപറഞ്ഞതാണ്.

■ ഡോ. പ്രതീഷ് സി. മാമ്മൻ
(സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി ഓഫ് കേരള)

# കിരീടവും ചെങ്കോലും

എപ്പോഴും തിരക്കിലായിരുന്ന, അടിയാന്മാർ അനേകമുള്ള 'സമയത്തിന്' വിലയുള്ള കാലം. 'വീട്' ഉറങ്ങാനും ടി.വി. കാണാനും മാത്രം ഉപയോഗിച്ച കാലം. അവിടെയും അടിയാന്മാർ പണിയിലായിരുന്നു. താമസിക്കുന്നിടത്ത് പേരു ചേർക്കാത്ത പണിയാളുകൾ നാം അറിയാതെ നമ്മുടെ ജീവിതം 'സുഗമമാ'ക്കിക്കൊണ്ടേയിരുന്നു. 'കിരീടവും ചെങ്കോലും' ധരിച്ചു വാഴുന്നോരായിരുന്നു നാം. പറഞ്ഞു പഴകിയതാണെങ്കിലും ഇരുവായ്ത്തലയുള്ള വചനത്തിന്റെ നമുക്കിഷ്ടപ്പെട്ട വായ്ത്തല നാം നടപ്പിലാക്കി. അത് കല്പനയായി വ്യാഖ്യാനിച്ചു. വേറിട്ട വായനകൾക്ക് പ്രാധാന്യം നൽകിയില്ല.

'അവർ സമുദ്രത്തിൻ മസ്യത്തിൽ മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വ ഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിൻമേലും വാഴട്ടെ എന്ന് കൽപിച്ചു'. ഇങ്ങനെ 'മേൽ'ക്കേറി മേക്കിട്ട് കയറി നാം വാണു കൊണ്ടേയിരിക്കുന്നു.

'നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കി'യതിന് ശേഷം ആണ് അതു സംഭവിക്കുന്നത്.

തുടർന്നു വായിക്കുകയാണെങ്കിൽ 'വാഴുന്നത്' ദൈവാനുഗ്രഹമാണെന്ന് വരെ വായിച്ചെടുക്കാൻ കഴിയുന്ന ഇരുവായ്ത്തലയുള്ള മൂർച്ചയേറിയ വചനം. ഇരുകാലി ജന്തുക്കളായ നാം നമ്മളിൽ തന്നെ വാഴ്ചയുടെ ശ്രേണികളുണ്ടാക്കി. (ചിലരെങ്കിലും കൊറോണക്കാലത്തും വീടിനുള്ളിൽ ഈ വാഴ്ച തുടരുന്നുണ്ട്). ഇങ്ങനെ/അങ്ങനെ സുഗമമായി കിരീടവും ചെങ്കോലും വച്ച് വാണുകൊണ്ടിരിക്കുമ്പോഴാണ് ഒരു 'ചെറിയ' കിരീടം പ്രത്യക്ഷപ്പെടുന്നത്. 'കൊറോണ' എന്ന വാക്കിന്റെ അർത്ഥം 'കിരീടം' എന്നാണ്.

'പകൽ വാഴേണ്ടതിന് സൃഷ്ടിച്ച വലിപ്പമേറിയ വെളിച്ചത്തിന്റെ' കിരീടത്തോട് സാമ്യം തോന്നിയിട്ടാണ് 1968-ൽ ഇത്തരം വൈറസുകൾക്ക് കൊറോണ എന്ന് പേരിട്ടത്. ഈ സൂക്ഷ്മ കിരീടം ഈ ലോകത്തെ - നമ്മളെ നിശ്ചലമാക്കി.

സ്ഥിരമായി ഞായറാഴ്ചകളിൽ പള്ളിയിൽ പോകാൻ തിടുക്കം കാണിച്ചിരുന്നവർക്ക് യൂട്യൂബിലൂടെയും സൂമിലെയും പള്ളി അനുഭവം വ്യത്യസ്തമായി. പള്ളിയിലൊന്നും വീട്ടിൽ വേറൊന്നും ഓഫീസിൽ വേറൊന്നും ചന്തയിൽ മറ്റൊന്നും സ്വരൂപങ്ങൾ വച്ച് പുലർത്തിയ 'ലെഗ്യോന്മാരായ' നമുക്ക് കുറച്ച് നേരത്തേക്കെങ്കിലും വീട് പള്ളിയും ഓഫീസുമായി മാറി. അവിടെ നമുക്ക് 'ചായ' തരാനാളില്ല. മുഖ്യാസനം തരാനാളില്ല. 'ആരവിടെ' എന്ന് വിളിച്ചുകൂവാനാരുമില്ല. കല്ലും മണ്ണും കൊണ്ടുണ്ടാക്കിയ പലരുടെയും പൊങ്ങച്ചമായ ശോഭനിറഞ്ഞോരാലയം പല്ലികളുടെയും പാറ്റകളുടെയും ചിലപ്പോൾ പ്രാവുകളുടെയും എലികളുടെയും അഭയസ്ഥാനിയായി, വിഹാരകേന്ദ്രമായി.

മനുഷ്യരാശിയുടെ എല്ലാ പ്രശ്നങ്ങളും ഉത്ഭവിക്കുന്നത്, ഒരു മുറിയിൽ തനിയെ നിശബ്ദമായിരിക്കാനുള്ള കഴിവില്ലായ്മയിൽ നിന്നാണ് എന്ന് 1600-കളിൽ ബ്ലെയിസ് പാസ്ക്കൽ എന്ന തത്വചിന്തകൻ പറഞ്ഞിട്ടുണ്ട്.

'നിശ്ചലത' എന്തെന്ന് മറക്കുന്ന, നിശബ്ദത അറിയാത്ത വാഴ്ചകളും ശ്രേണിബദ്ധതയും കൈമുതലായ ഞാൻ എന്ന മനുഷ്യൻ ഇപ്പോഴും ചിന്തിക്കുന്നത് ആരാണ് വലിയവൻ-ഞാനോ കൊറോണയോ എന്നായി. 'ആന അഴിഞ്ഞാടി', കൊലവിളി നടത്തി കൊമ്പൻ, 'രക്തദാഹിയായ കടുവ' 'കൊന്നൊടുക്കി കൊറോണ ഭീകരൻ' എന്നീ വാക്കുകളിലെല്ലാം നിഴലിക്കുന്നത്... നമ്മളിൽ ആരാണ് വലിയവൻ? രാജത്വം പ്രാപിക്കുമ്പോൾ വലത്തും ഇടത്തും ആരാണ്' എന്ന ആ പഴയ ചോദ്യം തന്നെയാണ്.

ഈ സമ്പ്രദായം നമ്മൾ പ്രകൃതിയിലേക്കും ആരോപിച്ചു. കഥകൾ പടുത്തുയർത്തി കുട്ടികൾക്ക് അത് പറഞ്ഞുകൊടുത്തു. അവർ അത് ക്ലാസുകളിലും ജീവിതത്തിലും കാണിച്ചുകൊണ്ടിരിക്കുകയാണ്.

ആരാണ് കാടിന്റെ രാജാവ്? അത് സിംഹം. അപ്പോൾ രാജ്ഞിയോ? അതറിയില്ല. കടുവയോ? മയിലോ? അട്ടയോ? സിംഹത്തിന് കോവിഡ് 19 ബാധിച്ചാൽ അല്ലെങ്കിൽ ഏതെങ്കിലും അസുഖം ബാധിച്ചാൽ ആരാണ് രാജാവ്? മറ്റൊരു സിംഹം.

'കൊന്നുതിന്നുന്നവൻ' ആകുന്നത് കൊണ്ട് സിംഹത്തെ ഭക്ഷണ/ഊർജ്ജ പിരമിഡിന്റെ മുകളിൽ പ്രതിഷ്ഠിച്ച് അങ്ങനെയുള്ളവരാണ് രാജാക്കന്മാർ എന്ന് സ്ഥാപിച്ചു. മാനുകളുടെ എണ്ണം കൂടിയാലും കുറഞ്ഞാലും അത് സിംഹത്തിന്റെയും മാനുകളുടെയും നിലനിൽപ്പിനെ/ജീവനെ ബാധിക്കും എന്ന പരസ്പര വർത്തിത്വത്തിന്റെ സന്ദേശം നാം മനഃപൂർവ്വം മറന്നുകളയുകയാണ്.

ഓരോ ജീവന്റെയും നിലനിൽപ്പിന് മറ്റൊരു ജീവന്റെ, ജീവനില്ലാത്തതിന്റെ സഹായം ആവശ്യമാണെന്ന പാരസ്പര്യത്തിന്റെ തത്വം നാം മറന്നുകളഞ്ഞോ, അധീശത്വത്തിന്റെ, മേലാളതയുടെ, പിടിച്ചടക്കത്തിന്റെ കൂട്ടിവെക്കലിന്റെ മൂല്യങ്ങളാണ് കുട്ടികളായിരിക്കുമ്പോൾ സ്വായത്തമാക്കുന്നത്. മാർക്കുകളായാലും 'ലൈക്കു'കളായാലും 'വ്യൂ'കളായാലും നിലനിൽപ്പിനെക്കാളുപരി 'മേൽക്കൈ' നേടുക എന്നതാണ് നമുക്ക് പ്രധാനം. അവിടെയാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. പാരസ്പര്യത്തിന്റെ നൻമകൾ അവസാനിക്കുന്നത്.

'പ്രകൃതി' നമുക്ക് വാഴുവാനും വാങ്ങുവാനും നശിപ്പിക്കാനും തോന്നുന്ന വിധം ഉപയോഗിക്കാനുമുള്ളതാണെന്ന വായനകളാണ് ചെറുപ്പം മുതലേ ചുറ്റുപാടും കേൾക്കുന്നത്. ഞാൻ ഉറക്കമുണരുമ്പോൾ

ജീവിക്കണമെങ്കിൽ 'ശുദ്ധവായു' വേണമെന്നും കുടിക്കാൻ ശുദ്ധമായ വെള്ളം ഉണ്ടാവണമെന്നും അന്തരീക്ഷത്തിൽ ചൂട് ഒരു പരിധി കഴിഞ്ഞാൽ ശരീരത്തിന് താങ്ങാൻ കഴിയില്ലെന്നും നമുക്കറിയാമെങ്കിലും നാം വിശ്വസിക്കില്ല. കാരണം 'ശുദ്ധവായു ബാറുകളിലും' (ദില്ലിയിൽ ഇത്തരം സംരംഭങ്ങളുണ്ട്. ഒരു മണിക്കൂറിന് 400 രൂപ മുതൽ മുകളിലേക്ക്) 'അക്വാഫിൽട്ടറുകളും' 'എ.സി.'കളും ഉള്ള കാലമാണിത്. ഇവിടെ പ്രകൃതി നൽകുന്നതിന് നാം വിലകൽപ്പിക്കാറില്ല. ഇനി വിലയിട്ടാലും അത് പ്രകൃതിക്ക് നാം കൊടുക്കാറില്ല.

'കൊറോണ' പോലെയുള്ള ജന്തുജന്യരോഗങ്ങളുടെയും പകർച്ച വ്യാധികളുടെയും ചരിത്രം പരിശോധിച്ചാൽ പിന്നിട്ട സമീപ ദശാബ്ദങ്ങളിൽ ഇവയുടെ എണ്ണം വർദ്ധിക്കാൻ പ്രധാനകാരണം പ്രകൃതിനാശമാണെന്ന് മനസ്സിലാക്കാം. ശാസ്ത്രീയമായ പഠനങ്ങളും അതിലേക്കാണ് വിരൽചൂണ്ടുന്നത്.

HIV യും എബോളയും കുരങ്ങുപനിയുമെല്ലാം ഇത്തരം പുതിയ ജന്തുജന്യവ്യാധികളാണ്. 'കൊറോണാ' വൈറസ് കുടുംബത്തിലെ നമ്മെ പേടിപ്പെടുത്തുന്ന മൂന്നു വൈറസുകളും നാം അറിയുന്നത് കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്തിനിടയിലാണ്. ഇവയെല്ലാം മൃഗങ്ങളിൽ നിന്നാണ് മനുഷ്യനിലെത്തിയത് എന്നതും പ്രസക്തമാണ്. അപ്പോൾ പ്രതിവിധി എന്താണെന്ന് പെട്ടെന്ന് ആലോചിക്കുമ്പോൾ നമുക്ക് തോന്നും 'ആ ജീവിവിഭാഗത്തെ-വവ്വാലുകളെ, ഈനാംപേച്ചികളെ, കുരങ്ങുകളെ, എലികളെ കൊന്നൊടുക്കുക' എന്നതാണെന്ന്. അവിടെയാണ് വീണ്ടും പ്രശ്നങ്ങളുടലെടുക്കുന്നത്. വേറൊരു രൂപത്തിൽ, ഭാവത്തിൽ ഈ സൂക്ഷ്മാണുക്കൾ അതിന്റെ നിലനിൽപ്പിന്റെ കോട്ട ഉയർത്തിപ്പിടിക്കും. നാം നമ്മുടെ മേൽക്കോയ്മക്കും അവ അതിന്റെ നിലനിൽപ്പിനും വേണ്ടി പോരാടുന്നു എന്നതാണ് വ്യത്യാസം.

കൊറോണയുടെ ചരിത്രം പരിശോധിച്ചാൽ 2002-ലെ 'സാർസ്'-1, 2012-ലെ 'മെർഡ്', 2019-ലെ സാർസ്-2 അഥവാ 'കോവിഡ് 19' മൃഗങ്ങളിൽ നിന്ന് മനുഷ്യനിലേക്ക് വന്നവയാണ്. 1940-2004 വരെയുള്ള പുതിയ പകർച്ച വ്യാധികളുടെ കണക്കെടുത്താൽ ഇവയിൽ അറുപത് ശതമാനത്തിന് മുകളിൽ ജന്തുജന്യരോഗങ്ങളാണ്. 71.8% വന്യജീവികളിൽ നിന്നാണുണ്ടായിട്ടുള്ളത്. 2004-ന് ശേഷമുള്ള കണക്കുകളെടുത്താൽ ഒരു പക്ഷെ ക്രമാതീതമാണെന്ന് തെളിഞ്ഞേക്കാം. കാലാവസ്ഥാ വ്യതിയാനം എന്ന പ്രതിഭാസം രോഗാവസ്ഥകൾക്ക് ആക്കം കൂട്ടുന്നു. അതും മനുഷ്യനിർമ്മിതമാണെന്നത് വസ്തുത.

1950 മുതലുള്ള കാലയളവിൽ 60% ശതമാനത്തോളം ജന്തുവിഭാഗങ്ങളുടെ നാശം സംഭവിച്ചു എന്ന് കണക്കുകൾ വിവരിക്കുന്നു. ഈക്കാലയളവിനെ പകർച്ചവ്യാധികളുടെ വർദ്ധന ക്രമാതീതമാണ്. കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലുണ്ടായ 31% പകർച്ച വ്യാധികളുടെയും പ്രത്യക്ഷകാരണം വനനശീകരണമാണെന്ന് ലോക സാമ്പത്തിക ഫോറം ചൂണ്ടിക്കാട്ടുന്നു. പലതരം വന്യമൃഗങ്ങളെ കൊന്ന് തിന്നുന്നതും (കൊന്നൊടുക്കി ഭക്ഷിക്കുന്നതും അവയെ കൂട്ടിലിട്ട് വിൽക്കുന്നതുമെല്ലാം പകർച്ചവ്യാധികളുടെ പെരുകലിന് ഇടയാക്കുന്നു എന്നത് മറ്റൊരു ചെറിയ വശം.

ഇത്തരം ആഘാതങ്ങളുടെ പശ്ചാത്തലത്തിലാണ് ഒരേ ആരോഗ്യം അഥവാ ഒരു ആരോഗ്യം (one Health) എന്ന ബഹുമുഖ ചിന്ത ഒരു ദശാബ്ദം മുൻപ് ശക്തമായതും നയരൂപീകരണത്തിൽ അത്തരം ആശയങ്ങൾ കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടായതും.

ഒരു ആരോഗ്യത്തിൽ, പരിസ്ഥിതിയുടെയും മനുഷ്യന്റെയും ജന്തുക്കളുടെയും ആരോഗ്യം ഒന്നാണ്; പലതല്ല. അപ്പോൾ ചികിത്സാ രീതികളും അത്തരത്തിൽ ആലോചിക്കേണ്ടി വരും. ലെഗ്യോന്മാരുടെ മാനസാന്തരമാണ് അത് ലക്ഷ്യമിട്ടത്.

നമ്മുടെ നിലനിൽപ്പിന് കാരണമായുള്ള പ്രകൃതിയെ വെട്ടിപ്പിടിച്ചും ചൂഷണം ചെയ്തും വരുതിക്ക് കൊണ്ട് വന്നും അധീശത്വം ഉറപ്പിക്കുന്നത് പോലെയാണ് നാം മനുഷ്യകുലത്തിൽപ്പെട്ട സഹജീവികളോടും പെരുമാറുന്നത്. പ്രത്യാഘാതങ്ങൾ രണ്ടിനുമുണ്ടാകും. പ്രത്യക്ഷമായും പരോക്ഷമായും.

നമ്മുടെ രാജ്യത്തിന്റെ അഥവാ സംസ്ഥാനത്തിന്റെ ധനസ്ഥിതി നിലനിർത്താൻ സഹായിക്കുന്ന ഒട്ടനേകം അസംഘടിതർ നമ്മുടെ ചുറ്റുമുണ്ട്. സാമ്പത്തികവളർച്ച നിലനിർത്തുന്നതിനേക്കാളുപരി, നാം അറിയാതെ നമ്മുടെ നിലനിൽപിന് വേണ്ടിയാണവർ പണിയെടുത്തത്. മഹാനഗരങ്ങളിൽ വീട്ടു ജോലിക്കായും ആക്രി പെറുക്കുകാരായും പ്ലംബറും ടെക്നീഷ്യന്മാരുമായും പണിയെടുത്ത ഇവരെയെല്ലാം കൊലക്ക് കൊടുക്കാനാണ് രാജ്യം തീരുമാനിച്ചത്. ലോക്ഡൗണിന്റെ ആദ്യപകുതി പിന്നിട്ടപ്പോൾ അവരെ നാം നാട്ടിലേക്ക് പറഞ്ഞയച്ചു. നടന്നും സൈക്കിളിലുകളിൽ യാത്ര ചെയ്തും റെയിൽ പാളങ്ങളിൽ അന്തിയുറങ്ങിയും യാത്ര ചെയ്തവർ കുറെയേറെപ്പേർ മരിച്ചു. ബാക്കിയെല്ലാവരും നാട്ടിലെത്തിക്കൊണ്ടിരിക്കുന്നു. സ്വന്തം നാട്ടിലെ അവസ്ഥയും ജാതിവേർതിരിവുകളും അധഃകൃതാവസ്ഥയും പരിഗണിച്ച് പണിയെടുത്ത് പണം സമ്പാദിച്ച് വീടുകളിലേക്കയക്കാൻ മഹാനഗരങ്ങളിലേക്ക് കുടിയേറിയ പാവങ്ങൾ നമുക്ക് വേണ്ടി പണിയെടുത്തപ്പോൾ നാം തുച്ഛമായ കൂലി കൊടുത്തു. പക്ഷെ അവർക്ക് സന്തോഷമായിരുന്നു. പണിയില്ലാതെ വന്നപ്പോൾ അവർക്ക് പലായനം ചെയ്യേണ്ടിവന്നു. മറ്റ് ദേശങ്ങളിൽ നിന്ന് വന്ന തൊഴിലാളികളെ കേരളം സംരക്ഷിക്കാൻ ശ്രമിച്ചപ്പോൾ അവരെ അതിഥി തൊഴിലാളികളെന്ന് വിളിച്ചപ്പോൾ, നമ്മിളിൽ ചിലരെങ്കിലും അതിനെതിരെ പ്രതികരിച്ചു. അസഭ്യം പറഞ്ഞു. ഈ തൊഴിലാളികൾ നമ്മെ മുതലെടുക്കുകയാണെന്നും സാജന്യങ്ങൾ വിറ്റ് കാശാക്കുകയാണെന്നും പറഞ്ഞ് വീഡിയോകളും വാർത്താശകലങ്ങളും പ്രസിദ്ധീകരിച്ചു. എന്നാൽ നമ്മുടെ ബന്ധുക്കളും സ്വന്തക്കാരും ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുമ്പോൾ അവരും 'അതിഥിതൊഴിലാളികളാണെന്ന്' നാം മറന്നു. ഇവിടെയും ആരാണ് വലിയവൻ എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താനാണ് നാം ശ്രമിച്ചത്.

'കൊറോണാ ഭീകരനെ പിടിച്ചുകെട്ടി ടീച്ചറമ്മ', 'കൊറോണയ്ക്ക് കേരളത്തിലിടമില്ല' 'കൊറോണ ഭീകരനെതിരെയുള്ള കേരളത്തിന്റെ പ്രതിരോധമതിൽ' തുടങ്ങിയ പത്രതലക്കെട്ടുകളിലും വാഴുന്നോൻ-പ്രജ, രാജാവ്-അടിയൻ, വലിയവൻ ചെറിയവൻ തുടങ്ങിയ അധീശത്വത്തിന്റെ ചിന്തകളാണ് നാം കാത്ത് സൂക്ഷിക്കുന്നത്. നമ്മുടെ സഹോദരങ്ങൾ മറ്റ് ദേശങ്ങളിൽ തിരികെയെത്തുമ്പോൾ 'ഭീകരന്റെ കൈകൾ' നമുക്ക് താങ്ങാൻ കഴിയുമോ എന്ന ആശങ്കയിലാണ് ഇപ്പോൾ. പ്രശ്നത്തിന്റെ കാതലിലേക്ക് നാം ഇറങ്ങുന്നില്ല. ചില പ്രതികരണങ്ങളും പ്രതിവിധികളുമാണ് നാമിപ്പോഴും നടത്തുന്നത്.

മലനിരകൾ തുരന്നെടുത്ത് കെട്ടിപ്പൊക്കിയ ലക്ഷങ്ങളുടെ പള്ളികളും മണിമാളികകളും ചെറു ജീവികൾ കൈയേറിയപ്പോഴും അത് കെട്ടിപ്പൊക്കിയ അതിഥിതൊഴിലാളികൾ പാളങ്ങളിൽ മരിച്ച് വീഴുമ്പോഴും ഇച്ചായന്മാർ അമേരിക്കയിൽ മരിക്കുമ്പോഴും നാം ചിന്തിക്കുന്നത് ഇരുവായ്ത്തലയുള്ള വാളിന്റെ ആ പഴയ വ്യാഖ്യാനമാണ്.

“ദൈവം അവരെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മൽസ്യത്തിൻമേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്ന് അവരോട് കല്പിച്ചു”. കൊറോണയോ മനുഷ്യനോ അല്ല രാജാക്കന്മാർ. ജീവന്റെ ശൃംഖലയാണ് വലുത്. പാരസ്പര്യവും സഹവർത്തിത്വവുമാണ് വാഴുന്നോർ.

“നാം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഈ ലോകം നമ്മുടെ ചിന്തയുടെ ഫലമായ ഒരു പ്രക്രിയയാണ്. ചിന്തകൾ മാറാതെ അതിനെ മാറ്റാൻ സാധ്യമല്ല”

*-ആൽബർട്ട് ഐൻസ്റ്റീൻ*

■ ഫാ. കുറിയാക്കോസ് ജോർജ് ജിജോ
തിരുവനന്തപുരം

"മണവാളൻ കൂടെയുള്ളടത്തോളം
കാലം മണവറയുടെ പുത്രന്മാർക്ക്
ഉപവസിക്കാനാകില്ല. മണവാളൻ
എടുക്കപ്പെടുന്ന ദിവസം വരും.
അപ്പോൾ അവർ ഉപവസിക്കും"
ലൂക്കോ. 5:34,35

വലിയ നോമ്പ് കഴിഞ്ഞ് പരിശുദ്ധ സഭ ആചരിക്കുന്ന പ്രധാനപ്പെട്ട ഒരു നോമ്പാണല്ലോ ശ്ലീഹാനോമ്പ്. മലങ്കരയിൽ ഇന്ന് ഈ നോമ്പ് പതിമൂന്ന് ദിവസങ്ങളിലായി ജൂൺ പതിനാറിന് ആരംഭിച്ച് 29-ന് പരിശുദ്ധന്മാരായ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുനാളിനോട് അനുബന്ധിച്ച് അവസാനിക്കും വിധമാണ് ആചരിക്കുന്നത്.

**ശ്ലീഹാ നോമ്പ് എന്ന നാമം**

ശ്ലീഹാ എന്നത് അയക്കപ്പെട്ടത് എന്നർത്ഥം വരുന്ന ശ്ലാഹ് എന്ന സുറിയാനി പദത്തിൽ നിന്നും രൂപം കൊണ്ടതാണ്. എഡേസായിലെ യാക്കോബിന്റെ (+708) കാലത്ത് വായിക്കപ്പെട്ടിരുന്ന ശ്ലീഹാ വായനയിൽ (Acts 3:1 ff) നിന്നാവാം ശ്ലീഹാ നോമ്പ് എന്ന നാമം ലഭ്യമായത്.

**ശ്ലീഹാ നോമ്പിന്റെ ചരിത്രം**

ആദിമ സഭയിൽ ബുധൻ, വെള്ളി ദിനങ്ങളിലെ നോമ്പ്, വലിയ നോമ്പ് ഇവ കഴിഞ്ഞാൽ മൂന്നാമതായി രൂപം കൊണ്ട നോമ്പായി കണക്കാക്കപ്പെടുന്നത് ശ്ലീഹാ നോമ്പാണ്. പെന്തിക്കോസ്തിക്ക് ശേഷം 8 ദിവസം പിന്നിട്ടാൽ പിന്നീടുള്ള ഒരാഴ്ച നോമ്പായും, പെന്തിക്കോസ്തിക്ക് ശേഷമുള്ള വെള്ളിയാഴ്ച (സ്വർണ്ണവെള്ളി)യിലെ ഏകദിന നോമ്പായും അപ്പോസ്തല പ്രബോധനങ്ങളും, മാർ സേവേറിയോസും (+538) ഇതിനെ രേഖപ്പെടുത്തുന്നു. നാലാം നൂറ്റാണ്ടിൽ തന്നെ ഈ നോമ്പ് ആചരിച്ചിരുന്നതായി ചക്രവർത്തിയായ കോൺസ്റ്റന്റയിന് അത്താനാസ്യോസ് (+373) എഴുതുന്ന കത്തുകളിൽ നിന്നും വ്യക്തമാണ്.

മണവാളനായ ക്രിസ്തു തങ്ങളിൽ നിന്നും എടുക്കപ്പെടുകയും പരിശുദ്ധാത്മാവ് വരികയും ചെയ്തതിനാൽ ശ്ലീഹന്മാർ ഈ നോമ്പ് ആരംഭിച്ചതായി എഡേസായിലെ യാക്കോബ് (+708) അഭിപ്രായപ്പെടുന്നു. 12-ാം നൂറ്റാണ്ടോട് കൂടി പരിശുദ്ധാത്മാവിന് വേണ്ടിയുള്ള നോമ്പ് എന്ന നിലയിൽ പെന്തിക്കോസ്തിക്ക് ശേഷം വരുന്ന ഞായർ മുതൽ 50 ദിവസത്തേക്ക് ഈ നോമ്പ് ആചരിക്കുന്നതായി മർദീനിലെ യോഹന്നാൻ (+1165) സാക്ഷിക്കുന്നു.

ജൂൺ 29 പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിനം നോമ്പ് അവസാനിക്കുന്ന രീതി കാലക്രമേണ രൂപപ്പെട്ടതാകാനാണ് സാദ്ധ്യത. മലങ്കരയിലെ ഇന്ന് ദൃശ്യമായ രീതിയിൽ ഉള്ള നോമ്പാചരണം പഠനവിഷയമാക്കേണ്ടതാണ്.

**ശ്ലീഹാനോമ്പ്-റൂഹാഗമന കാലം** (Advent of Paracete)

12-ാം നൂറ്റാണ്ടിൽ സഭയിൽ മൂന്ന് ദൈർഘ്യമേറിയ നോമ്പുകൾ നിലനിന്നിരുന്നു എന്ന് സൂചനകളുണ്ട്. (മർദീനിലെ യോഹന്നാൻ +1165) ആദ്യത്തേത്. പിതാവാം ദൈവത്തോടുള്ള സൂചകമായി യൽദോ നോമ്പും പുത്രൻ തമ്പുരാന്റേതായി വലിയ നോമ്പും പരിശുദ്ധ റൂഹായുമായി ബന്ധപ്പെട്ട് ശ്ലീഹാ നോമ്പുമാണ് ഇവ. പെന്തിക്കോസ്തിയിൽ (Acts 2nd Chapter, 1 Cor 16:8) പ്രപഞ്ചം മുഴുവൻ ദൈവകൃപയിൽ (God's Grace) നിറയുകയും ശ്ലീഹന്മാരിൽ നിന്നെന്നപോലെ ക്രൈസ്തവരിൽ നിന്നും റൂഹാ നിറഞ്ഞൊഴുകുന്ന (Out pouring of Holy Sprit) അനുഭവം സംജാതമാകണം.

**ശ്ലീഹാ നോമ്പ്-സാക്ഷികളുടെ കാലം**
(Witness of Holy Trinity)

പരിശുദ്ധ റൂഹായുടെ നിറവിൽ ക്രിസ്തു ശിഷ്യർ ത്രിത്വസാക്ഷികളായി മാറി എന്നത് ചരിത്രസത്യം. (1 John 1:1,2). അങ്ങനെ അവർ ഊഷര ഭൂമിയിൽ തെളിനീരുറവകളായി മാറി, ഉപ്പായി, ലോകത്തിന് വെളിച്ചമായി. ആയതിന് തങ്ങളുടെ സ്വത്വം ഉപേക്ഷിച്ചവരുടെ സ്മരണ കൂടിയാണ് ഈ നോമ്പുകാലം.

**ഉപസംഹാരം**

മലങ്കര സഭയെ സംബന്ധിച്ച് നമ്മെ പരിശുദ്ധാത്മാവിന്റെ പരിപാലനയിലേക്ക് നയിച്ച മലങ്കരയുടെ അപ്പോസ്തലൻ മാർത്തോമാ ശ്ലീഹായുടെ ഓർമ്മദിനം ഈ കാലയളവിലാണല്ലോ. (ജൂലൈ 3, പൗരാണിക കാലം മുതൽ ആചരിക്കുന്നതും, പൗരസ്ത്യ സുറിയാനി ആരാധനാ പഞ്ചാംഗത്തിൽ ഉൾപ്പെട്ടതുമായ ദിനം). വേദപുസ്തകത്തിൽ ക്രിസ്തുവിനെ വിരൽ ചൂണ്ടുന്ന രണ്ട് അടയാളങ്ങളുണ്ട്; (symbols). ഒന്ന്, അറുക്കപ്പെട്ട കുഞ്ഞാട് (Jn. 1:29), രണ്ട്, ജീവന്റെ അപ്പം (Jn. 6:35) (Type and Anty type).

ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ ശിഷ്യർപോലും തിരിച്ചറിയുന്നത് മുറിക്കപ്പെട്ട അപ്പത്തിന്റെ അടയാളത്തിലൂടെയാണ് (ഉദാ: എമ്മാവൂസ്). ആരാധന വേദശാസ്ത്ര വീക്ഷണത്തിൽ പുരോഹിതന്മാരാൽ മാത്രം കാഴ്ച വയ്ക്കപ്പെടേണ്ട (മഗ്ദലന മറിയത്തോട് തൊടരുത് എന്ന് പറയുന്ന വസ്തുതയുടെ അടിസ്ഥാനം) ക്രിസ്തു എന്ന ജീവന്റെ അപ്പത്തെ ആഘോഷിപ്പാൻ തോമസ് വിളിക്കപ്പെടുന്നു. അങ്ങനെ തോമസ് വിഭജിക്കപ്പെട്ട ക്രിസ്തുവിനെ ആഘോഷിച്ച ആദ്യ മഹാപുരോഹിതനായി. (ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിനാലാണ് തോമസിന് പൗരോഹിത്യം ഇല്ലെന്ന് പ. പാത്രിയർക്കീസിന്റെ 203-ാം നമ്പർ കൽപനയെ മാർത്തോമായുടെ പിൻഗാമി തൃണവത്ഗണിച്ചത്). അതുകൊണ്ട് തന്നെയാണ് തത്വചിന്തകളുടേയും ഇതിഹാസങ്ങളുടേയും എന്തിനേറെ തൂണിലും തുരുമ്പിലും ഈശ്വര ചൈതന്യം കൽപിക്കുന്ന ഭാരതീയരുടെ ഇടയിൽ അപ്പത്തിൽ ദൃശ്യമാകുന്ന ക്രിസ്തുവിന്റെ ചൈതന്യം പ്രഘോഷിക്കുവാനും അതിന് സാക്ഷിയാകുവാനും തെരഞ്ഞെടുത്തത്. പരിശുദ്ധാത്മ നിറവിൽ ത്രിത്വ സാക്ഷികളാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കടപ്പാട്: ഫാ. ഡോ. ബേബി വർഗ്ഗീസ്, "പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ കാനോനിക നോമ്പുകൾ", നുഹറോ, സെപ്റ്റം. 1996, 61-86.





# മനുഷ്യാ! നീ മണ്ണാകുന്നു

■ ഫാ. എബി സി. ഫിലിപ്പ്
(സെന്റ് ജോർജ് ദയറാ, ഓതറ)

മണ്ണിനെയും പരിസ്ഥിതിയെയും സ്നേഹിക്കുവാൻ ഓർമ്മിച്ചുകൊണ്ട് ഒരു ദിനം കൂടി വന്നു ചേരുന്നു. ജൂൺ 5 ലോക പരിസ്ഥിതി ദിനം. തീർത്തും കാർഷിക മേഖലയിൽ അധിഷ്ഠിതമായി ജീവിച്ചിരുന്ന ഒരു സംസ്ക്കാരത്തിലേക്ക് മടങ്ങിപ്പോകുവാൻ കാലം നമുക്കായി കരുതി വച്ച് തന്ന ഒരു കോവിഡ് 19 കാലം. ഭക്ഷ്യ സുരക്ഷയെക്കുറിച്ചും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും തികച്ചും ബോധ്യപ്പെട്ട ഒരു കാലം. കാർഷിക മേഖലയിലേക്ക് മടങ്ങി വരുവാൻ താൽപര്യപ്പെടുന്ന ഏവർക്കും ഈ കുറിപ്പ് സഹായമാകട്ടെ.

വളക്കൂറുള്ള മണ്ണും യഥാസമയത്ത് ലഭിക്കുന്ന മഴയും മഞ്ഞും കേരളത്തിന്റെ മണ്ണിൽ ഏത് കൃഷികളും ഏത് സമയത്തും ചെയ്യുവാൻ മതിയായവയാണ്. ഒരു കുടുംബത്തിന്റെ ദൈനംദിന ആവശ്യത്തിലേക്ക് മതിയായ പച്ചക്കറികളും ഫലവർഗ്ഗങ്ങളും കിഴങ്ങ് വർഗ്ഗങ്ങളും വിജയിപ്പിച്ചെടുക്കാൻ നമുക്ക് ഇനിയും ശാസ്ത്രീയമായ പരിജ്ഞാനത്തിന്റെ അഭാവം കാണുവാൻ സാധിക്കും. അതുകൊണ്ട് നമുക്ക് ചെയ്യാൻ പറ്റുന്ന കൃഷികൾ ഏതെല്ലാം ആണ് അവയുടെ പരിചരണ മുറകൾ എന്തെല്ലാം എന്ന് പരിശോധിക്കാം.

പപ്പായ, കറിവേപ്പ്, മുരിങ്ങ, വഴുതന, കോവൽ അഗത്തി ചീര എന്നിവ ദീർഘകാല വിളകളാണ് നട്ടതിന് ശേഷം കുറഞ്ഞത് 3 വർഷം വരെയെങ്കിലും ഇവയുടെ ഫലം നമുക്ക് ലഭിക്കുന്നു. സ്ഥലപരിമിതി ഉള്ളവർക്ക് പോലും ഇവ ഓരോന്ന് വീതം നട്ടു പിടിപ്പിക്കാൻ ശ്രദ്ധിച്ചാൽ നമ്മൾക്ക് ആവശ്യമായ പച്ചക്കറികൾ ഇതിൽ നിന്നും ഉദ്പാദിപ്പിക്കാൻ സാധിക്കും.

ഹ്രസ്വകാല വിളകളായി കൃഷി ചെയ്യാൻ പറ്റുന്ന വിളയാണ് പയർ, പാവൽ, മത്തൻ, കുമ്പളം, മുളക്, വെണ്ട, ചീര, മുതലായവ ഇവ ഏത് കാലാവസ്ഥയിലും നമുക്ക് കൃഷി ചെയ്യാവുന്നതാണ്.

തക്കാളി, കോളിഫ്ളവർ, കാബേജ് മുതലായവ സെപ്റ്റംബർ, ജനുവരി മാസങ്ങളിൽ കൃഷിചെയ്ത് വിളവ് എടുക്കാവുന്നതാണ്.

കൃഷി രീതികളെക്കുറിച്ച് ഹ്രസ്വമായി പ്രതിപാദിക്കട്ടെ. മണ്ണിൽ അടങ്ങിയിരിക്കുന്ന സൂക്ഷ്മ മൂലകങ്ങൾ സസ്യം വലിച്ചെടുത്താണ് അവ വളരുന്നത്. ഏതെങ്കിലും ഒന്നിന്റെ അഭാവം പ്രകടമായാൽ അതിന്റെ വളർച്ചയെ മുരടിപ്പിക്കയോ മറ്റ് രോഗലക്ഷണങ്ങൾ കാണിക്കയോ ചെയ്യും. അതുകൊണ്ട് തന്നെ കൃഷി ചെയ്യുമ്പോൾ അടിസ്ഥാനപരമായി നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവയാണ്.

**1. മണ്ണൊരുക്കുന്നത്**

കൃഷി ചെയ്യുവാൻ ആഗ്രഹിക്കുന്ന സ്ഥലം നല്ല സൂര്യപ്രകാശം ലഭിക്കുന്നത് ആയിരിക്കണം. അതുപോലെ നിലം നന്നായി കിളച്ചിടുന്നത് അത്യാവശ്യമാണ്. കിളക്കുന്ന സമയത്തു തന്നെ സെന്റ് ഒന്നിന് ഒരു കിലോഗ്രാം കുമ്മായം മണ്ണിൽ വിതറുന്നത് അത്യുത്തമമാണ്. മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിനും കാൽസ്യത്തിന്റെ കുറവ് പരിഹരിക്കുന്നതിനും കുമ്മായം ഇടുന്നത് നന്നാണ്. ഇതുമൂലമുള്ള മണ്ണിൽ സസ്യത്തിന് നല്ല വേരോട്ടം ലഭിക്കുന്നു. ഇത് ആരോഗ്യത്തോടെ ചെടി വളരുന്നതിനും ഫലം നൽകുന്നതിനും സാധിക്കുന്നു.

**2. വിത്ത് പരിചരണം, അഥവാ വിത്ത് നടീൽ**

ഏതൊരു സസ്യത്തിന്റെയും വിത്ത് മണ്ണിൽ വീണ് കിളുർത്താൽ അത് ഫലം നൽകിയിരിക്കും എന്നുള്ളത് പ്രകൃതിയുടെ നിയമം ആണ്. അതുകൊണ്ട് വിത്ത് കിളിർപ്പിക്കുന്നത് വളരെ ശ്രദ്ധിക്കേണ്ടതാണ്. നടുവാൻ ഉപയോഗിക്കുന്ന വിത്ത് വർഗ്ഗങ്ങൾ 6 മാസത്തിൽ കൂടുതൽ പഴക്കം ഉള്ളത് ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. പുതിയ വിത്തുകൾ വേഗം കളിർക്കുവാൻ സാധ്യത കൂടുതലാണ്. വിത്തുകൾ മണ്ണിൽ ഇടുന്നതിന് മുമ്പ് 6 മുതൽ 12 മണിക്കൂർ വരെ വെള്ളത്തിൽ ഇട്ട് കുതിർത്തതിനുശേഷം നടുന്നത് നല്ലതാണ്.

പ്രത്യേകിച്ച് പയർ, വെണ്ട, പാവൽ, പടവലം തുടങ്ങിയവയുടെ വിത്തുകൾ. ഏതൊരു വിത്തും വിത്തിന്റെ വലുപ്പത്തിൽ മാത്രമെ മണ്ണിലേക്ക് താഴ്ത്തി വെയ്ക്കാവൂ എന്ന കൃഷി ശാസ്ത്രം ഓർത്തിരിക്കുന്നത് നന്ന്. പഴമക്കാർ പറയുന്നത് വിത്ത് ഇറക്കി നടാവൂ എന്നാണ്.

**3. വളപ്രയോഗം**

കൃഷി ചെയ്യുമ്പോൾ മണ്ണിൽ അടിസ്ഥാന വളമായി ജൈവവളം 80 ശതമാനവും ഇട്ടതിന്റെ ശേഷമേ വിത്ത് നടാവൂ. അതിന് ലഭ്യമായ എല്ലാ ജൈവ വളങ്ങളും ഉപയോഗിക്കാവുന്നതാണ്. പ്രത്യേകിച്ച് ഉണങ്ങിയ ചാണകപ്പൊടി, മണ്ണിര കമ്പോസ്റ്റ്, കോഴി വളം ഇവയിൽ ഏതെങ്കിലും ചാരം ചേർത്ത് തടത്തിൽ ഇട്ട് മണ്ണുമായി ചേർത്ത് ഇളക്കിയതിനു ശേഷം മാത്രമെ വിത്തുകളോ തൈകളോ നടാവൂ. ഇത് ചെടിയുടെ ത്വരിത വളർച്ച കൂട്ടുന്നതിനും പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും അത് വഴി, പല കീടങ്ങളുടെ ആക്രമണത്തിൽ നിന്ന് രക്ഷപെടുകയും ചെയ്യും.

ഇപ്പോൾ വിപണിയിൽ പല പ്രകൃതി ദത്ത വളങ്ങളും ലഭ്യമാണ്. അത് ഉപയോഗിക്കുന്നത് രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വിളവ് ലഭിക്കുന്നതിനും നല്ലതാണ്. ഉദാഹരണത്തിന് ന്യൂഡോമോണസ്, ട്രൈക്കോഡെർമ, മുതലായവ. ഇവ ഉപയോഗിക്കുമ്പോൾ നാം വളരെ ശ്രദ്ധിക്കണം. 1 ലിറ്റർ വെള്ളത്തിൽ 20 ഗ്രാം ചേർത്ത് ഇളക്കി കുറഞ്ഞത് 6 മണിക്കൂറിനു ശേഷം അതിന്റെ തെളി ഊറ്റിയെടുത്ത് വേണം സസ്യങ്ങളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുകയോ സ്പ്രേ ചെയ്യുകയോ ചെയ്യേണ്ടത്. പച്ചക്കറികൾ നട്ട് 10 ദിവസത്തിന് ശേഷം. 5:5:5 അനുപാതത്തിൽ യൂറിയ, പൊട്ടാഷ്, മഗ്നീഷ്യം എന്നിവ 10 ദിവസത്തെ ഇടവേളകളിൽ മണ്ണിൽ ചേർത്ത് കൊടുക്കുന്നത് വളരെ നല്ലതാണ്. ഒരു മാസത്തിന് ശേഷം പുഷ്പിക്കുവാനും കായ്കൾ ഉണ്ടാകുവാനും തുടങ്ങും. അപ്പോൾ അവ കൊഴിയാതെയും മുരടിച്ച് പോകാതെയും ഇരിക്കാൻ Borax എന്ന മൂലകം 2 ഗ്രാം ഒരു ചെടിക്ക് എന്ന കണക്കിൽ വെള്ളത്തിൽ ലയിപ്പിച്ച് മണ്ണിൽ ഒഴിച്ചു കൊടുക്കുന്നത് നല്ലതാണ്. എല്ലുപൊടി, കടലപിണ്ണാക്ക് എന്നിവ മണ്ണിൽ ചേർക്കുമ്പോൾ 10:1 എന്ന അനുപാതത്തിൽ വേപ്പും പിണ്ണാക്കും ചേർത്ത് കൊടുക്കണം. അല്ലായെങ്കിൽ ഉറുമ്പിന്റെ ശല്യം ഉണ്ടാകും. വേപ്പിൻ പിണ്ണാക്ക് മണ്ണിൽ കൂടിയുണ്ടാകുന്ന പല അസുഖങ്ങളിൽ നിന്നും സസ്യത്തെ സംരക്ഷിക്കുകയും ചെയ്യും.

**4. കീടങ്ങളിൽ നിന്നുള്ള ആക്രമണം**

ഇത് തടയുന്നതിന് നാം പ്രധാനമായും അവലംബിക്കേണ്ട ലളിതമായ മാർഗ്ഗങ്ങൾ.

a) എല്ലാ പച്ചക്കറികളുടെയും അടുക്കൽ ദിവസത്തിൽ ഒരു പ്രാവശ്യം എങ്കിലും നമ്മൾ ചെല്ലണം. ചെറിയ കീടങ്ങൾ ഒക്കെ ഉണ്ടെങ്കിൽ അവയെ നമുക്ക് തന്നെ നശിപ്പിക്കാൻ പറ്റും.

b) വെള്ളരി വർഗ്ഗ വിളകളിൽ കൂടുതലായി കാണുന്ന നീര് ഊറ്റിക്കുടിക്കുന്ന ഈച്ചകളെ തുരത്തുവാൻ കായിച്ച കെണി സമാപിക്കാം. അതിന് വിപണിയിൽ ഇപ്പോൾ വെജിറ്റബിൾ ട്രാപ് എന്ന പേരിൽ ലഭിക്കുന്ന കായീച്ച കെണികൾ 25 സെന്റ് സ്ഥലത്തിന് ഒരെണ്ണം എന്ന കണക്കിൽ കെട്ടിയിട്ടാൽ ആൺ ഈച്ചകൾ ഇതിന്റെ ഗന്ധത്തിൽ ആകൃഷ്ടനായി കെണിയിൽ വീഴും. അതുവഴി കൂടുതൽ ഈച്ചകൾ ഉണ്ടാകാതെ സസ്യത്തെ രക്ഷിക്കുവാൻ കഴിയും.

c) 10 ഗ്രാം ശർക്കര ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ പാളയൻ തോടൻ പഴം കലക്കി ചേർത്ത് പ്ലാസ്റ്റിക് ബോട്ടിലുകളിൽ ഒഴിച്ച് ചെറിയ സുഷിരങ്ങൾ ഇട്ട് കെട്ടിയിട്ടാൽ ഈച്ചകൾ അതിൽ ആകൃഷ്ടരായി വന്ന് വീണ് ചാകുവാൻ ഇടയാകും. അതുവഴി കീടങ്ങളുടെ ആക്രമണം തടയാം.



d) രാസ കീടനാശിനികൾ ഉപയോഗിക്കുന്നു എങ്കിൽ അതിൽ പറയുന്ന നിശ്ചിത അളവിൽ മാത്രമെ ഉപയോഗിക്കാവൂ. അഥവാ അളവ് കൂടിയാൽ ചെടികൾ പൂർണ്ണമായും നശിക്കുവാൻ ഇടയാകും. നമ്മുടെ ആരോഗ്യത്തിന് അത് ഹാനികരവുമാണ്.

**സൂക്ഷ്മ നിരീക്ഷണം**

കീടങ്ങളുടെ ആക്രമണത്തിൽ നിന്നും വളത്തിന്റെ അഭാവത്തിൽ നിന്നും കീടബാധകളിൽ നിന്നും പച്ചക്കറികളെ സംരക്ഷിക്കുവാൻ നമ്മുടെ ശ്രദ്ധയും നിരീക്ഷണവും ഫലപ്രദമാണ്. സർവ്വോപരി ദൈവാശ്രയബോധത്തോടെ ഒരു തപസ്യയായി കണ്ട് നാം ചെയ്യുന്നുണ്ടെങ്കിൽ ആത്മ ശരീര മനസ്സുകളുടെ സ്വസ്ഥതയ്ക്ക് ഇതിൽ പരം നല്ല മാർഗ്ഗം വേറെ ഉണ്ടാവുകയില്ല.

# LOCKDOWN
# കുട്ടികളും പിന്നെ നമ്മളും

■ **മെർലിൻ റ്റി. മാത്യു,**
**പുത്തൻകാവ്**

ഹേയ്! അങ്ങനെ ലോക്ഡൗൺ ഒന്നും ആക്കില്ല! ദേ വന്നു curfew! ഇത് എന്ത് സാധനം! ആദ്യം ഒക്കെ ഒരു പിന്നേ... എന്ന ഭാവം! പിന്ന അതിശയം കലർന്ന ഒരു രസം. നഷ്ടപ്പെട്ട family space, family time. ഇത്ര മനോഹരമായിരുന്നോ വീട് എന്ന്, നന്നായി ഒന്ന് വൃത്തിയാക്കിയപ്പോൾ തോന്നി. അടുക്കള പരീക്ഷണങ്ങൾ Trend ആയി. അടുക്കള തോട്ടം തരംഗമായി. വെറുതേ ഇരുന്ന് ശീലമില്ലെങ്കിലും ഒരു സുഖം തോന്നി.

IQ കൂടുതൽ ഉള്ള പേരന്റ്സ് ഒരാഴ്ച കഴിഞ്ഞപ്പോൾ ഓൺലൈൻ ക്ലാസ് വേണം എന്നു അതിയായി ആഗ്രഹിച്ചു. സുഹൃത്ത് വിളിച്ച് അത് പറഞ്ഞ് അങ്ങനെ പറഞ്ഞു എന്നിങ്ങനെ എവിടൊക്കെയോ ഓൺലൈൻ ക്ലാസ് തുടങ്ങിയപ്പോൾ മാതാപിതാക്കൾക്ക് ഒരു ആശ്വാസം. കാരണം ഈ മക്കൾ വെറുതേ ഇരിക്കുന്ന കാണുമ്പോൾ, ചിരിക്കുന്നത്, കളിക്കുന്നത്, ഒക്കെ കാണുമ്പോൾ ശ്ശോ, Time wasting ആണല്ലോ എന്ന് ഒരു സങ്കടം.

പിന്നെ വരുന്ന ഫോൺകോളുകളിൽ രണ്ട് കാര്യം മാത്രം. 1. കൊറോണ, 2. ഓൺലൈൻ ക്ലാസ്. എന്നാൽ ആ കുട്ടികൾ യാന്ത്രികമായ ജീവിതത്തിൽ നിന്ന് ഒന്ന് മനുഷ്യരാകുകയായിരുന്നു. ജീവിതം എന്ത് എന്ന് പഠിക്കുകയായിരുന്നു.



ഞാൻ പോയില്ല എങ്കിൽ എന്റെ കമ്പനി ഇല്ല എന്ന് ചിന്തിച്ചിരുന്നപ്പോൾ work at home കിട്ടി. ഈ കാലഘട്ടം വീട്ടിൽ ഇത്രയും വർക്ക് ഉണ്ടായിരുന്നു എന്നും പഠിപ്പിച്ചു. ഓൺലൈനിൽ കുട്ടികളെ ആക്കണം എന്നു വാശി പിടിക്കുമ്പോൾ ഇത് മധ്യവേനൽ അവധിയാണെന്ന പരിഗണന പോലും തോന്നിയില്ല പലർക്കും. കാരണം നാളുകളായി അവധി കാലങ്ങൾ മക്കളെ ബഹുമുഖ പ്രതിഭകളാക്കാൻ കോച്ചിംഗ് ആയിരുന്നല്ലോ. ചെസ് ക്ലാസ്സ്, നീന്തൽ ക്ലാസ്, ഡ്രോയിംഗ് ക്ലാസ്സ്, ഹാൻഡ്റൈറ്റിംഗ് ക്ലാസ്സ്, എന്തു പറയാൻ "നാലുകെട്ടും നടുമുറ്റവും ഒക്കെയാ പക്ഷെ കേറി കിടക്കാൻ ചോരാത്ത കൂര യില്ല എന്നതാണ് സത്യം" എന്ന് നിലയിലായി. പഠിപ്പിച്ച് പഠിപ്പിച്ച് കുട്ടിയുടെ കുട്ടിത്തം ഇല്ലാതെയായി.

പല അമ്മമാർക്കും പരാതിയും കൂടി Hyper active എന്ന്. ഒന്ന് വെറുതേയിരിക്കാൻ അനുവദിച്ചിട്ടില്ലാത്ത കൊണ്ട് അവന് അത് ശീലം ഇല്ല എന്നതല്ലേ സത്യം.

ആരെയൊക്കെയോ പോലെ ആക്കണം. വീട്ട് മുറ്റത്ത് നിന്ന് ആകാശത്തെ വിമാനം ചൂണ്ടി കാട്ടുന്ന കുട്ടിയ്ക്ക് അതിൽ കയറാൻ മോഹം. വിമാനത്തിൽ ഇരുന്ന് താഴേയ്ക്ക് നോക്കുന്ന പൈലറ്റിന് വീട്ടിലേക്ക് വരാൻ മോഹം. തീരത്ത് നിൽക്കുന്ന വന് തോണിയിൽ കയറാൻ മോഹം, തോണിയിൽ ഇരിക്കുന്നവന് തീരത്ത് വരാൻ മോഹം. ഇതാണ് ഇപ്പോൾ ജീവിതം.

ഓടാത്ത വാച്ച് കൈകളിൽ കെട്ടിയതു പോലെ ചില ജീവിതങ്ങൾ കൂടെയുണ്ടോ... ഉണ്ട്. കൂടെയല്ലേ, അല്ല. ദൂരെ നിന്ന് നോക്കിയാൽ ഇടതൂർന്ന വൃക്ഷങ്ങൾ എന്ത് മനോഹരം. അടുത്ത് ചെല്ലുമ്പോഴല്ലേ കഥ, ഓരോ വൃക്ഷവും ഒറ്റയ്ക്കാണ് എന്ന്. ഒന്ന് മിണ്ടാൻ പോലും ചിരിയ്ക്കാൻ പോലും മറന്നവർ. കൊറോണ ആവശ്യത്തിനും അധികം സമയം കൊടുത്തു. ഒന്നു ജീവിക്കാൻ, ഒന്ന് 'ചേർന്ന്' ജീവിക്കാൻ.

സമ്പന്നൻ ആകുമ്പോൾ സകലതും ആയെങ്കിൽ സമ്പന്നർ എന്തേ നിരത്തിൽ നൃത്തം ചെയ്യുന്നില്ല? നിഷ്കളങ്കരായ കുഞ്ഞുങ്ങൾ മാത്രമല്ലേ നിരത്തിൽ നൃത്തം ചെയ്യൂ.

അധികാരം കിട്ടിയാൽ സകലതും ആയി എങ്കിൽ അധികാരികൾ എന്തേ ഗൺമാൻ ഇല്ലാതെ പുറത്ത് ഇറങ്ങാത്തത്? ഭാണ്ഡം മാത്രം കൈയ്യിലുള്ള ഭിക്ഷക്കാരെ നിർദയരായി നടക്കുന്നുള്ളൂ എന്നതാണ് വാസ്തവം.

കൊറോണ ചില പാഠങ്ങൾ നമ്മെ പഠിപ്പിച്ചു

### പാഠം 1 Break the Chain

ഒരു പാട് ചങ്ങലകൾ. തിരക്കുകൾ തീർത്ത ചങ്ങലകൾ ഇന്ന് കെട്ടി പിണഞ്ഞ് കിടക്കുന്നു. ദാമ്പത്യം, പിതൃത്വം, മാതൃ ത്വം, സാഹോദര്യം, അയൽ ബന്ധം, കർതൃപാദത്തിലിരിപ്പ് ഇതൊന്നിനും നേരമില്ലാതെ എന്നു മുതലോ കടുംകെട്ട് വീണ് ചങ്ങല ആയി മാറി. ഊരിയെടുക്കാൻ ഇഷ്ടം പോലെ നേരം കിട്ടി. ക്ഷമയോടെ ഊരി എടുത്താൽ സ്വയം തീർത്ത ചങ്ങലകൾ നിറം പോകാതെ വീണ്ടും കിട്ടും.



### പാഠം 2 Social Distancing

ഇത് ഗവൺമെന്റ് ഇപ്പോഴാണോ പറയുന്നേ! ഞങ്ങൾ എന്നേ ചെയ്തു തുടങ്ങി. ബോധപൂർവ്വവും അല്ലാതെയും പലരേയും അകലത്തിലാക്കി. ഇന്നു മുതൽ നിങ്ങൾ ഒന്നാണെന്നു പറഞ്ഞ് തലകുലുക്കി പോയവർക്കിടയിൽ പോലും ഒരു കൈയകലം ആയിരുന്നു. കുടുംബ ബന്ധങ്ങളിൽ, കൈപിടിച്ച് ഉയർത്തിയവരോട്, ഒരു വഴി കാട്ടി തന്നവരോട് ഒക്കെ distancing. തന്റെ സ്റ്റാറ്റസിന് ചേരാത്തവരോടു ഈ distancing ഉണ്ടായിരുന്നു. എന്നിരുന്നാലും നെരൂദാ പറയുന്നതുപോലെ, കാണുമ്പോൾ കെട്ടി പിടിക്കുകയും ഹൃദയത്തിൽ നാശം ചിന്തിക്കുകയും ശീലം ആയിരുന്നു. ഇപ്പോൾ കൊറോണ പറയുന്നു തിരിച്ച് പറയാൻ. കാണുമ്പോൾ ദൂരെയാണെങ്കിലും ഹൃദയ ത്തിൽ ഇടം വേണം എന്ന്.

### പാഠം 3 മാസ്ക് ധരിക്കണം

കൊള്ളാം! അല്ലേലും മാസ്ക് ആണ്. കാണുന്നില്ലന്നേയുള്ളു. ഉള്ളിൽ വേറെ, പക്ഷെ പുറമെ വിശ്വസ്തന്റെ മാസ്ക്. പ്രവർത്തിയില്ല. പ്രവർത്തനങ്ങളിൽ പണ്ടേ വിശ്വാസിയുടെ മാസ്ക്. ഭക്തി തൊട്ട് തീണ്ടിയിട്ടില്ല, ഭക്തന്റെ മാസ്ക്. ചിരിക്കാൻ താൽപര്യമില്ലേലും ഭംഗിയായി ചിരിക്കുമായിരുന്നു. കൊറോണ പറയുന്നു അത് വേണ്ടാന്ന്. അണപല്ല് കൊണ്ടു ഞെറുമ്മുന്നത് എന്തിനാണ് എന്ന്! കൊറോണ പഠിപ്പി ക്കുന്നു: നിന്റെ വായ് (നാവ്) ഒന്ന് മൂടിയാൽ അധരം കൊണ്ട് പ്രശംസ, വേദനിപ്പി ക്കൽ, ന്യായീകരിക്കൽ എന്നിവ അവസാനിപ്പിക്കാം (സങ്കീ. 46:10). മിണ്ടാതെ ഇരുന്ന് ദൈവം ആരെന്ന് അറിഞ്ഞു കൊൾക. നാവും മൂക്കും മാസ്ക് ഒന്നിച്ച് മൂടുമ്പോൾ നാവുമൂടിയാൽ മൂക്കിലൂടെയുള്ള നിന്റെ പ്രാണവായു നിനക്ക് നിയന്ത്രിക്കാം. മാസ്ക് പറയുന്നു നിന്റെ കണ്ണും ചെവിയും ഫ്രീ ആണ്. കാരണം കണ്ണുകൾ ഉയർത്താം. ദൈവമുഖം കാണാം. കാതുകൾ തുറക്കാം. ദൈവ ശബ്ദം കേൾക്കാം. സമയം തക്ക ത്തിൽ ഉപയോഗിച്ചവർ ഏറെയുണ്ട് കേട്ടോ, ഫാമിലി ബോണ്ടും സോഷ്യൽ ബോണ്ടും ഒന്ന് സർവീസ് ചെയ്ത് എടുത്തവർ! നെഹമ്യാവ് മതിൽ പണിതതു പോലെ!

ചെറിയ കുറ്റം പോലും കണ്ടുപിടിച്ച് വഴക്കുണ്ടാക്കിയ പലരും ചെറിയ കാര്യ ത്തിനു പോലും പരസ്പരം അഭിനന്ദിച്ചു തുടങ്ങി. കുട്ടികളുടെ മുന്നിൽ വെച്ച് പര സ്പരം ചെളിവാരിയെറിഞ്ഞാൽ തങ്ങളുടെ കൈയ്യിലാണ് ആദ്യം ചെളി ആകുന്നത് എന്ന് തിരിച്ചറിഞ്ഞവർ.

ഒന്നിച്ചിരുന്ന് Tea time, talk time ഒക്കെ നടത്തി ഫാമിലി ടൈം സൃഷ്ടിച്ചവർ. അവർ ആഹാരവും റ്റിവിയും തമ്മിൽ ബന്ധം വിച്ഛേദിച്ച് മുഖത്തു നോക്കി ചിരിച്ച് ചർച്ച ചെയ്ത്, സ്നേഹം പങ്കിടും.

ഒന്നിച്ച് അടുക്കളയിലും, അടുക്കള തോട്ടങ്ങളിലും ജോലി ചെയ്ത് മക്കളെ നടുവിൽ നിർത്തി ഉപ്പും പഞ്ചസാരയും തമ്മിലുള്ള വ്യത്യാസം പഠിപ്പിച്ചു. ഗ്രോബാഗുകളിൽ നട്ട പച്ചക്കറി



വിത്തുകൾ ഇപ്പോൾ പൂത്തു കായ്ച്ചു തുടങ്ങി.

ജോലിക്കാരി വരാത്തതുകൊണ്ട് അതും വീട്ടിലുള്ളവർ ഒന്നിച്ച് ചെയ്തു തുടങ്ങി. ബുദ്ധിയുള്ള അമ്മമാർ Crockerry shelf വൃത്തിയാക്കാൻ പല ടെക്നിക്കുകൾ കണ്ടുപിടിച്ചു.

ഉദാ. white day. അന്ന് കുട്ടി തന്നെ ഷെൽഫിൽ നിന്ന് വെള്ള പ്ലേറ്റുകൾ എടുത്ത് കഴുകി വൈറ്റ് ഡേയ്ക്ക് തയ്യാറാക്കും. അങ്കവും കാണാം താളിയും ഒടയ്ക്കാം. അങ്ങനെ അലമാരയിൽ ആരെയോ കാത്തിരുന്ന പാത്രങ്ങൾ വൃത്തിയായി. ട്യൂഷൻ ഇല്ലാത്ത കാലത്ത് നല്ല ഹോം ട്യൂഷൻ നടത്തപ്പെട്ടു. പഴമ, നന്മ, സ്നേഹം, കരുതൽ ഇവയെല്ലാം പൊടിതട്ടിയെടുത്തു.

എന്നാൽ ചില വീടുകൾ അപ്പോഴും ക്വാറന്റൈൻ സെന്ററുകളാണ്. ഓരോ മുറിയിൽ ഇരുന്ന് മൊബൈൽ ലോകത്ത്. pubge, Byju, Chats, Insta അങ്ങനെ മരവിച്ചു ചിലർ. മറ്റു ചിലരിൽ സർഗ്ഗവാസനകൾ പുറത്ത് വന്നു. പല വീടുകളിലും Tik Tok ഉം pot painting ഉം ഒന്നാം സ്ഥാനത്തും ഓൺലൈൻ മത്സരങ്ങൾ രണ്ടാം സ്ഥാനത്തും നിൽക്കുന്നു. സന്ധ്യാ നേരത്ത് എന്തെങ്കിലും Junk food കഴിച്ചോണ്ടിരുന്ന സ്ഥാനത്ത് ആ ഓർമ്മ നിലനിർത്താൻ ഓൺ ലൈൻ പേജുകളിൽ പ്രതിഭകൾ വ്യത്യസ്ത മികവുകൾ തെളിയിക്കുമ്പോൾ എന്തു വേണമെങ്കിലും പ്രേക്ഷകർക്ക് തിരഞ്ഞെടുക്കാം. പാട്ടോ, പ്രഭാഷണമോ, എന്തും. വിമർശകർ അവരുടെ കഴിവും തെളിയിച്ചുകൊണ്ടേ ഇരിക്കുന്നു. കാരണം ഈച്ചയ്ക്ക് പൂമ്പാറ്റ ആകാനും തേൻ നുകരാനും സാധിക്കില്ലല്ലോ.

സോപ്പ് ഇട്ടാൽ തീരാവുന്ന പ്രശ്നമേ വീട്ടിലും നാട്ടിലും ഉള്ളൂ എന്ന് കൊറോണ കാലം പഠിപ്പിച്ചു.

**പിൻകുറിപ്പ്:**

1. ആത്മശരീര മനസ്സുകളെ നിയന്ത്രിക്കാം.
2. ചൊല്ലും ചോറും ഒരുമിച്ച് ആയപ്പോൾ ഓരോ ഭവനവും ആരാധനാലയം ആയി തുടങ്ങി.
3. കൊറോണ വാർത്തകൾ മാത്രം വായിച്ച് രക്ത സമ്മർദ്ദം കൂട്ടാതെ ഇരിക്കാം.
4. ഉടഞ്ഞുപോയ ബന്ധങ്ങൾ പുനസ്ഥാപിക്കാം.
5. സ്രഷ്ടാവറിയാതെ ഒന്നും ഭവിക്കില്ല എന്ന് ഉറപ്പിക്കാം.
6. അധികാരികളിൽ നിന്ന് കേൾക്കുന്ന നിയമങ്ങൾ അനുസരിക്കാം.
7. അധികാരികളിൽ നിന്ന് മാത്രം വാർത്തകൾ കേൾക്കാം.
8. കുടുംബങ്ങൾക്ക് കിട്ടിയ സമയം തക്കത്തിൽ ഉപയോഗിക്കാം.
9. മഹാമാരിയുടെ ഭീതികൾ പങ്കുവെച്ച് മറ്റുള്ളവരെ അങ്കലാപ്പിലാക്കാതിരിക്കാം.
10. പ്രകൃതിയെ സ്നേഹിക്കാം, പ്രകൃതി വീണ്ടെടുത്ത സൗന്ദര്യം നശിപ്പിക്കാതെ ഇരിക്കാം.

ജീവിതം മുഖം നോക്കുന്ന കണ്ണാടി പോലെ ആണല്ലോ. ചിരിച്ചാൽ അതും ചിരിക്കും. കരഞ്ഞാൽ അതും കരയും. ഉടഞ്ഞ കണ്ണാടി ആയിരുന്നു ചില ജീവിതങ്ങൾ. ഉടഞ്ഞ കണ്ണാടിയുടെ ചില്ല് കഷണത്തിലേക്ക് നോക്കിയാലും സ്വയം കാണാം. ചരിച്ച് വെച്ചാൽ പുറകിൽ ഉള്ളവരെ കാണാം, നീ മുന്നിൽ നിൽക്കാൻ ആഗ്രഹിച്ചവരെ! വെയിലിലേക്ക് ചില്ല വെച്ചാൽ വീണ്ടും വെളിച്ചം കാണാം.

അസാധ്യതകളിൽ സാധ്യതകൾ ഏറെ തന്ന ചരിത്രകാലം. ഇഴയടുപ്പങ്ങൾ നഷ്ടപ്പെട്ടത് ചേർത്ത് കൊരുക്കാൻ അവസരം തന്ന കാലം. ബന്ധങ്ങളുടെ ഇടയിലെ മതിലുകൾ മാറ്റി പാലങ്ങൾ ആക്കാൻ അവസരം. സ്നേഹം എന്തെന്നും സമ്പത്ത് രക്ഷിക്കില്ലെന്നും പിറന്ന നാടിനോളം ഒന്നും പറ്റില്ലെന്നുമൊക്കെ മനസ്സിലാക്കാൻ അവസരം. ഇതുവരെ കരുതിയതും കരുതി വെച്ചതും ഒന്നുമല്ല സത്യമെന്ന് മനസ്സു തുറന്ന് സംസാരിച്ചപ്പോൾ മനസ്സിലാക്കാൻ അവസരം. cocoon കൾക്കുള്ളിൽ പുഴു വികൃതമെങ്കിലും പുറത്ത് വരുമ്പോൾ അഴകുള്ള പൂമ്പാറ്റകൾ ആകും എന്ന ശുഭ പ്രതീക്ഷ. കാരണം, നോഹയും യാക്കോബും യോസഫും മോശയും ദാവീദും ഏലിയാവും യോനയും ദാനിയേലും ലാസറും പൗലോസും ശിഷ്യന്മാരും ലോക്ഡൗൺ കഴിഞ്ഞ് പുറത്ത് ഇറങ്ങിയതു പോലെ...

# മാറ്റങ്ങളുടെ കാലം

■ **ഹന്ന വി. ആർ.**
കുണ്ടറ

'അനന്തമജ്ഞാതം അവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തു കണ്ടു'

ഈ ഈരടികൾ നമുക്ക് പരിചിതമാണ്. ഈ കാലത്തെ ക്കുറിച്ചുള്ള ഉചിതമായ വരികൾ. മനുഷ്യരാശി ഇന്നേവരെ കണ്ടിട്ടില്ലാത്തതും അനുഭവിച്ചിട്ടില്ലാത്തതുമായ മഹാമാരിയെ ലോകജനത നേരിടുന്നു. കോവിഡ് 19 എന്ന വൈറസ് ഒരു ലക്ഷത്തിൽപരം ജീവനുകൾ കാർന്നെടുത്തു കഴിഞ്ഞിരിക്കുന്നു.

1960 -ലാണ് കൊറോണ വൈറസ് കുടുംബത്തെ തിരിച്ചറിഞ്ഞത്. 2002-ൽ സിവിയർ അക്യൂട്ട് റെസ്പി റേറ്ററി സിൻഡ്രോം (സാർസ്) എന്ന പകർച്ച വ്യാധിക്ക് കാരണം ഒരു കൊറോണ വൈറസ് ആയിരുന്നു. ചൈന യിൽ നിന്നും പൊട്ടിപ്പുറപ്പെട്ട ഈ പകർച്ചവ്യാധി 800 ജീവനുകൾ എടുത്തു.

കൃത്യം പത്തു വർഷത്തിനു ശേഷം 2012 ഉണ്ടായ 'മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം'(മെർസ്) മറ്റൊരു കൊറോണ വൈറസ് ആയിരുന്നു. 2020 ലോകത്തിന്റെ ഉറക്കം കെടുത്തിയ കോവിഡ് 19 കൊറോണ കുടുംബത്തിലെ 'സാർസ് കോവ് -19' വൈറസ് ആണ്.

1980 കൊറോണ കുടുംബത്തെപ്പറ്റി ആദ്യമായി പഠിച്ച ശാസ്ത്രജ്ഞ ഡോ.സൂസൻ വീസ് കോവിഡ് പ്രതിരോധ ത്തെകുറിച്ച് പറയുന്നു 'വീട്ടിൽതന്നെ ഇരിക്കുക, സുരക്ഷിത മായി'. 'ദി ഇക്കണോമിസ്റ്റ്' റിപ്പോർട്ട് ചെയ്യുന്നു സാമൂഹിക അകലം പാലിക്കാതെ വന്നാൽ 25 മുതൽ 80% ലോകജന സംഖ്യയെ കൊറോണ ബാധിക്കുമെന്ന്.

മേല്പറഞ്ഞവയിൽ നിന്നും വ്യക്തമാണ്, കൃത്യമായ മരുന്നുകൾ കണ്ടുപിടിച്ചിട്ടില്ലാത്ത, രോഗപ്രതിരോധ കുത്തിവെപ്പു കളില്ലാത്ത, കോവിഡ് 19 നെ ചെറുക്കാൻ ഏറ്റവും മികച്ച മാർഗ്ഗം ഏതെങ്കിലും വിധത്തിൽ സമ്പർ ക്കവിലക്കിൽ കഴിയുക എന്നതാണ്. 130കോടി ഭാരതീയർ ഇന്ന് രോഗ പ്രതിരോധത്തിന് ഭാഗമായി സമ്പർക്ക വിലക്കിലാണ്.

നാളെയെക്കുറിച്ച് ഭയന്ന് അകലെയുള്ളബന്ധുമിത്രാദികളെ ഓർത്ത് അനിശ്ചിതത്വത്തിന്റെ നടുക്കട ലിൽ കഴിയുകയാണ് നമ്മൾ.

ദിനരാത്രികൾ മറന്ന് രോഗത്തെ നേരിടാൻ ആരോഗ്യ മേഖല പരിശ്രമിക്കുമ്പോൾ, രോഗപ്രതിരോധമരുന്ന് കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണ് ശാസ്ത്രജ്ഞന്മാർ. ലക്ഷ്യം ഒന്നുതന്നെ മനുഷ്യജീവനുകൾ രക്ഷിക്കുക.

വിവിധതരം ജാതി മത ചിന്ത വർഗ്ഗ വർണ്ണനിറ ലിംഗ വിവേചനങ്ങൾ മൂലം അക്രമങ്ങൾ രൂക്ഷമായിരുന്ന ഘട്ടത്തിൽ നിന്ന് ഓരോ മനുഷ്യ ജീവനും അമൂല്യമാണ് എന്ന ചിന്താസ്ഥിതിയിലേക്ക് മാറികഴിഞ്ഞു.

'ബഹുസ്വരതയിലെ ഏകതാ' എന്ന വിശേഷണമുള്ള ഇന്ത്യ ഒറ്റക്കെട്ടായി രോഗത്തെ പ്രതിരോധിക്കാൻ ഇറങ്ങി ക്കഴിഞ്ഞിരിക്കുന്നു. ഒരുതരത്തിലുള്ള വിവേചനങ്ങൾ ഇല്ലാതെ എത്രത്തോളം കോവിഡ്ബാധ കുറയ്ക്കാം, മരണസംഖ്യ കുറയ്ക്കാം എന്ന ചിന്തയിലാണ് എല്ലാവരും.

ഓരോ വ്യക്തി ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ കോവിഡ് എന്ന കുഞ്ഞൻ വൈറസിനെ തുരത്താൻ ശ്രമിക്കുന്നു. കൃത്യമായ ജാഗ്രതയും സുരക്ഷാ നടപടികളും കൈക്കൊണ്ടു രോഗത്തെ ചെറുക്കാൻ പ്രയത്നി ക്കുന്നു. അടിച്ചമർത്തലുകളുടേയും അസഹിഷ്ണുതയുടെയും വേർതിരിവുകളുടെയും ലോകത്ത് നിന്ന് മനുഷ്യത്വത്തിന്റെ ലോകത്തിലേക്ക് ഇന്ന് ചുവടുമാറ്റം നടന്നിരിക്കുന്നു. സ്വാർത്ഥതയിൽ നിന്നും നിസ്വാർത്ഥതയിലേക്കും, അസഹിഷ് ണുതയിൽ നിന്നും സഹിഷ്ണുതയിലേക്കും മനസുകൾ പറിച്ചു നടാൻ കോവിഡ് 19 വൈറസുകൾക്ക് കഴിഞ്ഞിരിക്കുന്നു.

ആദ്യം സൂചിപ്പിച്ചതുപോലെ രോഗപ്രതിരോധത്തിന്റെ ഭാഗമായി എല്ലാവരും സമ്പർക്കവിലക്കിലാണിപ്പോൾ. യാന്ത്രികതയിൽ നിന്നും മാനവികതയിലേക്ക് സഞ്ചരിക്കുന്ന മനുഷ്യന് രോഗപ്രതിരോധത്തിൽ ഏറ്റവും പ്രാധാന്യമുള്ളത് മാനസിക ആരോഗ്യം ആണ് . ഓരോ ഘട്ടത്തിലും പതറാതെ അതിജീവിക്കാൻ കെല്പുള്ള മനസ്സ് ഉണ്ടാകണം. രോഗത്തെ തുരത്താനും പ്രതിരോധ കാലം കഴിഞ്ഞ് വിവിധ മേഖലകളിൽ നിന്ന് ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ നേരിടാൻ കഴിയുന്ന ദൃഢതയുള്ള മനസ്സ് അത്യന്താപേക്ഷിതമാണ്. ഡോ. എ . പി. ജെ അബ്ദുൽ കലാം പറഞ്ഞതു പോലെ നമുക്ക് ചിറകുകൾ ഉണ്ട്, അത് പറക്കാൻ ഉള്ളതാണ്. ഏത് ആപത് ഘട്ടത്തെയും അതിജീവിച്ച് മുന്നേറുവാൻ കഴിവുള്ള കരുത്തുറ്റ മനസ്സ് വേണം. ഫയദോർ ദസ്തയേവ്സ്കിയുടെ 'കുറ്റവും ശിക്ഷയും' അവസാനിക്കുന്നത് ഇങ്ങനെയാണ്,

'ഇവിടെ മറ്റൊരു ചരിത്രം ആരംഭിക്കുന്നു. ഒരു മനുഷ്യന്റെ ക്രമാനുഗതമായ നവീകരണത്തിന്റെ , പുനർജന്മത്തിന്റെ ചരിത്രം. ഒരു ലോകത്ത് നിന്നും മറ്റൊരു ലോകത്തിലേക്ക് അയാൾ സാവധാനം നടന്നു നീങ്ങിയതിന്റെ ചരിത്രം. ഇതുവരെ അയാൾക്ക് അജ്ഞാതമായിരുന്ന നവ്യമായ ഒരു യാഥാർത്ഥ്യം വെളിവായതിന്റെ ചരിത്രം'.

അതെ നമുക്ക് മറ്റൊരു ചരിത്രം ആരംഭിക്കാം. അനുരഞ്ജനത്തിന്റെ, തിരുത്തലിന്റെ, ഒരുമയുടെ, നവചിന്ത യുടെ, വിട്ടുവീഴ്ചയുടെ, സ്നേഹത്തിന്റെ, സമാധാനത്തിന്റെ, ക്ഷമയുടെ, ജിജ്ഞാസയുടെ, ദയയുടെ, കാരുണ്യ ത്തിന്റെ, സന്തോഷത്തിന്റെ, സമചിത്തതയുടെ, സമത്വത്തിന്റെ, പുതിയ ചരിത്രം വീട്ടിലിരുപ്പിന്റെ കാലത്തു തുടങ്ങാം.





# ഭാരതീയനായ ആദ്യ കാതോലിക്കാ

■ ഫാ. സൈമൺ ജേക്കബ് മാത്യു, അയിരൂർ

ഭാരതത്തിൽ കാതോലിക്കാമാർ ഏറെ ഉണ്ടായാലും മറ്റാർക്കും ഒരിക്കലും ലഭിക്കാത്ത അസുലഭ ഭാഗ്യമാണ് മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് എന്ന വയോവൃദ്ധനെ 76-ാം വയസിൽ തേടിവന്നത്. ഭാരതമണ്ണിൽ സ്ഥാപിതമാകുന്ന പൗരസ്ത്യ കാതോലിക്കേറ്റിന്റെ പ്രഥമ അമരക്കാരനാവാനുള്ള വിളി. പക്ഷെ ആ പാനപാത്രം തന്നിൽ നിന്ന് ഒഴിഞ്ഞു പോകുവാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ച ഒരു ഇടയനെ തന്നെ ദൈവം തെരഞ്ഞെടുത്തു. ഭാരത ദേശത്തെ വിശുദ്ധ മാർത്തോമായുടെ ശ്ലൈഹീക സിംഹാസനത്തിലേക്ക് പ്രഥമ കാതോലിക്കാ ആയി പ. ബസേലിയോസ് പൗലോസ് ഒന്നാമനെ വിളിച്ച് 1912 സെപ്റ്റംബർ 15-ന് ഞായറാഴ്ച നിരണം പള്ളിയിൽ വച്ച് പ. അബ്ദേദ് മശിഹാ പാത്രിയർക്കീസിന്റെ മുഖ്യ കാർമികത്വത്തിൽ വിളിച്ച് അടുപ്പിച്ചപ്പോൾ ഒരു പുതിയ ചരിത്രം പിറക്കുകയായിരുന്നു. ആ പിതാവ് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയിട്ട് 107 വർഷങ്ങൾ പിന്നിടുമ്പോൾ ആ പരിശുദ്ധ പിതാവിന്റെ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കാം.

### 1. ദൈവനിയോഗത്തെ തിരിച്ചറിഞ്ഞ പിതാവ്

1836 ജനുവരി 17-ന് കോലഞ്ചേരി വെട്ടിത്തറ മുറിമറ്റത്തിൽ കുര്യന്റെയും മറിയത്തിന്റെയും തൃതീയപുത്രനായി ജനിച്ചു. പൗലോസ് ഇട്ടിമാണി ആശാന്റെ കീഴിൽ വിദ്യ അഭ്യസിച്ചു. അസാമാന്യ ബുദ്ധിവൈഭവവും, ഉത്സാഹവും, വിനയവും പ്രദർശിപ്പിച്ച ബാലൻ എല്ലാവരുടേയും പ്രീതി വാത്സല്യങ്ങൾക്ക് പാത്രീഭൂതനായി വളർന്നു. പിതൃസഹോദരനായ യൗസേഫ് കശീശ്ശയെപോലെ ഒരു വൈദീകനാകുവാൻ ആഗ്രഹിച്ച കൊച്ചു

പൗലോസിന് ചേപ്പാട് മാർ ദീവന്നാസ്യോസ് IV മലങ്കര മെത്രാപ്പോലീത്താ 7-ാം വയസിൽ പ്രഥമ പട്ടം നൽകി. തുടർന്ന് കോനാട്ട് യോഹന്നാൻ മൽപ്പാന്റെ കൂടെ പാമ്പാക്കുട താമസിച്ച് സുറിയാനിയും, ആരാധനയും അഭ്യസിച്ചു. 16-ാം വയസിൽ ചേപ്പാട് തിരുമേനിയിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു. തുടർന്ന് അന്ത്യോക്യക്കാരൻ യുയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും സുറിയാനിയിൽ കൂടുതൽ അവഗാഹം നേടുകയും ഒരു മൽപ്പാനായി പേരെടുക്കുകയും ചെയ്തു. ഇടവക ഭരണത്തോടൊപ്പം അനേകർക്ക് അദ്ദേഹം വിജ്ഞാനം പകർന്നു നൽകി.

നവീകരണ ആശയങ്ങൾ മലങ്കരസഭയിലേക്ക് കടന്നു കയറിയപ്പോൾ അതിനെതിരായി ശക്തമായ നിലപാടെടുത്ത് വിശ്വാസികളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തിയ വ്യക്തിത്വം ആയിരുന്നു പൗലോസ് കശീശാ. ഇക്കാലയളവിൽ മലങ്കര സന്ദർശിച്ച ചരിത്രത്തിലെ ആദ്യത്തെ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് പത്രോസ് പാത്രിയർക്കീസിനെ മുളന്തുരുത്തി പള്ളിയിൽ പോയി സന്ദർശിച്ചതാണ് പൗലോസ് കശീശായുടെ ജീവിതത്തെ തന്നെ മാറ്റി മറിച്ച സംഭവം. സന്ധ്യാപ്രാർത്ഥനയിൽ സുറിയാനിയിൽ ഭാംഗിയായി വിശ്വാസ പ്രമാണം ചൊല്ലിയ പൗലോസ് കശീശായിൽ ആകൃഷ്ടനായ പാത്രിയർക്കീസ് അദ്ദേഹത്തെ മെത്രാനാക്കുവാൻ ആഗ്രഹിച്ചു. എന്നാൽ ഇതറിഞ്ഞ വിനയാന്വിതനായ പൗലോസ് കശീശാ തന്റെ പ്രാരാബ്ധങ്ങളും, അയോഗ്യതകളും വിവരിച്ച് ബലഹീനനായ തന്നെ ഒഴിവാക്കണമെന്ന് അപേക്ഷിച്ചു. എന്നാൽ അദ്ദേഹത്തിന്റെ വിനയവും സത്യസന്ധതയും, ഒഴിഞ്ഞുമാറലും എല്ലാം പാത്രിയർക്കീസിലേക്ക് കൂടുതലായി അടുപ്പിച്ചു. ദൈവീക പദ്ധതിയിൽ പങ്കു ചേരുവാൻ ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തെ ഒരു റമ്പാനാക്കി വെട്ടിക്കൽ ദയറായിലേക്കയച്ചു. 1877 മെയ് 17നു കുന്നംകുളം ചിറളയം പള്ളിയിൽ വച്ച് മുറിമറ്റത്തിൽ പൗലോസ് റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. പുതിയതായി വാഴിക്കപ്പെട്ട 5 മെത്രാന്മാരോടൊപ്പം വെട്ടിക്കൽ ദയറായിൽ 40 ദിവസം ഒരുമിച്ചു കൂടി പ്രാർത്ഥനയിലും, നോമ്പിലും ഉപവാസത്തിലും കഴിച്ചു കൂട്ടിയതിനു ശേഷമായിരുന്നു മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കണ്ടനാട് മെത്രാസന ഇടവകയുടെ ചുമതല ഏറ്റെടുത്തത്. 36 വർഷത്തോളം കണ്ടനാട് മെത്രാസനത്തിന്റെ ആത്മീയവും ഭൗതീകവുമായ വളർച്ചയ്ക്കു വേണ്ടി അദ്ധ്വാനം ചെയ്ത് പതിനഞ്ചോളം പുതിയ പള്ളികൾ സ്ഥാപിക്കുകയും, നൂറിലധികം പേർക്ക് പട്ടം നൽകുകയും സ്ക്കൂൾ ആരംഭിക്കുകയും ഭദ്രാസന ആസ്ഥാനം പണിയുന്നതിന് മൂവാറ്റുപുഴയിലെ സ്ഥലം വാങ്ങുകയും ചെയ്തു. അബ്ദുള്ള പാത്രിയർക്കീസ് സൃഷ്ടിച്ച മലങ്കരയുടെ ഭിന്നതകളെ പരിഹരിക്കുന്നതിനായി മലങ്കരസഭയുടെ ക്ഷണം സ്വീകരിച്ച് മലങ്കരയിൽ എത്തിയ അബ്ദേദ് മശിഹാ പാത്രിയർക്കസ് സുന്നഹദോസ് കൂടി മാർ ഈവാനിയോസിനെ കാതോലിക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തെങ്കിലും അദ്ദേഹം വൈമനസ്യം പ്രകടിപ്പിച്ച് കോലഞ്ചേരിക്ക് മടങ്ങി. അവസാനം മലങ്കരമക്കളുടെ നിർബന്ധവും, 'ഇതിലേക്ക് എന്തെങ്കിലും തരത്തിൽ വൈമനസ്യം കാണിക്കുന്നത് പാവപ്പെട്ട നമ്മുടെ സഭഹയോട് തിരുമനസുകൊണ്ട് ചെയ്യുന്ന ഒരു മഹാപാതകമായിരിക്കും' എന്ന മാർ ദീവന്നാസ്യോസ് ആറാമന്റെ അഭ്യർത്ഥനയും മുൻ നിർത്തി അദ്ദേഹം മനസ്സിലാമനസ്സോടെ കാതോലിക്കാ സ്ഥാനം എന്ന മുൾക്കിരീടം 76-ാം വയസ്സിൽ ഏറ്റെടുത്തു. ദൈവം നൽകിയ കാലത്തോളം കാതോലിക്കേറ്റിനെ കണ്ണിലെ കൃഷ്ണമണി പോലെ അദ്ദേഹം കാത്തു സൂക്ഷിച്ചു. പിതാവ് 1913 മെയ് 3-ന് ഇഹലോകവാസം വെടിഞ്ഞു. പാമ്പാക്കുട സെ. തോമസ് ചെറിയ പള്ളിയിൽ കബറടങ്ങി. കേവലം ഏഴര മാസക്കാലം മാത്രം കാതോലിക്കാ സ്ഥാനത്ത് ഉപവിഷ്ടനായ പിതാവ് മോശയ്ക്ക് കൂട്ടായി അഹരോൻ എന്ന വിധത്തിൽ ഭരണാധികാരിയായ മാർ ദീവന്നാസ്യോസ് VI മലങ്കര മെത്രാപ്പോലീത്തായ്ക്കൊപ്പം ആത്മീയ മേലദ്ധ്യക്ഷനായി നിലകൊണ്ട് മലങ്കര സഭയെ വൈതരണികൾക്കിടയിലൂടെ നല്ല മേച്ചിൽ പുറത്തേക്ക് നയിച്ചു.

### 2. അദ്വിതീയനായ കാതോലിക്കാ

മാർതോമാ ശ്ലീഹായിൽ ആരംഭിച്ച് പ്രാദേശിക തലവന്മാരിലൂടെയും, ജാതിക്ക് തലവൻമാരിലൂടെയും അർക്കദ്യാക്കോന്മാരിലൂടെയും, മാർത്തോമ്മാ മെത്രാപ്പോലീത്തന്മാരിലൂടെയും, മലങ്കര മെത്രാപ്പോലീത്തന്മാരിലൂടെയും കടന്ന് കാതോലിക്കേറ്റിലേക്ക് എത്തുമ്പോൾ മലങ്കര സഭാ ചരിത്രത്തിലെ പുതിയ അദ്ധ്യായത്തിന് തുടക്കം കുറിക്കുകയായിരുന്നു. അതിന് നിമിത്തമാകുവാൻ വയോവൃദ്ധനായ പ. പൗലോസ് I കാതോലിക്കായും. കാതോലിക്കേറ്റിന്റെ ഇതുവരെയുള്ള ചരിത്രത്തിൽ ഏറ്റവും കുറഞ്ഞകാലം ഭരണം നടത്തിയ കാതോലിക്കായാണ് പ. പൗലോസ് പ്രഥമൻ ബാവാ. എന്നാൽ തന്റെ സമർപ്പണത്തിലൂടെ മലങ്കരയുടെ ചിരകാല സ്വപ്നം പൂവണിയുവാൻ നിമിത്തമായ വ്യക്തിത്വവും, കാതോലിക്കേറ്റിന്റെ പ്രസക്തി സമൂഹത്തിന് ബോധ്യമാകുവാൻ തെരഞ്ഞെടുക്കപ്പെട്ടവനും ആയിരുന്നു അദ്ദേഹം. മലങ്കരയിൽ ഒരു കാലത്ത് സ്വതന്ത്രമായി നിലനിന്ന എപ്പിസ്കോപ്പസി അതിന്റെ പൂർണ്ണ അർത്ഥത്തിൽ നിലനിർത്തുന്നതിൽ കാതോലിക്കേറ്റിനുള്ള സ്ഥാനം സമൂഹത്തിനു മുമ്പിൽ വരച്ചു കാട്ടുവാൻ ബാവായ്ക്ക് സാധിച്ചു.

ഇന്ന് കാതോലിക്കാ സ്ഥാനം പ്രൗഢിയുടെ ചിഹ്നമാണെങ്കിൽ പൗലോസ് I ബാവായ്ക്ക് അതൊരു മുൾക്കിരീടമായിരുന്നു. പ്രിയപ്പെട്ടവർക്കിടയിൽ അന്യയായി, പരദേശിയായി മലങ്കരയുടെ സ്വാതന്ത്ര്യത്തിനും, സ്വയം ശീർഷകത്വത്തിനുമായി കാതോലിക്കേറ്റ് എന്ന കുരിശ് വഹിച്ചു. ചുരുങ്ങിയ കാലത്തിനിടയിൽ രണ്ട് പേരെ (യുയാക്കിം മാർ ഈവാനിയോസ്, ഗീവർഗീസ് മാർ പീലക്സീനോസ്/ഗീവർഗീസ് പ്രഥമൻ ബാവാ) മെത്രാന്മാരായി വാഴിച്ചു. ഈ മെത്രാഭിഷേകമാണ് പാത്രിയർക്കീസും കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ചേർന്ന് നിർവഹിച്ച മലങ്കര സഭാ ചരിത്രത്തിലെ ഏക മെത്രാഭിഷേകം. പ. പരുമല തിരുമേനിയുടെയും കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയുടെയും കബറടക്കത്തിന് മുഖ്യ കാർമ്മികത്വം വഹിക്കുകയും നിർണായകമായ പല അവസരങ്ങളിലും അദ്ദേഹത്തിന്റെ നേതൃത്വം ഉണ്ടാവുകയും ചെയ്തിരുന്നു. 1889-ൽ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ വാഴ്ചയിലും 1911-ലെ മൂറോൻ കൂദാശയിലും 1912-ലെ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (ഗീവർഗീസ് ദ്വിതീയൻ ബാവാ) മെത്രാപ്പോലീത്തായുടെ വാഴ്ചയിലും പ. പിതാവ് സഹകാർമ്മികനായിരുന്നു.

മലങ്കര സഭാചരിത്രത്തിൽ നിർണായക സ്ഥാനം അലങ്കരിച്ച് ഭാരതീയനായ ആദ്യത്തെ കാതോലിക്കായുടെ കാതോലിക്കേറ്റിനെക്കുറിച്ചുള്ള സാക്ഷ്യം ഇന്നും പ്രസക്തമാണ്. "മലങ്കരസഭയാകുന്ന സത്യം ഉമിത്തീയിലെന്ന പോലെ കഷ്ടതകളോടും, ക്ലേശങ്ങളോടും നീറി നീറി കിടക്കും. എന്നാൽ കാലങ്ങൾക്കു ശേഷം അത് ആളിക്കത്തി പ്രകാശിക്കുക തന്നെ ചെയ്യും"!

# കാത്തിരിപ്പ്

**ബിനു ഏബ്രഹാം കാരാണിക്കുളം**
(അസിസ്റ്റന്റ് പ്രൊഫസർ, ക്രിസ്തുജ്യോതി കോളേജ്, ചങ്ങനാശേരി)

പുറംലോകവുമായി വലിയ ബന്ധമൊന്നുമില്ലാതെ അകത്തളങ്ങളിലേക്ക് ഉൾവലിഞ്ഞു ജീവിക്കുവാൻ നിർബന്ധിതരായിട്ട് രണ്ടു മാസം പിന്നിട്ടിരിക്കുന്നു. 'ലോക്ക് ഡൗൺ' എന്ന പേരിൽ മനുഷ്യനെ പിന്നോക്കം നടത്തിയ ഒരു കൊറോണക്കാലം. 'പിന്നോക്കം' എന്ന വാക്കിനു 'പുറകോട്ട്' എന്നാണർത്ഥം. ഈ കൊറോണക്കാലം നമ്മുടെ ചിന്തകളെയും പ്രവൃത്തികളെയും പഴയകാല ജീവിതരീതികളിലേക്ക് എത്തിച്ചു. മലിനമല്ലാത്ത ഭൂമിയും പ്രകൃതിയും നദികളും നമുക്കു ലഭിച്ചു. കൃഷി എന്ന മഹത്തരമായ തൊഴിലിനെ നാം ഒപ്പം കൂട്ടി. കോർപറേറ്റ് കമ്പനികൾ നൽകുന്ന അനുഭവത്തേക്കാൾ മണ്ണിൽ പൊന്നു വിളയിക്കുന്നതാണു നല്ലതെന്നു കുറച്ചെങ്കിലും ചെറുപ്പക്കാർ തിരിച്ചറിഞ്ഞു. അകലെ നിന്നുകൊണ്ട് അടുപ്പം കാട്ടുവാൻ തുടങ്ങി. മനുഷ്യനിൽ മനുഷ്യത്വം ഉണ്ടായി. അങ്ങനെ ലോക്ക് ഡൗൺ വലിയൊരു പാഠമായിത്തീരുകയാണ് നമ്മുടെ മുമ്പിൽ.

മനുഷ്യന്റെ പ്രവൃത്തികൾക്കും ചിന്തകൾക്കും ആഗ്രഹങ്ങൾക്കും പെട്ടെന്ന് പൂട്ടുവീണപ്പോൾ ഇനിയെന്ത് എന്ന ചോദ്യം മനസ്സിനെ അലട്ടിക്കൊണ്ടേയിരുന്നു. കഴിഞ്ഞ ദിവസം പി. ബാലചന്ദ്രന്റെ (ബാലേട്ടന്റെ) ഫേസ്ബുക്ക് വീഡിയോ കണ്ടു. ലോക്ക്ഡൗണിൽ തമിഴ്നാട്ടിൽ അകപ്പെട്ടുപോയ മാഷ്, പ്രതീക്ഷകൾ കൈവിടരുതെന്നു പറയുന്നതാണ് ആ വീഡിയോ. Samuel Beckett-ന്റെ Waiting for Godot എന്ന നാടകത്തെക്കുറിച്ചു പറഞ്ഞാണ് ആ വീഡിയോ തുടങ്ങുന്നത്. നാടകം ഇങ്ങനെയാണ്:

ഇതൊരു കാത്തിരിപ്പാണ്... മനുഷ്യന്റെ നിസ്സഹായതയിൽ അവന്റെ ഒരു പ്രതീക്ഷയാണ് 'ഗോദോ'. ഗോദോ എന്താണെന്നറിയില്ല. പക്ഷേ ഗോദോയെക്കാത്ത് വ്ളാഡിമിർ (Vladimir), ഈസ്ട്രഗോൺ (Estragon) എന്നീ രണ്ടു മനുഷ്യർ ഇലകളൊന്നുമില്ലാത്ത മരത്തിന്റെ ചുവട്ടിൽ കാത്തിരിക്കുന്നു. സ്ഥലകാലങ്ങളെക്കുറിച്ചുള്ള അനിശ്ചിതത്വമൊക്കെ അവരുടെ ഇടയിൽ ഉണ്ടാകുന്നു. നമ്മൾ രണ്ടുപേരും ഇവിടെയാണോ നിന്നിരുന്നത്? ഈ മരം തന്നെയാണോ ഇവിടെയുണ്ടായിരുന്നത്? ഗോദോ ഇന്നലെ വന്നിരുന്നോ? ഇനി വരുകയേ ഉള്ളോ ഇങ്ങനെയൊക്കെയുള്ള ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. കാത്തിരിപ്പിന്റെ മുഷിപ്പിനെ മറികടക്കാൻവേണ്ടി അവർ ചെയ്തുകൂട്ടുന്ന അസംബന്ധപരമായ ഒരുപാട് പ്രവൃത്തികളും വാക്കുകളുമാണ് ഈ നാടകത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ നാടകത്തിൽ ഗോദോയെ കാത്തിരിക്കുന്നതുപോലെ ലോക്ക്ഡൗൺ എന്നു തീരുമെന്നു നമ്മൾ കാത്തിരിക്കുകയാണ്. കാത്തിരിപ്പ് പലപ്പോഴും പ്രതീക്ഷയും പ്രത്യാശയും നല്കുന്നു. നല്ല നാളെകൾ വരുമെന്ന കാത്തിരിപ്പ് സുഖമുള്ളതാണ്. ഈ ലോക്ക്ഡൗൺ കാലത്തെ പലതരത്തിലുള്ള കാത്തിരിപ്പുകൾ ഒന്നു നോക്കാം.

**1. ജോലിസംബന്ധമായ കാത്തിരിപ്പ്**

മനുഷ്യന്റെ നിലനില്പിനു ജോലി ആവശ്യമാണ് ഒരു ജോലിയും ചെയ്യാതെ ജീവിക്കുക സാധ്യമല്ല. പലതരത്തിലുള്ള ജോലികൾ നാം ചെയ്യുന്നുണ്ടെങ്കിലും



കൊറോണക്കാലം മനുഷ്യന്റെ ജോലി സങ്കല്പത്തെ മാറ്റിമറിച്ചു. Work at home എന്നും onlice class എന്നു മൊക്കെ നാം കുറച്ചുകൂടെ തെളിഞ്ഞു കേൾക്കുന്നത് പൂട്ടപ്പെട്ട ഈ കാലത്താണ്. എല്ലാ തൊഴിലിടങ്ങളും പൂട്ടപ്പെട്ടപ്പോൾ ശവപ്പറമ്പുകൾ പോലെ മൂകമായി. തൊഴിൽ സമയമറിയിക്കുന്ന സൈറണുകളും ആരവങ്ങളും നിശ്ചലമായി. മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥനുമെന്ന വേർതിരിവില്ലാതെ ഒരേപോലെ ചിന്തിക്കുവാൻ തുടങ്ങി. എന്നു ജോലിക്കു പോകാൻ കഴിയും? വീട്ടിലിരുന്നു മടുത്തിട്ടാണോ? അതോ വീട്ടുകാർക്ക് ശല്യമായിട്ടാണോ? എന്നെങ്കിലും ജോലിക്കു പോകാൻ കഴിഞ്ഞെങ്കിൽ എന്നാശിക്കാത്തവർ ആരുമില്ല. Work at home എന്ന പേരിൽ ജോലി ചെയ്യുന്ന സുഹൃത്തുക്കൾ പറയുന്നത് കമ്പനികളിലിരുന്നു ജോലിചെയ്യുന്നതിലും അധിക സമയവും അധ്വാനവും കൂടുതൽ വേണം വീട്ടിലിരുന്നു ജോലി ചെയ്യാൻ എന്നാണ്. വീട്ടിൽ കുഞ്ഞുങ്ങൾ ഉണ്ടെങ്കിൽ പറയുകയും വേണ്ട. വീട്ടുകാര്യങ്ങൾ തീർത്തു ജോലിചെയ്യാൻ ഒരുങ്ങുന്ന സ്ത്രീകൾക്ക് വീട്ടിലെ തന്നെ മറ്റു പല കാരണങ്ങൾകൊണ്ട് ജോലിയിൽ ശ്രദ്ധിക്കുവാൻ കഴിയുന്നില്ലെന്നത് വസ്തുതയാണ്. Online class എടുക്കുന്ന അധ്യാപകരുടെ അവസ്ഥയും ഒട്ടും പിറകിലല്ല. നെറ്റ്വർക്ക് പ്രശ്നങ്ങൾ മുതൽ എല്ലാം പ്രതിബന്ധങ്ങളായി വരുന്നു. അന്നന്നത്തെ ആഹാരത്തിനുവേണ്ടി നെട്ടോട്ടമോടുന്ന കൂലിപ്പണിക്കാർ, ഡ്രൈവർമാർ, സെയിൽസ് മേഖലകളിൽ ജോലിചെയ്യുന്നവർ - ഇവരുടെയെല്ലാം അവസ്ഥയും വളരെ പ്രയാസം നിറഞ്ഞതാണ്. മറ്റുള്ളവരുടെ സഹായമെന്നതിലുപരി സ്വന്തമായൊരു തൊഴിൽ ചെയ്യാൻ എന്നു കഴിയുമെന്നു ചിന്തിക്കുന്നവരാണ് എല്ലാവരും.

തൊഴിലിടങ്ങൾ നഷ്ടമായി നാട്ടിലെത്തിയ പ്രവാസികൾ അനേകമാണ്. ഇവരുടെ ജീവിതവും കാത്തിരിപ്പിന്റെ അനന്തതയിൽ ആണ്ടുപോയിരിക്കുന്നു. വിദേശരാജ്യങ്ങളിൽ പോയവർ വീണ്ടും പിറന്ന മണ്ണിലേക്കെത്തിയിരിക്കുന്നു. അന്യനാടുകളിൽനിന്ന് കേരളമണ്ണിൽ വിമാനമിറങ്ങുന്ന ഓരോരുത്തരിലും പ്രതീക്ഷയുടെ നറുപുഞ്ചിരി വിടരുമ്പോഴും ഇനിയെന്ത് എന്ന ചോദ്യം ബാക്കിയാവുന്നു.

### 2. വിനോദങ്ങൾക്കായുള്ള കാത്തിരിപ്പ്

പലതരത്തിലുള്ള വിനോദങ്ങളിൽ (Entertainment) ഏർപ്പെട്ടിരിക്കുന്നവരാണ് നമ്മൾ. മനസിന് ഉല്ലാസം/ആശ്വാസം നൽകുന്ന കൊച്ചുകൊച്ചു കാര്യങ്ങൾ മുതൽ വലിയ സ്റ്റേജ് ഷോകളിൽ വരെ നാം പങ്കെടുത്തിരുന്നു. ഡിജെ പാർട്ടികളിലും pubകളിലും ബാറുകളിലും റെസ്റ്റോറന്റുകളിലും സമയം കളയാനായി പോയിരുന്നവർക്കെല്ലാം പൂട്ടപ്പെട്ട ഈ അവസ്ഥ വീർപ്പുമുട്ടൽ ഉണ്ടാക്കുകയാണ്. ആഴ്ചയിൽ ഒന്നൊക്കെ കുടുംബസമേതം പുറത്തു പോകുന്നവർക്കും പാടങ്ങളും റബ്ബർത്തോട്ടങ്ങളും കളിസ്ഥലമാക്കിയ കുട്ടികൾക്കും ടൂർണമെന്റുകൾ കളിക്കാൻ പറ്റാത്ത ആളുകൾക്കും സിനിമ കാണാൻ പോയിരുന്നവരുമെല്ലാം ഈ കൊറോണക്കാലം എന്നു തീരും എന്നുള്ള ചോദ്യത്തിലാണ്. ഇവരും കാത്തിരിക്കുകയാണ്.

### 3. കാഴ്ചയ്ക്കുവേണ്ടിയുള്ള കാത്തിരിപ്പ്

ആഘോഷങ്ങൾക്കായുള്ള കാത്തിരിപ്പിനോടു ചേർത്തുവായിക്കേണ്ടതാണ് കാഴ്ചയ്ക്കായുള്ള കാത്തിരിപ്പും. യാത്രകളിലൂടെ മനോഹരമായ പ്രകൃതിഭംഗി ആസ്വദിക്കുന്നവർക്ക് മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനുള്ള വലിയൊരു മാർഗമാണ് അടഞ്ഞത്. അകലുംതോറും അടുക്കും എന്നു പറയുന്നതുപോലെ പരസ്പരം കണ്ടുമുട്ടാനും കുശലം പറയുവാനും ആഗ്രഹിക്കുന്നവർ ധാരാളമാണ്. കൂടെ ജോലി ചെയ്യുന്നവരെയും സുഹൃത്തുക്കളെയും കണ്ട് ലോക്ക് ഡൗൺ വിശേഷങ്ങൾ പങ്കുവയ്ക്കാൻ ആഗ്രഹിച്ച നമ്മളും കാത്തിരിക്കുകയാണ്.

### 4. മതാചാരങ്ങൾക്കായുള്ള കാത്തിരിപ്പ്

വിശ്വാസികളായ ജനങ്ങളുടെ ഏറ്റവും വലിയ കാത്തിരിപ്പ് അവരുടെ ആരാധനാലയങ്ങൾ എപ്പോൾ തുറക്കുമെന്നതാണ്. പ്രാർത്ഥനയിലൂടെ മനഃശാന്തി കണ്ടെത്തിയിരുന്ന വലിയ സമൂഹം ഇന്ന് വീടുകളിലേക്ക് ഒതുങ്ങിപ്പോയിരിക്കുന്നു. വിഷുവിന്റെ മാധുര്യം കൈമാറാൻ കഴിയാതെപോയവരും ചെറിയപെരുന്നാളിന്റെ സന്തോഷം പങ്കിടാൻകഴിയാതെ പോയവരും ഈസ്റ്ററിനു പള്ളിയിൽ പോകാതെ വിഷമിച്ചവരും ആരാധനാകാര്യങ്ങൾ എന്നു പഴയതുപോലാകും എന്ന കാത്തിരിപ്പിലാണ്.

ക്രിസ്ത്യാനികൾക്ക് മറ്റൊരു കാത്തിരിപ്പിന്റെ ദിനങ്ങൾകൂടി കഴിഞ്ഞിരിക്കുന്നു. ഈസ്റ്ററിനു ശേഷം നാല്പതു ദിവസം കഴിയുമ്പോൾ ക്രിസ്തുവിന്റെ സ്വർഗാരോഹണ പെരുന്നാൾ ആഘോഷിക്കുന്നു. ഈ പെരുന്നാൾ മുതൽ പെന്തക്കോസ്തി വരെയുള്ള പത്തു ദിവസം പരിശുദ്ധ റൂഹായെ പുതുക്കുന്നതിനുള്ള കാത്തിരിപ്പിന്റെ ദിവസങ്ങളാണ്. ഈ സമയം പ്രാർത്ഥനയിലും ധ്യാനത്തിലുമായി കഴിയുന്ന ഒരു പാരമ്പര്യം ക്രൈസ്തവ കുടുംബങ്ങളിലുണ്ട്. ആത്മീയ വരങ്ങളുടെ / മാനുഷിക മൂല്യങ്ങളുടെ വലിയ ഉറവിടമായിട്ടാണ് പരിശുദ്ധ റൂഹായെ കാണുന്നത്. ആത്മാവിന്റെ ഫലങ്ങളായി ഒൻപതു കാര്യങ്ങളെ വിശുദ്ധ വേദപുസ്തകത്തിൽ കാണാം (ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം - ഗലാത്യർ 5:22, 23). ഈ ആത്മബലങ്ങളെ സ്വീകരിക്കുന്നതിനായി മനസ്സും ശരീരവും ഒരുക്കുകയാണ് പെന്തക്കോസ്തി വരെയുള്ള ദിവസങ്ങളിൽ ചെയ്യുന്നത്. ആത്മാവിന്റെ ഫലങ്ങൾക്കായുള്ള കാത്തിരിപ്പ്...

### 5. നല്ലൊരു നാളെയ്ക്കായുള്ള കാത്തിരിപ്പ്

നാളെയെന്ത് എന്നത് വല്ലാത്തൊരു ചോദ്യമാണ്. ഈ ചോദ്യത്തിന്റെ ഉത്തരം സന്തോഷകരമായ കാത്തിരിപ്പില്ലെങ്കിൽ ജീവിതം മുന്നോട്ടു പോവുക വളരെ ബുദ്ധിമുട്ടാണ്. ലോക്ക്ഡൗൺ കാലത്തുണ്ടായ പല വർത്തമാനങ്ങളിലും 'മടി'യാണെന്ന മറുപടി സാധാരണയായി. നാളെയെക്കുറിച്ചുള്ള നല്ല പ്രതീക്ഷകൾ നഷ്ടപ്പെടുമ്പോൾ മടി സ്വാഭാവികമായും ഉണ്ടാകും. ഇനി എന്താണ്, എങ്ങനാണ്, എന്നാണ് എന്നിങ്ങനെയുള്ള ചോദ്യം നിരന്തരം തന്നോടുതന്നെ ചോദിച്ചുകൊണ്ടേയിരിക്കും. അസ്തമയത്തിനു ശേഷം നല്ലൊരു പ്രഭാതം പൊട്ടിവിടരുമെന്ന പ്രതീക്ഷയിലാണ് നാം ഉറങ്ങുന്നത്. അതുപോലെ ജീവിതത്തിലെ പൂട്ടപ്പെട്ട അവസ്ഥകളിലും പ്രതീക്ഷയുടെ നുറുങ്ങുവെട്ടമാണ് നമ്മെ നയിക്കേണ്ടത്.

ഇതുപോലെ പലതരം കാത്തിരിപ്പുകളെ നാം നിരന്തരം അഭിമുഖീകരിക്കുകയും കാണുകയും ചെയ്യുന്നുണ്ട്. Waiting for Godot-ലെപ്പോലെ ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയിൽ എന്തൊക്കെയാണ് നമ്മൾ ചെയ്തുകൂട്ടുന്നത്. പലതരത്തിലുള്ള ഭക്ഷണം പരീക്ഷിക്കുന്നു, പലതരം ചെടികൾ നട്ടു വീടും പരിസരവും മോടികൂട്ടുന്നു, സ്വന്തമായി കിണർ കുഴിക്കുന്നു-എന്നിങ്ങനെ ചെയ്യാനില്ലാത്ത അവസ്ഥയിൽ ചെയ്തുകൂട്ടുന്നതെല്ലാം ഗോദോയെ കാത്തിരിക്കുന്ന സമയങ്ങളിലാണ്. വെറും നേരമ്പോക്കിന്.

'ഗോദോ' ചിലപ്പോൾ ഒരു ദിവസം മലർക്കെ തുറക്കുന്ന വാതിലാകാം... നല്ല ആശയമാകാം... ആഗ്രഹമാകാം... മോചനമോ മരണമോ ആകാം... അല്ലെങ്കിൽ ക്രിസ്തുവാകാം... മറ്റെന്തെങ്കിലും ദൈവസങ്കല്പമാകാം... എന്തുമാകാം. ഗോദോയുടെ അവസ്ഥാന്തരങ്ങൾ നമ്മെ വേട്ടയാടിക്കൊണ്ടേയിരിക്കുന്നപോലെ...

**B R I D E   W A N T E D**

Bangalore settled orthodox parents invite proposals for their son, (31 years, 164 cm, BE Mech engineering, working in Bangalore) from parents of educated field working in Bangalore.

Contact:

**9845042107, 9902532514**

Thomas Philip
threadcorner2018@gmail.com

Mob :9947242905
9947112982



**THREAD CORNER**

All kinds of Tailoring & Church Cloth Materials

1st floor Marattukalam Buildings
Near K.S.R.T.C. Changanacherry

കാപ്പതുണി, വിദേശ കാപ്പതുണി, കുപ്പായതുണി, തിരുശ്ശീലയ്ക്ക് ആവശ്യമായ തുണിത്തരങ്ങൾ, വെൽവെറ്റ്, കമ്പിളി നൂൽ, ലെയ്സ് ഐറ്റംസ്, മുത്തുക്കുടയ്ക്ക് ആവശ്യമായ തുണിത്തരങ്ങളും ലഭ്യമാണ്.


1–ാം ചരമ വാർഷികം

18–06–2020

**Very Rev. A.G. Joseph Ramban**

**Thannivilayil**
**Meeyannoor, Chenkulam**



"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Inserted by loving family

## മലങ്കര ഓർത്തഡോക്സ് സഭ ഹെൽപ് ഡെസ്ക് ആരംഭിച്ചു


കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദേശത്തു നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് മടങ്ങി വരുന്നവരുടെ പുനരധിവാസത്തിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് മലങ്കര ഓർത്തഡോക്സ് സഭ ഹെൽപ് ഡെസ്ക് ആരംഭിച്ചു. സഭയുടെ മാനവശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള ഈ ഹെൽപ് ഡെസ്കിലൂടെ നാട്ടിൽ മടങ്ങിയെത്തുന്നവർക്ക് ഇവിടെത്തന്നെ തൊഴിൽ/ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുനരധിവാസത്തിനായി നൽകുന്ന വിവിധ സാമ്പത്തിക/സാങ്കേതിക സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഇതിലൂടെ ലഭ്യമാക്കും. കൃഷി, ആരോഗ്യം, ചെറുകിട/ഗാർഹിക സംരംഭങ്ങൾ, സ്റ്റാർട്ട് അപ്പുകൾ, വീടുതന്നെ ഓഫീസാകുന്ന സാഹചര്യം പരിഗണിച്ച് ഓൺലൈൻ മീറ്റിംഗുകൾ, ഓൺലൈൻ കൺസൾട്ടേഷൻ, കൗൺസിലിംഗ്, ക്ലാസ്സ് റൂം ട്രെയിനിംഗ് മുതലായ മേഖലകൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശവും പരിശീലനവും നൽകും. കൂടുതൽ വിവരങ്ങൾക്ക് : 0481 – 2572800, 9400196382, Email:hrm@mosc.in


## ഡിപ്ലോമ ഇൻ വർഷിപ്പ് ആന്റ് മ്യൂസിക്

കോട്ടയം ഓർത്തഡോക്ക് തിയോളജിക്കൽ സെമിനാരിയുടെ ഭാഗമായുള്ള ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ ഒരു വർഷ ഡിപ്ലോമ ഇൻ വർഷിപ്പ് ആന്റ് മ്യൂസിക് (DWM). കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. സുറിയാനി രാഗങ്ങൾ, പാശ്ചാത്യ സംഗീതം (Western Music), കർണാടക സംഗീതം, ഉപകരണ സംഗീതം (Instrumental Music) ഗായകസംഘ സംവിധാനം (Choir conduction) തുടങ്ങിയ വിഷയങ്ങൾ ഈ കോഴ്സിന്റെ ഭാഗമായിരിക്കും. ആഴ്ചയിൽ രണ്ടു ദിവസമായിരിക്കും കോഴ്സ്. സഭാ വ്യത്യാസമെന്യേ ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് സെനറ്റ് ഓഫ് സെറാമ്പൂരിന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്. അപേക്ഷാ ഫാറം ശ്രുതിയുടെ www.srutimusic.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2020 ജൂൺ 25 ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9496324483 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഫാ. ഡോ. മാത്യു വർഗീസ്, അസി. ഡയറക്ടർ, ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്.

For Favours Received







ഒരു വിശ്വാസി

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ




## 2020 ജൂൺ 28
## പെന്തിക്കോസ്തിക്കു ശേഷം നാലാം ഞായർ
**വി: മത്തായി 14: 14 – 23**

ദൈവവചനം വിതയ്ക്കപ്പെട്ട ഭൂമിയിൽ അതു വളർന്നു കൊയ്ത്തിനു പാകമായി. കൊയ്ത്തിന് ആളില്ലാത്ത സ്ഥിതിയെപ്പറ്റി കർത്താവ് പരാമർശിക്കുന്നു. എഴുപത് അറിയിപ്പുകാരെ സുവിശേഷകരായി അയയ്ക്കുന്നതാണ് രംഗം. കൊയ്ത്തുവരെയെന്നാൽ ആരൊക്കെയോ അദ്ധ്വാനിക്കുകയും പാട്ടു കേൾക്കുകയും ചെയ്തേ തീരു. കണ്ണുകളുയർത്തി, വിളഞ്ഞുകിടക്കുന്ന വയലുകൾ കാണാൻ ഗുരു നമ്മെ വിളിക്കുന്നു.

ക്രിസ്തുശിഷ്യന്മാരുടെ ചുമതലയെന്താണ്? ലോകത്തിലെ മറ്റുമനുഷ്യനെപ്പോലെ ഉണ്ടുറങ്ങി ജീവിക്കാനോ? ഈ ഭൗതീകതയ്ക്കതീതമായി ഒന്നുമില്ലേ? കൊറോണ വൈറസിന്റെ തേരോട്ടം തടഞ്ഞു നിർത്താനാവാതെ വരുമ്പോൾ ഈ "കെട്ടിപ്പൊക്കിയതൊ"ക്കെ എവിടെ, എന്തിന് എന്തെല്ലാം ചിന്തിച്ചുതുടങ്ങി. മനുഷ്യൻ എത്ര നിസ്സഹായൻ! 'നേട്ടങ്ങൾ' 'കണ്ടുപിടുത്തങ്ങൾ' എല്ലാം കരിഞ്ഞു ചാമ്പലാകുന്നിടത്ത്, എന്താണ് ലാഭം, എന്താണു നഷ്ടം.

അറിഞ്ഞത് 'അറിയിക്കാൻ' ഏവർക്കും അടിസ്ഥാനപരമായ ചുമതലയുണ്ട്. "അറിയിക്കാൻ" പ്രസംഗം മാത്രമേയുള്ളു വഴി എന്നു ധരിച്ചാൽ തെറ്റി. പലഗുരുക്കന്മാരും, ഹ്യസ്വമായ വാക്കുകളും (വാഗ്മി) അതിലേറെ മൗനവും, മാതൃകയും വഴിയാണ് പഠിപ്പിക്കുക. 'വന്നു കാണുക' എന്നതിന്റെ പൊരുൾ ഗ്രഹിച്ചവനാർ. "എനിക്കു നിങ്ങളെപ്പോലെയാകണം" എന്നു പറയുന്ന ആരെയെങ്കിലും കണ്ടുമുട്ടിയിട്ടുണ്ടോ?

പന്ത്രണ്ടു ശിഷ്യന്മാരാകട്ടെ, എഴുപത് അറിയിപ്പുകാരാകട്ടെ, അവരുടെ പരിശീലനകാലം കർശനമാണ്. "സുവിശേഷ പ്രവർത്തനം" ഒരു 'ഉദ്യോഗമല്ല'. എല്ലാവർക്കും വേണ്ടതു പ്രതിഫലമാണല്ലോ. കർത്താവേ ഞങ്ങൾക്കെന്തു കിട്ടും? എന്നു ചോദിക്കുന്നത് ശിമോൻ പത്രോസ് മാത്രമല്ല!

കൊയ്ത്തിനു വേലക്കാരെ കിട്ടാത്ത സ്ഥിതി ഇന്നും തുടരുന്നു. 'കുരിശുയുദ്ധ'മല്ല, ഇത്തരം വേലക്കാരുടെ ചുമതല. അപകടം പിടിച്ച ജോലിയാണിത്. 'ചെന്നായ്ക്കളാണ്' ഈ കുഞ്ഞാടുകളെ വരവേൽക്കുന്നത്. ചെന്നായുടെ പിടിയിൽപ്പെടുന്ന കുഞ്ഞാടിന്റെ സ്ഥിതിവ്യക്തമാണ്. അന്നും ഇന്നും ഈ സ്ഥിതിക്കു മാറ്റമില്ല. എങ്കിലും 'സുവിശേഷഘോഷണം' തുടരണം. അതിൽ, പഠിപ്പിക്കൽ, പ്രഭാഷണം, രോഗസൗഖ്യം, മരിച്ചവരുടെ ഉയിർപ്പ് ഇതെല്ലാം ഉൾക്കൊള്ളുന്നു. അവ കർത്താവു നൽകുന്ന നൽവരങ്ങളാണ്. അപ്പോസ്തോലന്മാരും "അത്ഭുതപ്രവർത്തകരായി" അറിയപ്പെടാൻ ആഗ്രഹിക്കുന്നവരല്ല. സ്റ്റേജിൽ ആളിലെ വിളിച്ചു വരുത്തി "അത്ഭുതരോഗശാന്തി" നൽകുന്നതിന്റെ പൊള്ളത്തരം, കോവിഡ്–19 ന്റെ മുമ്പിൽ ഉരുകിപ്പോയ രംഗം നമ്മുടെ മുമ്പിൽത്തന്നെയുണ്ടല്ലോ. പരിശുദ്ധപാമ്പാടി തിരുമേനി, കുന്നംകുളത്ത് 'പ്ലേഗ്' എന്ന മഹാമാരിയെ നേരിട്ടതെങ്ങനെ എന്നന്വേഷിക്കേണ്ടതല്ലേ? അത് ഒരു 'സെമിനാർ' വിഷയമാക്കാതിരുന്നാൽ മതിയായിരുന്നു!

സ്വർഗ്ഗത്തോളം ഉയരുന്ന തിന്മയുടെ കഫർനഹൂം പാതാളം വരെ താഴും! കഫർനഹൂമിൽ യേശു തൃജിക്കപ്പെട്ടു എന്നോർക്കുക.

### പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ

തികച്ചും വ്യത്യസ്തരായ രണ്ടു വ്യക്തികളെയാണിന്ന് അനുസ്മരിക്കുക. ഒരാൾ പന്തിരു ശിഷ്യരിൽ ഒരുവൻ, യേശു ദൈവപുത്രൻ എന്ന് ഏറ്റു പറഞ്ഞവൻ; സഹ ശിഷ്യന്മാരോടൊപ്പം, സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ പ്രാപിച്ചവൻ, പിന്നീട് ഗുരുവിനെ തള്ളിപ്പറയുകയും, അനുതപിച്ച് തിരിച്ചു വരുകയും ചെയ്തവൻ. മാർ പൗലോസ്.... 'വഴിമാറി ഒഴുകിയ പുഴ'യാണ്. പന്തിരുവരിൽ ഒരുവനല്ല, നല്ല വിദ്യാഭ്യാസവും ആഭിജാത്യവും കർമ്മബുദ്ധിയുമുള്ള റോമ്മാ പൗരൻ. രണ്ടു പേരും സുവിശേഷവാഹകർ. പൗലോസ് ഏറ്റവും മികച്ച മിഷനറി. അന്ത്യോക്യയും, റോമയും, മറ്റു പല

സ്ഥലങ്ങളും അവരുടെ സുവിശേഷ വയലുകളായിരുന്നു. രണ്ടുപേരും റോമയിലാണ് രക്തസാക്ഷികളായത്. അങ്ങനെ 'പന്തിരുവരുടെ പ്രതിനിധി' യായ പത്രോസും; പന്തിരുവരിൽപ്പെടാതെ കാണാതെ വിശ്വസിച്ചവരുടെ പ്രതിനിധിയായ പൗലോസും, ശ്ലീഹാ നോമ്പിന്റെ സമാപ്തിയിൽ സ്മരിക്കപ്പെടുന്നു: (ഒരു വിവശതയിൽ, ദേവാലയത്തിൽ വച്ച് പൗലോസ് യേശുവിനെ പിന്നീട് കണ്ടു. (അപ്പോ. പ്രവ. 22:17).

1. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ എന്ന പാപമോചനാധികാരം, ദൈവത്തിന്റേതു മാത്രമായത് (കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം) എല്ലാ ശിഷ്യന്മാർക്കും നൽകി.

2. യേശു മിശിഹായാകുന്നുവെന്ന് രണ്ട് ഏറ്റുപറച്ചിലുകൾ സുവിശേഷങ്ങളിലാണ്. ഒന്ന് പത്രോസിന്റേതും, മറ്റേത് തോമസ് അപ്പോസ്തോലന്റേയും (മത്താ. 16:16; യോഹ. 20:28)

3. പത്രോസ് ഗുരുവിനെ തള്ളിക്കളഞ്ഞതിനാൽ, സ്വയം അപ്പോസ്തോല സംഘത്തിൽ നിന്നു പുറത്തായി. (മർക്കോസ് 16:7). എന്നാൽ അനുതപിച്ചതിനാൽ ആ സ്ഥാനവും ചുമതലകളും തിരികെ ലഭിച്ചു. (യോഹ. 21: 15-17).

i. സ്നേഹമാണ് യേശുവിനോടുള്ള ബന്ധത്തിന്റെ കാതൽ

ii. പന്തിരുവരിൽപ്പെട്ടവനല്ലെങ്കിലും പൗലോസ് 'അപ്പോസ്തോലൻ' തന്നെ. എല്ലാറ്റിലും വലുത് സ്നേഹമാണെന്ന് പ്രഖ്യാപിച്ചതും അദ്ദേഹം തന്നെ.

iii. തന്റെ ബുദ്ധിയും വിദ്യാഭ്യാസവുമെല്ലാം യേശുവിനു അടിയറ വച്ച് തന്റെ ദാസനായി ജീവിക്കുന്നതാണ് ഭാഗ്യകരമായ ജീവിത സാഫല്യം എന്ന് പൗലോസ് വിശ്വസിച്ചു.

സഭയിൽ ഇത്തരക്കാരാണുണ്ടാകേണ്ടത്; സുവിശേഷരും, അനുതാപികളും, എല്ലാം ത്യജിച്ച് യേശുവിനെ പിൻചെയ്യുന്നവരും. ശ്ലീഹന്മാരുടെ പ്രാർത്ഥന നമുക്കു കോട്ടയാകട്ടെ!.

## 2020 ജൂലൈ 5
## പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായർ

**വി: മർക്കോസ് 9: 33 – 41**

ഏല്പിച്ച ജോലി പൂർത്തിയാക്കിക്കഴിഞ്ഞാൽ, അയച്ച ആളിനെ സമീപിച്ച് പ്രവർത്തന റിപ്പോർട്ട് നൽകാൻ ഏവർക്കും ചുമതലയുണ്ട്. യേശുക്രിസ്തു നിത്യേന, സായാഹ്നത്തിൽ ഏകാന്ത പ്രാർത്ഥനയിൽ ഏർപ്പെട്ടിരുന്നു. അവിടുന്ന് പിതാവിനോടു സംസാരിക്കുന്നതിൽ ഇത്തരം ഒരു 'feedback' ഉണ്ടായിരുന്നിരിക്കണം. പിതാവു ചെയ്യുന്നതല്ലാതെ പുത്രൻ തനിയെ ഒന്നും ചെയ്യുന്നില്ല. പിതാവ് പുത്രനിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു. അപ്പോൾ, പന്ത്രണ്ട് അപ്പോസ്തോലന്മാരും എഴുപത് അറിയിപ്പുകാരും സുവിശേഷകരായി അയയ്ക്കപ്പെട്ടപ്പോൾ, ആരാണ് അവരിലൂടെ പ്രവർത്തിച്ചത്? സുവിശേഷകർ ഒരിക്കലും വിസ്മരിച്ചു കൂടാത്തതാണിത്.

അയയ്ക്കപ്പെട്ടവർ (ശ്ലീഹന്മാർ) തിരികെവന്ന് തങ്ങൾ ചെയ്തതെല്ലാം (ചെയ്യാത്തതും!) യേശുവിനെ അറിയിച്ചു. "ചെന്നായ്ക്കളിൽ" നിന്നും നേരിട്ട ഭീഷണി സന്തോഷമായി സ്വീകരിച്ചവരുടെ ആനന്ദം-ഇതെല്ലാം അവർ സമർപ്പിച്ച റിപ്പോർട്ടിൽ കാണും. 'Ambassadors must frequent the king's court' എന്നൊരു ചൊല്ലുണ്ട്. അയയ്ക്കപ്പെടുന്നവർ ഇടയ്ക്കിടെ അയച്ച ആളിന്റെ അടുത്തെത്തി, സമഗ്രമായ റിപ്പോർട്ടു നൽകണം. എല്ലാ "അയയ്ക്കപ്പെട്ടവർ"ക്കും ഇതു ബാധകമാണ്! ഗുരുവും ശിഷ്യന്മാരും മാത്രമായിരിക്കുന്ന രംഗം ഉണ്ടായിരുന്നു. അവിടെ അവർ സംശയ നിവാരണം നടത്തുകയും ഗുരുവിൽ നിന്നു പഠിക്കുകയും ചെയ്തിരുന്നു. ഗുരുവിനോടൊപ്പമുള്ള ഈ ഏകാന്തത ആവശ്യം വേണ്ടതാണ്. ഇന്നും അങ്ങനെ തന്നെയല്ലേ?

"സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പ"മായവൻ, വിശന്നുവലഞ്ഞ ജനങ്ങൾക്കു ഭക്ഷണം നൽകാൻ ശ്രദ്ധിച്ചിരുന്നു. "വിശക്കുന്നവന്റെ മുമ്പിൽ ഈശ്വരൻ അപ്പത്തിന്റെ രൂപത്തിൽ അവതരിക്കുന്നു". ഇതിനിടെ പല പ്രാവശ്യം യേശുവിന്റെ പീഡാനുഭവത്തെയും മരണത്തെയും പറ്റി സ്വകാര്യമായി ശിഷ്യന്മാരെ അറിയിക്കുന്നുണ്ട്. അപ്പോൾ അതിന്റെ സാരം അവർ ഗ്രഹിച്ചില്ലെങ്കിലും, അതു നിവർത്തിയായ ശേഷം, അവർ നന്നായി ഗ്രഹിച്ചു. തന്റെ ക്രൂശുമരണം ഒരു യാദൃശ്ചിക സംഭവമല്ല; അത് "ലോകാരംഭത്തിനു മുമ്പു തന്നെ കുരുളറക്കപ്പെട്ട കുഞ്ഞാടുവഴിയുള്ള പരിത്രാണ പദ്ധതി നിറവേറലായിരുന്നു. തന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം എപ്പോഴും യേശുവിന്റെ മനസ്സിലുണ്ടായിരുന്നു. അതുകൊണ്ട് അതു സംഭവിച്ചപ്പോൾ യാതൊരു പരിഭ്രമവും അദ്ദേഹത്തിനുണ്ടായില്ല! "പ്രധാനിയാകാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷകനും, ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ ദാസനുമാകണ"മെന്ന കല്പന പൂർണ്ണമായി നിവർത്തിയായത് യേശുവിലാണ്. ആസക്തിയും, ആർത്തിയും ഒതുങ്ങാത്ത മനുഷ്യമനസ്സാണ് ഇപ്പറഞ്ഞതിന്റെ ശത്രു. ആർക്കും "ചെറുതാകൽ" താല്പര്യമില്ല എന്നതല്ലേ സത്യം. എല്ലാവരെയും ചവിട്ടിത്താഴ്ത്തി മുകളിലെത്തുക; എത്തിയാൽ, ചുറ്റുമുള്ളവരെ വീണ്ടും ചവിട്ടിത്താഴ്ത്തിക്കുക-ഇതാണ് ലോകത്തിന്റെ വഴി!



## 2020 ജൂലൈ 12
## പെന്തിക്കോസ്തിക്കു ശേഷം ആറാം ഞായർ
**വി: ലൂക്കോസ് 13: 22 – 35**

'കനകം മൂലം കാമിനിമൂലം, കലഹം പലവിധമുലകിൽ സുലഭം'- അതോടൊപ്പം അത്യാഗ്രഹം, അസൂയ, സ്ഥാന മോഹം, ധനതൃഷ്ണ എന്നിവയെല്ലാം ചേർക്കാം. "ഇടർച്ചകൾ" എന്നത് കോവിഡിനെക്കാൾ ഭയാനകമായ വ്യാപ്തി നേടിയിട്ടുള്ള സ്ഥിരം വൈറസുകളാണ്. അവയ്ക്കു കാരണമാകുന്നവർക്കുണ്ടാകാൻ പോകുന്ന കടുത്ത ശിക്ഷയെപ്പറ്റി, ലോകത്തിലെ മനുഷ്യർ ചിന്തിക്കുന്നില്ലായിരിക്കാം!

'ക്ഷമ' എന്നാലെന്ത്? ക്ഷമിച്ചു എന്നൊരു വാക്കല്ലത്. മറ്റാരാലെങ്കിലും നിമിത്തമുണ്ടായ പ്രയാസങ്ങൾ ഉതിർത്തുവിടുന്ന സംഘർഷങ്ങൾക്ക് അയവുണ്ടായി ലാഘവപ്പെടുമ്പോഴേ ക്ഷമയുടെ അർത്ഥം ഗ്രഹിക്കാനാവൂ. ക്ഷമിക്കുന്നവന്റെയും ക്ഷമിക്കപ്പെടുന്നവന്റെയും മുഖം തെളിയും. അവിടെ തോൽക്കുന്നതു സാത്താൻ മാത്രം! യേശുവിനെ അകാരണമായും ക്രൂരമായും കുരിശിച്ചവരോട്, പുത്രന്റെ അപേക്ഷ മാനിച്ച്, പിതാവു ക്ഷമിച്ചില്ലായിരുന്നെങ്കിൽ....

തെറ്റു ചെയ്യുന്നവരെ ശാസിച്ച്, അവരുടെ തെറ്റെന്താണെന്ന് ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം. അവർ ക്ഷമചോദിക്കുന്നുവെങ്കിൽ ക്ഷമിക്കണം. ഒന്നല്ല, പല പ്രാവശ്യം. എന്നാൽ സ്വന്തം തെറ്റു ബോദ്ധ്യപ്പെട്ടാലും ക്ഷമ ചോദിക്കാത്തവരുണ്ട് എന്നതും സത്യമാണ്. യഥാർത്ഥമായ ദൈവവിശ്വാസവും, അതിന്റെ ആചരണവുമാണ് ഇവിടെ വിഷയം. ക്ഷമിക്കുന്നവൻ, ക്ഷമിക്കുന്നവനായ ദൈവത്തിന്റെ പങ്കാളിയും, ക്ഷമിക്കപ്പെടുന്നവൻ ദൈവത്തിന് പ്രിയനുമായി മാറുന്നു.

'വിശ്വാസ'മെന്നാൽ ചില തത്വസംഹിതങ്ങൾ സ്വീകരിച്ചു പ്രഖ്യാപിക്കുന്നു എന്നല്ല. അതിന് ഒരു നിർവചനമോ, അതിരുകളോ ഇല്ല. ശിഷ്യന്മാർ ആവശ്യപ്പെട്ടതുപോലെ വർദ്ധിപ്പിച്ചുകൊടുക്കാവുന്ന ഒന്നല്ല അത്. സ്വയശിക്ഷണത്തിലും ആത്മസമർപ്പണത്തിലും, സ്നേഹത്തിലും നൂറുമേനി കൊയ്യുന്ന അനുഭവമാണത്. "ഒരു മാതിരി" ആചരണം കൊണ്ട്, യഥാർത്ഥ വിശ്വാസം ഒരിക്കലും തൃപ്തിയടയുകയില്ല. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതിയാൽ, ശരിയായ ഉത്തരമാണെങ്കിൽ, "ജയ"മുറപ്പാണ്. പക്ഷെ, ഉത്തരങ്ങളുടെ ക്വാളിറ്റി അനുസരിച്ച്, മാർക്കിന്റെ അളവുകൂടും. കേവലം ആവറേജ് വാങ്ങി "ജയിച്ചാൽ" അത് പൂർണ്ണമായ ജയമായി കണക്കാക്കാമോ? ഇല്ല എന്നുത്തരം. കടമ നിർവഹിക്കുക മാത്രം പോരാ!

ജനക്കൂട്ടത്തിന്റെ വിശപ്പും ദാഹവും തങ്ങളുടേതായി ഏറ്റെടുക്കുന്നിടത്താണ് "ജയം" ഉണ്ടാവുക. "ആവശ്യക്കാരനെ" ഒഴിവാക്കാൻ താല്പര്യപ്പെടുന്നവരാണധികം. ദൈവത്തിന്റെ മനസ്സതല്ല. ഒടുവിൽ സ്നേഹവും കാരുണ്യവും കരുതലും കവിഞ്ഞൊഴുകുന്നിടത്ത്, പന്ത്രണ്ടു കുട്ടകൾ നിറയെ അധികം വരുന്നു! ഇനി അനേകരെ തീറ്റിപ്പോറ്റാം. ശിഷ്യന്മാർ അതിനാവണം അതു ശേഖരിക്കുന്നത്!

## 2020 ജൂലൈ 19
## പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായർ
**വി: മർക്കോസ് 3: 20 – 30**

നാവിനു കടിഞ്ഞാണില്ലാത്ത ഒരു സമൂഹമാണെല്ലായിടത്തും. വാശിയും വൈരാഗ്യവുമുണ്ടാകുമ്പോൾ എല്ലാ കടിഞ്ഞാണും നഷ്ടമായി, ദൂഷണങ്ങളും "കേട്ടുകൂടാത്ത" വാക്കുകളും നാവിൽ നിന്നുതിരുന്നു. അങ്ങനെ അപരനെ ആക്ഷേപിച്ച് "തോല്പിച്ചു" എന്നൊരു കപട സംതൃപ്തിയുണ്ടാകുമ്പോൾ ജയിക്കുന്നത് പിശാചല്ലേ?. സത്യമറിഞ്ഞിട്ടും, സത്യത്തെ പഴിക്കുകയും ആക്രമിക്കുകയും ചെയ്യുന്നവരുണ്ട്. എന്തു നിയമമായാലും, "ഞാൻ പിടിച്ച മുയലിനു നാലുകൊമ്പ്" എന്ന് വീമ്പിളക്കുന്നതും അസാധാരണമല്ല. കർത്താവു പറയുന്നതു ശ്രദ്ധിക്കുക. "പരിശുദ്ധാത്മാവിനു വിരോധമായി പറയുന്ന ഒരുത്തനോടും ഇഹലോകത്തിലും പരലോകത്തിലും ക്ഷമിക്കുകയില്ല."

ഇതിന്റെയെല്ലാം കാരണമെന്ത്? ഹൃദയം ദുഷ്ടതയാൽ നിറഞ്ഞിരിക്കുന്നു-അത്രതന്നെ. അവിടെ നിന്ന് നല്ലതൊന്നും പുറപ്പെടുകയില്ല. ഹൃദയ ശുദ്ധീകരണം ക്ലേശകരമാണ്; അതിനു 'സാധന' തന്നെവേണം. ഞൊടുക്കു വിദ്യകളും പ്രകടനപരതയുമൊന്നും അതിനു പ്രയോജനപ്പെടുകയില്ല. ഒരുവന്റെ കർമ്മങ്ങൾ തന്നെയാണ് അയാൾ എങ്ങനെയുള്ളവൻ എന്നു വെളിപ്പെടുത്തുക.

സാമാന്യമായി, ലോകം അടയാളങ്ങളും അത്ഭുതങ്ങളും തേടുന്നു, ഒരിക്കലേക്കല്ല, വീണ്ടും വീണ്ടും അത്ഭുതങ്ങളുണ്ടാവണം, എന്നാലെ ജനം തൃപ്തരാകൂ! യേശു രണ്ട് അടയാളങ്ങളെപ്പറ്റി പരാമർശിക്കുന്നു. യോനാ പ്രവാചകൻ, നിനുവയിലെ ജനങ്ങൾക്കു മുമ്പിൽ ഒരു "അടയാള"മായി മാറി, എന്തിന്റെ? വഴിപിഴച്ച ജീവിതം നയിക്കുന്നവർക്കുണ്ടാകാൻ പോകുന്ന നാശത്തെപ്പറ്റി മുന്നറിയിക്കുന്ന അടയാളം. രണ്ട്, 'മനുഷ്യപുത്രൻ', ഈ ലോകത്തിനു മുഴുവൻ അടയാളമാണ്.

മഹാമാരികളും, പകർച്ച വ്യാധികളും പ്രകൃതിക്ഷോഭങ്ങളുമുണ്ടാകുമ്പോൾ, ഇത്തരം ചിന്തകൾ ഉണ്ടാവുക സ്വാഭാവികമാണ്. ഇത് ഒരു "അടയാളമാണോ? ആണെന്നോ, അല്ലന്നോ തീർത്തു പറയാൻ ആർക്കും കഴിയുകയില്ല. എങ്കിലും "കാറ്റു വിതച്ചു കൊടുങ്കാറ്റു കൊയ്യുന്ന"' ദൃഷ്ടാന്തങ്ങൾ ഇന്ന് ഒട്ടും അന്യമല്ല എന്നതുറപ്പാണ്. അനുതാപത്തിലേക്ക് ദിനം തോറും ദൈവം നമ്മെ വിളിക്കുന്നു. കർത്താവിനെ പരീക്ഷിച്ച സാത്താൻ പറഞ്ഞു: "താഴേക്കു ചാടുക; ഒന്നും സംഭവിക്കില്ല. ഇക്കഥ ഇന്നും തുടരുകയാണ്. ഇഷ്ടം പോലെ ജീവിച്ചു കൊള്ളുക; നഷ്ടപ്പെടാനൊന്നുമില്ല. (നഷ്ടപ്പെടാൻ ചങ്ങലയെങ്കിലും വേണ്ടേ!)"

പലതും നഷ്ടപ്പെടുന്നു; ഇനിയും നഷ്ടപ്പെട്ടേക്കാം എന്ന് കാറ്റുകൾ പറയുന്നു, അന്തരീക്ഷം പറയുന്നു; പരിസ്ഥിതി പറയുന്നു; കാലാവസ്ഥാവ്യതിയാനം പറയുന്നു; മദ്യം കിട്ടാത്തതിനാൽ വിറയ്ക്കുന്നവനും പറയുന്നു!








**മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച്**
**ഒരു വിശ്വാസി**

# വെബിനാർ

മലങ്കര ഓർത്തഡോക്സ് സഭയുടെ വെബിനാർ 'കോവിഡ് കാലവും സമൂഹ പുനസൃഷ്ടിയും എന്ന വിഷയത്തെ ആസ്പദമാക്കി ജൂൺ 2 മുതൽ 5 വരെ രാത്രി 7 മണിക്ക് നടന്നു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിലൂടെ സംഘർഷങ്ങളെ അതിജീവിക്കാൻ കഴിയുമെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. കോവിഡ് അതിജീവന പാഠങ്ങൾ: ആദ്ധ്യാത്മിക ദാർശനിക കാഴ്ചപ്പാടുകൾ എന്ന വിഷയത്തിൽ ഫാ. ഡോ. കെ.എം. ജോർജ് വെബിനാർ നയിച്ചു. പ. ബാവാ തിരുമേനിയുടെ അസിസ്റ്റന്റ് അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത വെബിനാറിനു മോഡറേറ്റർ ആയി. കൊറോണാ വ്യാപനത്തെ തടയുകയും അതിനിരയായവർക്ക് സഹായം എത്തിക്കുകയുമാണ് നമ്മുടെ പ്രഥമ കർത്തവ്യമെന്ന് ഫാ.കെ.എം. ജോർജ് പറഞ്ഞു.

രണ്ടാം ദിനം അഭി. ഡോ. സഖറിയാസ് മാർ അപ്രേം തിരുമേനി സ്വാഗതം ആശംസിച്ചു. കോവിഡ്കാല ആരോഗ്യപരിപാലനത്തെക്കുറിച്ച് പ്രൊഫ. ഡോ. ബി. ഇക്ബാൽ ക്ലാസ് എടുത്തു. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത മോഡറേറ്ററായി. കേരളം പ്രതിസന്ധികളെ ആത്മവിശ്വാസത്തോടെ നേരിടുന്നവരാണെന്ന് ഡോ. ഇക്ബാൽ അഭിപ്രായപ്പെട്ടു. കോവിഡ് ഇതരരോഗങ്ങൾ മൂലം ലോകത്ത് മരിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിക്കുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു. വെബിനാറിന്റെ മൂന്നാം ദിനം അഭി. സഖറിയാസ് മാർ അന്തോണിയോസ് തിരുമേനി പ്രാർത്ഥനക്ക് നേതൃത്വം നൽകി. കൽക്കട്ട ഭദ്രാസനാധിപൻ അഭി. ഡോ. ജോസഫ് മാർ ദീവന്നാസിയോസ് സ്വാഗതം ആശംസിച്ചു. ഏഷ്യ ഡെമോക്രാറ്റിക് നെറ്റ്‌വർക്ക് പ്രസിഡന്റ് ജോൺ സാമുവൽ കോവിഡ്കാല സാമ്പത്തിക ക്രമം എന്ന വിഷയത്തിൽ വെബിനാർ അവതരിപ്പിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ ആഗോള തലത്തിൽ 'പ്രോട്ടക്ഷനിലിസ്റ്റ് നാഷണലിസം' (protectionalist nationalism ) ഉയർന്നുവന്നതായി ജോൺ സാമുവൽ നിരീക്ഷിച്ചു.

കോവിഡ്കാല മാനസിക ആരോഗ്യം: മനസ്സിനെയും വൈറസ് ബാധിക്കുന്നു എന്ന വിഷയത്തിൽ കോട്ടയം മെഡിക്കൽ കോളജ് മാനസിക ആരോഗ്യ വിഭാഗം മേധാവി ഡോ. വർഗീസ് പുന്നൂസ് വെബിനാർ അവതരിപ്പിച്ചു. അഭി. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത സ്വാഗതം പറഞ്ഞു. സഖറിയാ മാർ നിക്കോളാവോസ് മെത്രാപ്പോലീത്ത മോഡറേറ്ററായി. ശരീരവും മനസ്സും ആത്മാവും ചേരുന്ന മനുഷ്യന്റെ സത്തയെ ശരിയായ പരിശീലനത്തിലൂടെ നിയന്ത്രിക്കാൻ സാധിക്കണമെന്ന് ഡോ. വർഗീസ് പുന്നൂസ് ഓർമ്മിപ്പിച്ചു. ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് നന്ദി അറിയിച്ചു.

മലങ്കരസഭ മാസിക
ഔദ്യോഗിക വെബ്സൈറ്റ് ഈ ലിങ്കിൽ ലഭ്യമാണ്.
www.malankarasabhaonline.com
പ്രധാന വാർത്തകൾ, ലേഖനങ്ങൾ, എന്നിവ വായിക്കാം.
ഇംഗ്ലീഷ് ലേഖനങ്ങൾ ഓൺലൈൻ പബ്ലിഷ് ചെയ്യാൻ താൽപര്യമുള്ളവർ രചനകൾ ഇ-മെയിൽ ചെയ്യുക.
malankarasabha1946@gmail.com

വാർഷിക വരിസംഖ്യ: 200
Cont: 9744062726, 9947804477

## അനുമോദനങ്ങൾ



ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CMAI ) ചാപ്ലയിൻസി വിഭാഗത്തിൽ തമിഴ്നാട്-പോണ്ടിച്ചേരി റീജിയണൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട മദ്രാസ് മെഡിക്കൽ ഹോസ്പിറ്റൽ ചാപ്ലയിൻ ഫാ. എബി എം. ചാക്കോ. ചെന്നൈ ഭദ്രാസനത്തിൽ സേവനം അനുഷ്ഠിക്കുന്നു.



കേരള രഞ്ജി ട്രോഫി ക്രിക്കറ്റ് ടീം പരിശീലകനായി മുൻ ഇന്ത്യൻ താരം ടിനു യോഹന്നാനെ തെരഞ്ഞെടുത്തു. കൊച്ചി പാലാരിവട്ടം സെ. ജോർജ് വലിയ പള്ളി ഇടവകാംഗമാണ്.

## അനുശോചിച്ചു

രാജ്യസഭാംഗവും മാതൃഭൂമി ചെയർമാനും മുൻകേന്ദ്രമന്ത്രിയുമായ എം.പി. വീരേന്ദ്രകുമാറിന്റെ നിര്യാണത്തിൽ മലങ്കര ഓർത്തഡോക്സ് സഭ അനുശോചിച്ചു. ജാതിമത ഭേദമെന്യേ സർവ്വരുടെയും ആദരവ് പിടിച്ചു പറ്റിയ പത്രപ്രവർത്തകനും രാഷ്ട്രീയ നേതാവുമായിരുന്നു അദ്ദേഹമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുസ്മരിച്ചു. അനുഭവസമ്പന്നനും പൊതുപ്രവർത്തകനുമായ എം.പി. വീരേന്ദ്രകുമാറിന്റെ നിര്യാണം കേരള സമൂഹത്തിന് തീരാനഷ്ടമാണെന്നും പരിശുദ്ധ കാതോലിക്കാ ബാവാ അനുശോചന സന്ദേശത്തിൽ പറഞ്ഞു.



തിരുവനന്തപുരം ഭദ്രാസനത്തിലെ സീനിയർ വൈദികനും നാലാഞ്ചിറ സെന്റ് മേരീസ് പള്ളിയിൽ കൊപ്പാറഴികത്ത് ഫാ. കെ ജി. വർഗീസ് നിര്യാതനായി. ശവസംസ്കാരം ദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടന്നു. കോവിഡ് പ്രോട്ടോകോൾ പ്രകാരം കുമാരപുരം സെ. തോമസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിലാണ് സംസ്ക്കാരം നടത്തിയത്.
ഭാര്യ: മേരിക്കുട്ടി വർഗീസ്. മക്കൾ: ബിജി, ബിനു.



കോട്ടയം ഭദ്രാസനത്തിലെ സീനിയർ വൈദികൻ വായിത്ര റവ. പി. ജോർജ് കോറെപ്പിസ്ക്കോപ്പ നിര്യാതനായി. പുതുപ്പള്ളി സെ. ജോർജ് വലിയപള്ളി ഇടവകാംഗമാണ്. ഗീവർഗീസ് മാർ കൂറിലോസ്, യൂഹാനോൻ മാർ ദിയസ്ക്കോറോസ്, ജോഷ്വ മാർ നിക്കോദിമോസ് എന്നീ മെത്രാപ്പോലീത്തന്മാർ ശവസംക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭാര്യ: അയിരൂർ മേലേടത്ത് ഏലിയാമ്മ വർഗീസ് (റിട്ട. ടീച്ചർ എം.റ്റി.എച്ച്.എസ്., മതാപ്പാറ അയിരൂർ) മക്കൾ: ജോർജ് ഫിലിപ്പ്, ജോർജ് വർഗീസ്.

## കോതമംഗലം മാർതോമ ചെറിയപള്ളി: കീഴ്ക്കോടതി വിധി സ്റ്റേ ചെയ്തു

കോതമംഗലം മാർതോമ ചെറിയപള്ളിയുടെ ഭരണം സംബന്ധിച്ച് ഫാ. തോമസ് പോൾ റമ്പാൻ സമർപ്പിച്ച അന്യായം കീഴ്ക്കോടതി തള്ളിയതു ഹൈക്കോടതി 3 ആഴ്ചത്തേക്കു സ്റ്റേ ചെയ്തു. 2020 മേയ് 18-ലെ കോതമംഗലം മുൻസിഫ് കോടതി ഉത്തരവിനെതിരെ സമർപ്പിച്ച ഹർജിയിലാണു ഉത്തരവ്. ഫാ. തോമസ് പോൾ റമ്പാനെ പള്ളിവികാരിയായി അംഗീകരിച്ചും അതിൽ തടസ്സമുണ്ടാകുന്നതിൽനിന്നു മറുഭാഗം വൈദികരെയും ട്രസ്റ്റിമാരെയും വിലക്കിയും മുൻസിഫ് കോടതി 2018 ജൂലൈ 21 നു പുറപ്പെടുവിച്ച നിരോധന ഉത്തരവു കോടതി പുനരുജ്ജീവിപ്പിച്ചു.

## വിലക്ക് നിലനിൽക്കില്ല

മലങ്കര സഭയുടെ തൃശൂർ ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് എതിരെയുള്ള പ. പാത്രിയർക്കീസ് ബാവായുടെ നിരോധന കല്പന അസാധുവാണെന്നു ബഹുമാനപ്പെട്ട കേരള ഹൈക്കോടതി. തൃശൂർ മണ്ണൂത്തി അരമനയ്ക്ക് എതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ അടിസ്ഥാനരഹിതം ആണെന്നും 2017 ജൂലൈ 3 ലെ ബഹു. സുപ്രീം കോടതി വിധി തൃശ്ശൂർ ഭദ്രാസന കേസിനും ബാധകമാണെന്നും കോടതി ഉത്തരവിട്ടു. പ. സഭയുടെ മെത്രാപ്പോലീത്തായായി മലങ്കര അസോസിയേഷൻ കൂടി തെരഞ്ഞെടുത്തിട്ടുള്ളതാണ്. അതു പ്രകാരമുള്ള നിയമന കല്പന 2002 മുതൽ നിലവിലുള്ളതുമാണ്.


ആദരാഞ്ജലികൾ



സി.വി. മാത്തിരി
പുലിക്കോട്ടിൽ
(റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ)
പെണ്ടാമുക്ക് മുലേപ്പാട് മാർ ബസേലിയോസ് ഗ്രിഗോറിയോസ്
ഇടവകാംഗം പുലിക്കോട്ടിൽ പി.സി. ജോബിന്റെ ഭാര്യ.
മക്കൾ : ജേക്കബ് ജോബ്, അന്ന ജേക്കബ്, വർഗീസ് ജോബ്, മേരി മാത്യു

we simply creates stunning

**Websites**

**&**

**Mobile Applications**




Websites | E-commerce |
Mobile Apps | Social Media Marketing
| Software Development

AMAEKA.
TECHNOLOGIES

INDIA QATAR UKRAINE U.S.A. U.K.

WWW.AMAEKA.COM

+91 9061 69 8000, +91 9072 57 3033

hello@amaeka.com

Corporate Office: 1st floor, Geo Infopark, Infopark Campus, Kakkanad, Kochi, Kerala.

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2018-20
License No. KL/CR/KTM/WPP-23/2018-20
Licensed to Post Without Pre-Payment

Published on
10 June/2020


# AKSHAYA COLLEGE OF NURSING

**LIGAPURA** Website : www.at-thumkur.ac.in **TUMKUR (BANGALORE)**

AFFILIATED TO INDIAN NURSING COUNCIL, RAJIV GANDHI UNIVERSITY




1. **M.SC. NURSING**
   1 st Year 75,000, II nd Year 75,000
2. **B.SC. NURSING**
   18 th Batch
3. **GENERAL NURSING**
   19 th Batch (3 Years 2,00,000 only)
4. **POST B.SC. NURSING**
   Low Fees Structure,
   Own Examination Centre,
   Providing Study Materials,
   100% Result, Own Hospital

**B.Sc. (N)**

| | |
|---|---|
| I st | 1,00,000 |
| II nd | 1,00,000 |
| III rd | 1,00,000 |
| IV th | 1,00,000 |
| Total | 4,00,000 |

**PC B.Sc. (N)**

| | |
|---|---|
| I st | 60,000 |
| II nd | 60,000 |
| Total | 1,20000 |

## MS.C (N), B.S.C (N) PC B.S.C (N), G.N.M

**(യൂണിഫോം, ഫീസ്, ഭക്ഷണം,ഹോസ്റ്റൽ തുടങ്ങി സകല ചെലവുകളും ഉൾപ്പെടെ)**

- ഒരു ഓർത്തഡോക്സ് മലയാളി മാനേജ്മെന്റ് സ്ഥാപനം
- ഓർത്തഡോക്സ് സഭയുടെ **IKON** ചാരിറ്റിയിൽ നിന്നും സ്കോളർഷിപ്പ് (ജാതി മത ഭേതമില്ലാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നു)
- ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ക്ഷേമ പദ്ധതിയുടെ സ്കോളർഷിപ്പ് സ്കീമിന്റെ ആപ്ലിക്കേഷൻ നല്കുന്നു. (വർഷംതോറും 30,000 രൂപ)
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ മക്കൾക്ക് ഫീസ് ആനുകൂല്യം
- ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 വിദ്യാർത്ഥികൾക്ക് ഈ വിദ്യാഭ്യാസ സഹായം ലഭ്യമാക്കുന്നു.
- 1 രൂപ പോലും മുടക്കാതെ അഡ്മിഷൻ നേടാം
- റാഗിംഗ് ഇല്ലാത്തതും മാതൃകാപരമായി നടത്തുന്നതുമായ വിശ്വസ്ത നേഴ്സിംഗ് കോളജ്
- സ്വന്തമായി ആശുപത്രി • ഡൊണേഷൻ ഇല്ല • ഫീസ് തവണകളായി • ബാങ്ക് ലോൺ സൗകര്യം
- പെൺകുട്ടികൾക്ക് സുരക്ഷിതമായ ഹോസ്റ്റൽ • കോളജ്,സ്കൂൾ, ഹോസ്റ്റൽ ഇവ ഒരേ ക്യാമ്പസിൽ
- പലിശരഹിത വിദ്യാഭ്യാസ വായ്പയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു
- ആത്മീക ആരാധനയ്ക്ക് സൗകര്യം, കുടുംബാന്തരീക്ഷത്തിലുള്ള പഠനം
- പഠനത്തിൽ മികവ് കുറഞ്ഞവർക്ക് പ്രത്യേക ട്യൂഷൻ ► എല്ലാ ഞായറാഴ്ചയും ആരാധനയ്ക്കു പോകുവാൻ സൗകര്യം




**M.K.THOMASKUTTY (PRO) Manappurathu House, Thadiyoor P.O., Thiruvalla**
**Pathanamthitta (Dist.), Kerala Ph: 04692- 655633, Mob: 09388655633**

Chirattoli Offset Printers # 9562619197, 04735 223522


PRINTED AND PUBLISHED BY FR. SHALU LUKOSE, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM, AND PRINTED AT STERLING PRINT HOUSE PVT LTD, NO 49/1849, AIMS PONEKKARA PO, ERNAKULAM - 682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004. EDITOR FR. ZACHARIA NINAN AKA FR. LIJESH C. RAJ